FMPB
# മിത്രസമാചാർ
(for private circulation only)

വാല്യം 15
ലക്കം 7
ജൂലൈ 2025


"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ."
**മത്തായി 16:24**

# ത്യാഗം

**നമ്മുടെ ത്യാഗപരമായ ജീവിതത്തിൽ ഇനിയും അധികം**



# ആമുഖം ...



## ഇരുമ്പിനു പകരം സ്വർണ്ണം നൽകി 1813

പേർഷ്യൻ രാജാവായ ഫെഡറിക് വില്യം മൂന്നാമന്റെ കാലത്തു ചിലവേറിയ യുദ്ധങ്ങൾ കാരണം രാജ്യം സാമ്പത്തീക പ്രതിസന്ധിയിലായി. രാജ്യത്തെ സഹായിക്കുവാനായി പേർഷ്യയിലെ സ്ത്രീകളോടു തങ്ങളുടെ സ്വർണ്ണം, വെള്ളി ആഭരണങ്ങൾ സംഭാവനയായി നൽകുവാൻ ആവശ്യപ്പെട്ടു. 'ഞാൻ ഇരുമ്പിനു പകരം സ്വർണ്ണം നൽകി 1813' എന്ന് ആലേഖനം ചെയ്ത ഇരുമ്പ്, വെങ്കല അലങ്കാരങ്ങൾ പകരമായി നൽകാമെന്ന വാഗ്ദാനം നല്കി. പ്രതികരണം അതിശയിപ്പിക്കുന്നതായിരുന്നു. ഈ സ്ത്രീകൾ തങ്ങൾക്കു രാജാവിൽ നിന്നു ലഭിച്ച സമ്മാനത്തിനു തങ്ങൾ ധരിച്ചിരുന്ന ആഭരണങ്ങളെക്കാൾ മൂല്യതയുണ്ടെന്നു വിലമതിച്ചു എന്നതാണ് പ്രാധാന്യം. പിന്നീട് ഈ സമ്പ്രദായം ജർമ്മനിയിൽ ധീരതയെ ആദരിക്കുന്നതിനായി ഓർഡർ ഓഫ് അയൺ ക്രോസ് എന്ന ബഹുമതിക്കു കാരണമായി. FMPB യുടെ അടുത്ത ധർമ്മചിന്ത 'ത്യാഗം' എന്നതാകുന്നു. (നമ്മുടെ ജീവിതത്തിൽ ദൈവത്തിനു പ്രഥമ സ്ഥാനം നൽകി, രാജ്യത്തെ കർത്താവിനായി നേടുവാൻ എന്തും ത്യജിക്കുവാൻ തയ്യാറാകുക) മത്തായി. 16:24. നമ്മുടെ സംഘടന ഇത്രത്തോളം വളരുവാൻ കാരണം നമ്മുടെ അടിസ്ഥാന തൂണുകളിൽ ഒന്ന് ത്യാഗം ആയതു കൊണ്ടാണ്.

ദൈവത്തിന്റെ വേലക്കായി ധനം, വിദ്യാഭ്യാസം, ജീവിതം തന്നെ ത്യജിക്കുക എന്നത് വിവിധ മതങ്ങളുടെയും ആത്മീക പശ്ചാത്തലങ്ങളുടെയും പൊതുവിഷയമാണ്. ഉന്നത വിളിയോടുള്ള ഭക്തിയെയും ലൗകീക കാര്യങ്ങളെക്കാൾ ഉപരി ആത്മീക മൂല്യങ്ങൾക്കു മുൻഗണന നൽകുവാനുള്ള സന്നദ്ധതയെയും ഇതു സൂചിപ്പിക്കുന്നു. 'ത്യാഗം' എന്ന വാക്ക് FMPB യെ സംബന്ധിച്ചിടത്തോളം പുതുമയുള്ളതല്ല. മിഷനറിമാർക്കു അലവൻസ് കൊടുക്കുവാൻ പണമില്ലാതിരുന്ന നാളിൽ തന്റെ താലി മാല സംഭാവനയായി നൽകിയ നമ്മുടെ ആദ്യ മിഷനറി ശ്രീമതി പത്മ ഹിൽട്ടൺ മുതൽ പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങൾ വരെ സമയം, താലന്തുകൾ, ധനം തുടങ്ങിയവ നൽകി ദാനശീലം തുടരുന്നു. ഇന്ന് നമ്മുടെ വിശ്വാസി ധോണിറാമിനെ (ജാർഖണ്ഡിലെ അമടപാട ആരാധനക്കൂട്ടത്തിലെ ഒരു സന്നദ്ധ സുവിശേഷകൻ) പോലെയുള്ളവർ ഈ മാതൃക പിന്തുടരുന്നു. ഒരു സർക്കാർ ജോലിക്കു വേണ്ടി പ്രാർത്ഥിച്ച്, പോലിസ് സേനയിൽ ഉദ്യോഗം ലഭിച്ചപ്പോൾ തന്റെ പ്രതിജ്ഞ അവൻ നിറവേറ്റി. തന്റെ ആദ്യത്തെ ശമ്പളം ഉപയോഗിച്ച് സ്വന്ത സമുദായത്തിൽ പ്രവർത്തിക്കുന്ന സ്വദേശ സുവിശേഷകനു ഒരു മോട്ടർ സൈക്കിൾ വാങ്ങി നൽകി. അങ്ങനെ സ്വന്ത ജനം സുവിശേഷം ശ്രവിക്കുമാറാകട്ടെ.

ക്രൂശിനു വേണ്ടി അനേകർ തങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, കുടുംബം, ഭവനം, ജീവൻ തന്നെ ഉപേക്ഷിച്ചിട്ടുണ്ട്. എമി കാർ മൈക്കിൾ പറഞ്ഞു, 'കർത്താവിന്റെ ക്രൂശിനെ കുറിച്ചു ചിന്തിക്കുമ്പോൾ ഞാൻ ചെയ്യുന്നതിനെ ത്യാഗമെന്നു എങ്ങനെ വിളിക്കും?' പേർഷ്യൻ സ്ത്രീകൾ തങ്ങളുടെ ദാനത്തെക്കാൾ രാജാവിന്റെ സമ്മാനത്തിന് വിലമതിച്ചതു പോലെ നമുക്കു കാൽവറി ക്രൂശിലൂടെ ലഭിച്ച രക്ഷ, നിത്യജീവൻ, പാപക്ഷമ, ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടുവാനുള്ള ഭാഗ്യം എന്നിവയോടു നമ്മുടെ ത്യാഗത്തെ തുലനം ചെയ്യുവാൻ കഴികയില്ല. ഡോ. എമിൽ ജപസിങ് തന്റെ പാട്ടിൽ നമ്മെ ഓർമ്മപ്പെടുത്തുന്നതു പോലെ 'ക്രിസ്തുവിനായി എല്ലാം ത്യജിച്ചവർ ഒരിക്കലും ദരിദ്രരായി തീർന്നിട്ടില്ല; ദൈവരാജ്യത്തിനായി കഷ്ടം സഹിച്ചവർ ഒരിക്കലും നഷ്ടത്തിലായിട്ടില്ല.' പൗലൊസിനോടു ചേർന്നു നമുക്കും പറയാം, 'ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം എല്ലാം ചേതം എന്നു എണ്ണുന്നു... ക്രിസ്തുവിനെ നേടേണ്ടതിനു ഞാൻ എല്ലാം ചവറു എന്നു എണ്ണുന്നു.' 'തുടക്കം മുതൽ ഒടുക്കം വരെ എന്റെ ജീവിതം ക്രിസ്തുവിനു വേണ്ടിയുള്ളതാണ്. ഞാൻ ആകുന്നതു മുഴുവൻ, എനിക്കുള്ളതു മുഴുവനും ക്രിസ്തുവിനും സുവിശേഷത്തിനും വേണ്ടിയുള്ളതാണ്.'

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"... നീ ചെയ്തിരിക്കുന്നതും നിന്റെ അപ്പനെയും അമ്മയെയും സ്വദേശത്തെയും വിട്ടു, മുമ്പെ അറിയാത്ത ജനത്തിന്റെ അടുക്കൽ വന്നിരിക്കുന്നതുമായ വിവരമൊക്കെയും ഞാൻ കേട്ടിരിക്കുന്നു."

– രൂത്ത്. 2:11

"ഇന്നു ത്യാഗമായി കാണപ്പെടുന്നത് നിങ്ങൾ നടത്തുന്ന ഏറ്റവും വലിയ നിക്ഷേപമാണെന്നു നിങ്ങൾ മനസ്സാലാക്കും "

– ഗോർഡൻ ബി ഹിങ്ക്‌ലി

"തടവുകാരോടു നിങ്ങൾ സഹതാപം കാണിച്ചതല്ലാതെ സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്തു നിങ്ങൾക്കു ഉണ്ട് എന്നറിഞ്ഞു സമ്പത്തുകളുടെ അപഹാരവും സന്തോഷത്തോടെ സഹിച്ചുവല്ലോ."

– എബ്രായർ 10:34

"രക്തം, അദ്ധ്വാനം, കണ്ണീർ, വിയർപ്പ് എന്നിവയല്ലാതെ മറ്റൊന്നും വാഗ്ദാനം ചെയ്യാനില്ല.

– വിൻസ്റ്റൺ ചർച്ചിൽ

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



**പർവ്വതത്തിൽ നിന്ന്**
**ബഹുജനത്തിലേക്ക് –**
**വർദ്ധിക്കുന്നതിനുള്ള ആഹ്വാനം**

*കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും – സങ്കീ.126:5*

### ധ്യാനത്തിന്റെ ആമുഖം: ബലിപീഠങ്ങൾ രാഷ്ട്രത്തിന്റെ കാവടങ്ങളായി മാറുമ്പോൾ

ദൈവത്തിന്റെ ദൗത്യവുമായി ജനം ചേർന്നു നിൽക്കുന്നതിനും ചിന്തിക്കുന്നതിനും വിഭിന്ന ദിശകളിലേക്കു പോകുന്നതിനുമുള്ള ആഹ്വാനം നൽകുന്ന നിമിഷങ്ങൾ സഭാ ജീവിതത്തിൽ ഉണ്ട്. അത്തരത്തിലുള്ള ദിവ്യ ക്ഷണം ലഭിച്ച മാസങ്ങളിൽ ഒന്നാണ് ജൂലൈ. ഇത് അർദ്ധവാർഷീക പരിശോധനയെക്കാൾ അധികമാകുന്നു – ദൈവത്തിന്റെ ഹൃദയത്തുടിപ്പായ ദൗത്യ നിർവഹണത്തിനായി സഭയെ പുനർസമർപ്പണം ചെയ്യുന്ന ആത്മീക കവാടമാകുന്നു.

ഉല്പത്തി മുതൽ വെളിപ്പാട് വരെയുള്ള ദൈവത്തിന്റെ കഥ എല്ലായ്പോഴും ഒരു ദൗത്യകഥയാകുന്നു. ഏദൻ തോട്ടം ഇതിന്റെ ആരംഭമാകുന്നു, എന്നാൽ രാഷ്ട്രങ്ങൾ എപ്പോഴും അതിന്റെ ലക്ഷ്യമായിരുന്നു. ദൈവം അബ്രഹാമിനെ വിളിച്ചപ്പോൾ പറഞ്ഞു, “നിന്നിൽ ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും” (ഉല്പത്തി.12:3). യേശു പുനരുത്ഥാനത്തിന്റെ മഹത്വത്തോടെ ശിഷ്യന്മാരുടെ മുമ്പിൽ നിന്നു അവരോടു തെളിവായി കല്പിച്ചു, “ആകയാൽ നിങ്ങൾ പുറപ്പെട്ടു ... സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ...”(മത്തായി 28:19,20). സമർപ്പണത്തിന്റെ യാഗപീഠം എപ്പോഴും കൊയ്ത്തിന്റെ കവാടം ആകുന്നു.

ദൗത്യ നിർവഹണം കുറച്ചു പേർക്കു വേണ്ടി പരിമിതപ്പെടുത്തിയിട്ടില്ല – അത് വിശ്വാസികളുടെ ഉത്തരവാദിത്വം ആകുന്നു. ദൈവം യോഗ്യതയുള്ളവരെയല്ല വിളിക്കുന്നത്; വിളികേട്ടവരെ യോഗ്യതയുള്ളവരാക്കുകയാണ്. നമ്മുടെ വിശ്വാസത്തിന്റെ അന്തസത്ത വെറും വിശ്വാസം മാത്രമല്ല പിന്നെ പോകുക, അയയ്ക്കുക, പ്രാർത്ഥിക്കുക, കൊടുക്കുക ഇവയെല്ലാം അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ മഹാനിയോഗത്തിൽ എല്ലാ വിശ്വാസികൾക്കും പങ്കാളിത്വമുണ്ട്.

അതുകൊണ്ട് ജൂലൈ വെറും ആചരിക്കുവാനുള്ള മാസമല്ല – ജൂലൈ അനുസരിക്കുവാനുള്ള മാസമാകുന്നു. ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയോടുള്ള നമ്മുടെ സമർപ്പണം പുതുക്കുന്നതിനുള്ള അവസരമാകുന്നു. നമ്മുടെ പ്രസംഗപീഠങ്ങളിൽ നിന്നോ പ്രാർത്ഥന മുറികളിൽ നിന്നോ സ്വീകരണ മുറികളിൽ നിന്നോ നേതൃത്വ മേശകളിൽ നിന്നോ നാം തലയുയർത്തി നോക്കി വിളവെടുപ്പ്

കാണുവാൻ ദൈവം വിളിക്കുന്നു. (യോഹ.4:35). ദൈവം നമ്മുടെ സൗകര്യമല്ല ആവശ്യപ്പെടുന്നത്; നമ്മുടെ സമർപ്പണമാണ് ആവശ്യപ്പെടുന്നത്.

നമ്മുടെ മുമ്പെ കടന്നു പോയവരുടെ ഓർമ്മകളുടെയും നമ്മുടെ മുമ്പലുള്ള ദൗത്യത്തിന്റെയും നടുവിലുള്ള ദിവ്യ മായ കവലയിൽ നാം നിൽക്കു കയാണ്. ഓർമ്മകളുടെ മലയും (പെരിയ മലൈ പോലെയുള്ള) ട്രൈ സിറ്റി പോ ലെയുള്ള ദർശന സമ്മേളനവും ഒറ്റ പ്പെട്ട സംഭവങ്ങളല്ല. സുവിശേഷം നമ്മിലൂടെ നമ്മുടെ അതിരുകൾ ക്കപ്പുറത്തേക്കു പോകണമെന്നുള്ള ദിവ്യമായ വിന്യാസങ്ങളാണ് അവ.

അതുകൊണ്ട് നമ്മുടെ ഹൃദയങ്ങളെ ഈ മാസത്തിൽ ബലിപീഠത്തിൽ പുതു തായി സമർപ്പിക്കാം. ജൂലൈ മാസം 31 ദിവസത്തിൽ കൂടുതലായി മാറട്ടെ – സുവിശേഷം ശ്രവിക്കാത്തവരുടെ മധ്യത്തിൽ സുവിശേഷം അറിയി ക്കുന്നതിനുള്ള ദൃഢനിശ്ചയം ജീവിത കാലം മുഴുവൻ നീണ്ടു നിൽക്കട്ടെ.

## പെരിയമലൈ ദിനം: പൈതൃകത്തെ ആദരിക്കൽ, യാത്ര തുടരൽ

ജൂൺ 9, വിശ്വാസം അഗ്നിയായി പടർന്ന ആ പുണ്യ ഭൂമിയിൽ, ആദ്യകാല മിഷന റിമാർ പാനീയ യാഗമായി തങ്ങളുടെ ജീവിതം ഒഴുക്കിയ മണ്ണിൽ, ഞങ്ങൾ പെരിയമലൈ ദിനം അനുസ്മരിച്ചു. അവരുടെ ത്യാഗം വ്യർത്ഥമായില്ല. ഇന്നത്തെ മഷൻ സംഘടന ശക്തമായി നിലകൊള്ളുന്നതിനുള്ള അടിത്തറയായി അവരുടെ കാൽപ്പാടുകൾ മാറി.

ഈ വർഷത്തെ ആഘോഷം വെറുമൊരു ഓർമ്മപ്പെടുത്തൽ മാത്രമായിരുന്നില്ല. അതൊരു പുനഃപ്രതിജ്ഞയായിരുന്നു. മരുഭൂമിയിൽ അധ്വാനിക്കുകയും രാത്രിയിൽ കരയുകയും കൊടുക്കാറ്റിൽ പ്രാർത്ഥിക്കുകയും ചെയ്തവർ കൊളു ത്തിയ ദീപശിഖ മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള പുനഃസമർപ്പണം. അവരുടെ വിശ്വാസത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ ഈ ചോദ്യം നമ്മോടു ചോദിക്കുവാൻ വെല്ലുവിളി ഉയരുന്നു: നമ്മുടെ തലമുറ എന്തിനെ പ്രതി ഓർമ്മിക്കപ്പെടും?

ഈ മല നമ്മെ ഓർമ്മിപ്പിക്കുന്നു: വിശ്വാസം കയറുന്നു, പ്രാർത്ഥിക്കുന്നു, രക്തമൊലിക്കുന്നു, ഒരിക്കലും തളരുകയില്ല. ഭൂതകാലത്തെ കണ്ണുനീർ ഭാവിയിലെ വിത്തുകൾ നനയ്ക്കട്ടെ.

## പുതിയ കാലത്തിനായി പുതിയ തലമുറ

കൊയ്ത്തിന്റെ യജമാനനോടുള്ള ആഴമായ കൃതജ്ഞതയോടെ ഈ കാലത്തു 32 പുതിയ മിഷന റിമാരെ ലഭിച്ചതിൽ ആനന്ദിക്കുന്നു. ഈ യൗവ്വനക്കാർ വെറും കണക്കുകളല്ല, ദൈവം വിളിച്ചവരും കൃപയാൽ സജ്ജീകരിക്കപ്പെട്ടവരും സഭ അയച്ചവരുമായി ചരിത്രം രചിക്കുന്നവരാണ്.

ഇവർ ഓരോരുത്തരം ദൈവം പ്രാർ ത്ഥന കേൾക്കുന്നതിന്റെ സാക്ഷ്യ മാകുന്നു. ആത്മീക നവോത്ഥാനത്തിന്റെ അടയാളമാകുന്നു. മിഷനറി പ്രസ്ഥാനം തുടർന്നു പോകുമെന്നതിന്റെ പ്രഖ്യാപന മാകുന്നു. ഇവരെ പ്രാർത്ഥനയിൽ ഓർക്കണമെന്നു അഭ്യർത്ഥിക്കുന്നു. ഇവരുടെ തയ്യാറെടുപ്പ് വെറുമൊരു അക്കാഡമിക് പഠനമല്ല – ഇതു ആത്മീക പോരാട്ടമാകുന്നു, വൈകാ രികമായ വലിച്ചു നീട്ടലാകുന്നു, അജ്ഞാ തമായതിനു കീഴടങ്ങലാകുന്നു.

നമുക്കു അവരുടെ പിന്നിൽ ഉറച്ചു നിൽക്കാം. അവരെ വെറുതെ അയയ്ക്കാതെ അവരോടു കൂടെ നടക്കാം.

## ട്രൈ സിറ്റീസ് കുടുംബ സംഗമം - IMA ക്യാമ്പസ്, സെക്കന്തരബാദ്

സെക്കന്തരബാദിലെ IMA ക്യാമ്പസിൽ നടത്തിയ ട്രൈ സിറ്റീസ് കുടുംബ സംഗമം കൃപയുടെയും ദർശനത്തിന്റെയും നവോന്മേഷക കാറ്റാകുന്നു. എല്ലാ ദേശങ്ങളിലും എല്ലാ ഭാഷകളിലുമുള്ള എല്ലാ ജീവിതങ്ങളിലും സുവിശേഷം നിറഞ്ഞു നിൽക്കുന്നതു കാണുവാൻ ആഗ്രഹിച്ചു റീജിയന്റെ വിവിധ ഭാഗങ്ങളിൽ നിന്നു കടന്ന വന്ന പ്രതിനിധികൾ ചേർന്നു പ്രാർത്ഥിക്കുകയും ഏക മനസ്സോടെ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കുക, മിഷനറിമാരെ വളർത്തുക, തിരുവെഴുത്തുകളിൽ വേരൂന്നി അടിയുറച്ചവരും ആത്മാവിനാൽ ജ്വലിക്കുന്നവരുമായ നേതാക്കന്മാരെ ഉരുവാക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടെയുള്ള ദർശനം 2027 നു വേണ്ടിയുള്ള ഏകീകൃത ദർശനത്തെ ഞങ്ങൾ ആഴത്തിൽ അഭിനന്ദിക്കുന്നു. കുടുംബങ്ങൾ പുതിയ ലക്ഷ്യബോധത്തോടെയും തങ്ങളുടെ ഭവനം മിഷന്റെ അഭിവൃദ്ധിക്കു വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മിഷൻ കേന്ദ്രങ്ങളായ ചെറിയ അന്തോക്യകളാക്കുമെന്ന സമർപ്പണത്തോടും കൂടിയാണ് മടങ്ങിയത്.

## അനുസ്മരണം: സഹോദരൻ പാട്രിക് യോശുവായുടെ അഞ്ചാം വാർഷീകം (ജൂൺ 17)

അചഞ്ചലമായ ധൈര്യത്തോടും ദൈവീക പരിജ്ഞാനത്തോടും അക്ഷീണമായ തീഷ്ണതയോടും കൂടി വിശ്വസ്തതയോടെ മിഷനെ രൂപപ്പെടുത്തുകയും നയിക്കുകയും ചെയ്ത മുൻ ജനറൽ സെക്രട്ടറി നമ്മുടെ പ്രായപ്പെട്ട സഹോദരൻ പാട്രീക് യോശുവായുടെ അഞ്ചാം ചരമ വാർഷീകമാണ് ഈ വർഷം. ജൂൺ 17 ന് ഒരു നേതാവിനെ മാത്രമല്ല കുരിശ് ചുമക്കുവാനും ക്രിസ്തുവിനെ അനുഗമിച്ചു സുവിശേഷം എത്താത്തയിടങ്ങളിലേക്കു പോകുവാൻ ആയിരങ്ങൾക്കു പ്രചോദനം നൽകിയ ഒരു ആത്മീക പിതാവിനെയാണ് സ്മരിച്ചത്.

ദൈവത്തിന്റെ വിളിയോടുള്ള ത്യാഗപൂർണ്ണമായ അനുസരണത്തിന്റെ ജീവനുള്ള സാക്ഷ്യമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹത്തിന്റെ പൈതൃകം പൂർത്തീയകാത്ത കർത്തവ്യങ്ങളിലേക്കു അനേകരുടെ ഹൃദയങ്ങളെ ഉത്തേജിപ്പിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഓർമ്മകളെ ആദരിക്കാൻ നമുക്ക് അല്പം നിൽക്കാം. അദ്ദേഹം വിട്ടിട്ടു പോയ പുതപ്പ് എടുത്തു കൊണ്ട് നമ്മുടെ മുമ്പിലുള്ള ഓട്ടം സ്ഥിരതയോടെ ഓടിത്തീർക്കാം. അദ്ദേഹത്തിന്റെ ശബ്ദം ഇപ്പോഴും പ്രതിധ്വനിക്കുന്നു, “എല്ലാവരും കേൾക്കുന്നതുവരെ മുമ്പോട്ടു പോകൂ”

അദ്ദേഹത്തിന്റെ സ്മരണയുടെ നിഴലിൽ ജീവിക്കുവാനല്ല, പിന്നയോ അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ പ്രകാശത്തിൽ ജീവിക്കുവാൻ നമ്മെ സമർപ്പിക്കാം.

## ജൂലൈ: മിഷൻ മൊബലൈസേഷന്റെ മാസം

ഈ മാസം മിഷൻ മൊബലൈസേഷനു വേണ്ടി നമുക്കു മനപൂർവ്വം ശ്രദ്ധ കേന്ദ്രീകരിക്കാം. ജൂലൈ നിഷ്ക്രീയമല്ല; അതു പ്രവചനാത്മകമാണ്. അത് നമ്മെ ക്ഷണിക്കുന്നു:

- ദിനം തോറും മിഷനറിമാരുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുക.
- നിങ്ങളുടെ ഭവനത്തിലോ സഭയിലേ പ്രദേശത്തോ ഒരു പ്രാർത്ഥനക്കൂട്ടം പുതുതായി ആരംഭിക്കുക.

- ത്യാഗപൂർവ്വം സംഭാവന നൽകുക – ഒരു മിഷനറി കുടുംബത്തെ സ്പോൺസർ ചെയ്യുന്നതു പരിഗണിക്കുക.
- പൂർണ്ണ സമയ മിഷനറിമാരായി പോകുവാൻ പുതു തലമുറയെ ഉത്സാഹിപ്പിക്കുക, ക്ഷണിക്കുക.
- പൂർത്തീകരിക്കാത്ത കർത്തവ്യത്തെ കുറിച്ചു നിങ്ങളുടെ സഭയെ പഠിപ്പിക്കുക, പ്രസംഗിക്കുക.

ദൈവത്തിന്റെ ദൗത്യ നിർവഹണത്തിൽ കാഴ്ചക്കാരായി നിൽക്കാതെ നമുക്കു പങ്കാളികളായി തീരാം. യെശയ്യാവ് പ്രതികരിച്ചതു പോലെ നമുക്കു പറയാം. ''അടിയൻ ഇതാ, അടിയനെ അയക്കണമേ!". ഈ ആഹ്വാനം പ്രതിധ്വനിപ്പിക്കുക മാത്രം ചെയ്യാതെ അത് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാം.

## പവിത്രമായ സ്മരണയിൽ നിന്നും മുന്നേറ്റ പ്രസ്ഥാനത്തിലേക്ക്

ദൈവം നമ്മുടെയിടയിൽ ചെയ്യുന്ന കാര്യങ്ങളിൽ നാം ആഴമായി സ്പർശിക്കപ്പെട്ടിരിക്കുന്നു. പെരിയമലയിൽ നമ്മുടെ ആദ്യകാല പ്രവർത്തകരുടെ കണ്ണുനീർ വറ്റി വ്യർത്ഥമായി പോയില്ല. കാറ്റിലെ മർമ്മരമായി തീർന്ന പ്രാർത്ഥനകൾ വലിയ വിളവെടുപ്പുമായി തിരികെ വന്നു. 32 പുതിയ മിഷനറി സ്ഥാനാർത്ഥികൾ ശുശ്രൂഷയിൽ വെറുതെ ചേർന്നവരല്ല, മറിച്ച് ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ എഴുതിയ ക്രിസ്തുവിന്റെ ജീവനുള്ള അക്ഷരങ്ങളായി മാറുകയാണ് (2 കൊരി.3:3).

ട്രൈ സിറ്റിസ് സമ്മേളനം കുടുംബങ്ങൾക്കു ആതിഥേയത്വം വഹിക്കുക മാത്രമല്ല ചെയ്തത്, അത് ദർശന വാഹകരെയും പ്രാർത്ഥന പോരാളികളെയും മിഷൻ ഉത്തേജകരെയും സൃഷ്ടിച്ചു. ഇപ്പോൾ ജൂലൈ നമ്മുടെ കൂട്ടായ വഴിത്തിരിവായി നിലകൊള്ളുന്നു. ഇതിൽ നാം സംതൃപ്തരാണോ? അതോ നാം ദൗത്യ നിയോഗത്തിലേക്കു കടക്കുമോ?

പാവന സ്മരണയെ നമുക്കു ദൗത്യ നിർവഹണത്തിന്റെ ആക്കമാക്കി മാറ്റാം. നമ്മുടെ കൃതജ്ഞത നമ്മുടെ യാത്രയായി മാറട്ടെ, നമ്മുടെ പ്രാർത്ഥന നമ്മുടെ പ്രചോദനമായി മാറട്ടെ, നമ്മുടെ ദാനം സുവിശേഷത്തിനായുള്ള നമ്മുടെ നിക്ഷേപമായി തീരട്ടെ.

സഭകൾ നിഷ്ക്രീയ കാഴ്ചക്കാരായിട്ടല്ല, മറിച്ച് ആവേശ ഭരിതരായ പങ്കാളികളായി ഏഴുന്നേൽക്കേണ്ട സമയമാണിത്. കുടുംബങ്ങൾ പ്രാർത്ഥന കേന്ദ്രങ്ങളായി തീരട്ടെ, യുവജനങ്ങൾ മിഷനറി സ്ഥാനാർത്ഥികളായി എഴുന്നേൽക്കട്ടെ, നേതാക്കന്മാർ ദർശനം പ്രകടിപ്പിക്കുന്നവരായല്ല അതിൽ ജീവിക്കുന്നവരാകട്ടെ. നമുക്കെല്ലാവർക്കും ചേർന്നു നിൽക്കാം.

"സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും, പിന്നെ യവനനും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ" (റോമർ.1:16).


*പേരിയമലയിൽ നിന്നു പ്രതിധ്വനി ഉയരുന്നു: "വീണ്ടും പോകുക"*

*ജൂലൈയിലെ ബലിപീഠം നമ്മെ ക്ഷണിക്കുന്നു: "പുതുതായി സമർപ്പിക്കുക."*

*കർത്താവിന്റെ ശബ്ദം ഇപ്പോഴും മുഴങ്ങുന്നു: ആരെ ഞാൻ അയക്കേണ്ടു?*

ഇപ്പോഴും എപ്പോഴും നമ്മുടെ ഉത്തരം ഇതായിരിക്കട്ടെ: **അടിയൻ ഇതാ അടിയനെ അയയ്ക്കണമേ!**

കർത്താവിന്റെ വേലയിൽ നിങ്ങളുടെ



റവ. വിജയ് പ്രസന്ന ഐസക്



# നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?

**യോഹ. 21:15**

ഈ വിഷയം മനസ്സിലാക്കുവാൻ 21 -ാം അദ്ധ്യായം മുഴുവനായി വായിക്കണം. കർത്താവാണ് ഈ ചോദ്യം ചോദിക്കുന്നത്. ചോദ്യങ്ങൾ ചോദിക്കാതെ നമുക്കു ഫലപ്രദമായി സംസാരിക്കുവാനോ എഴുതുവാനോ പ്രസംഗിക്കുവാനോ കഴികയില്ല. ചോദ്യങ്ങൾക്കു ഏറെ പ്രാധാന്യതയുണ്ട്. ഒരിക്കൽ ഞാൻ ഒരു പുസ്തകം വായിച്ചു, അതിന്റെ ഒരു വശത്ത് കർത്താവ് ചോദിച്ച ചോദ്യങ്ങളും മറുവശത്ത് മനുഷ്യരുടെ ചോദ്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ നമ്മൾ കർത്താവ് ചോദിച്ച ചോദ്യങ്ങളിൽ ഒന്നിനെക്കുറിച്ചു ചിന്തിക്കുവാൻ പോകയാണ്.

ഉല്പത്തി 3:9 ൽ കർത്താവ് ചോദിച്ചു, **"ആദമെ നീ എവിടെ?"** 1 രാജക്കന്മാർ 19:9 ൽ ഏലിയാവിനോടു ദൈവം ചോദിച്ചു, **"ഏലിയാവേ, ഇവിടെ നിനക്കു എന്തു കാര്യം?"** യോനാ 1:8 ൽ കപ്പലിൽ ഉള്ളവർ യോനയോടു ചോദിച്ചു, **"നിന്റെ തൊഴിൽ എന്തു? നീ എവിടെ നിന്നു വരുന്നു? നിന്റെ നാട് ഏത്? നീ ഏതു ജാതിക്കാരൻ?"** ഇത്തരത്തിൽ പ്രാധാന്യമുള്ള ധാരാളം ചോദ്യങ്ങൾ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു.

യോഹന്നാൻ 21 സുപ്രധാന അദ്ധ്യായം ആകുന്നു. ഇതിനു നാം ഒരു തലവാചകം നൽകുകയാണെങ്കിൽ അത് ഇപ്രകാരം ആയിരിക്കും **"പുനഃസ്ഥാപനത്തിന്റെ അദ്ധ്യായം".** യോഹന്നാൻ 21:1–14 കർത്താവ് തന്റെ ശിഷ്യന്മാരോടുകൂടെ ഭക്ഷണം കഴിക്കുന്നു. കർത്താവിന്റെ പുനരുത്ഥാന സന്ദേശം ശ്രവിച്ച ശിഷ്യന്മാർ വീണ്ടും മീൻ പിടിക്കുവാൻ പോയത് എന്തിനാണെന്നു വിശദീകരിക്കുന്നതാണ് ഈ അദ്ധ്യായം എന്ന് ചില വേദപുസ്തക വ്യാഖ്യാതക്കൾ പറയുന്നു. ശിഷ്യന്മാർ പിന്മാറ്റത്തിലായതാണെന്നു ചിലർ വ്യാഖ്യാനിക്കുന്നു. എന്നാൽ ഞാൻ വിശ്വസിക്കുന്നത് ശിഷ്യന്മാർ കർത്താവിനെ അനുസരിക്കുക മാത്രമാണ് ചെയ്തത് എന്നാണ്. **"യേശു അവരോടു: ഭയപ്പെടേണ്ട; നിങ്ങൾ പോയി എന്റെ സഹോദരന്മാരോടു ഗലീലെക്കു പോകുവാൻ പറവീൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു."** (മത്തായി.28:10).

പ്രത്യേകിച്ചു മത്സ്യത്തൊഴിലാളികൾ അവർ ധൈര്യശാലികളും സ്ഥിരോത്സാഹികളും ഒരിക്കലും തളരാത്തവരും ആകുന്നു. വിനോദത്തിനായി മീൻ പിടിക്കുവാൻ പോകുന്നവരാണ് പകൽ സമയത്തു മീൻ പിടിക്കുവാൻ പോകുന്നത്. നിങ്ങൾ പകൽ സമയത്തു വല വീശിയാൽ മീനുകൾ അതു കാണുകയും

അവ നീന്തി രക്ഷപ്പെടുകയും ചെയ്യും. അതുകൊണ്ടാണ് വേദപുസ്തക പണ്ഡിതനായ വില്യം ബാർക്ലെ അവർ രാത്രിയിൽ മീൻപിടിച്ചു എന്നു പറയുന്നത്. കർത്താവിന്റെ ശിഷ്യന്മാരിൽ ഭൂരിപക്ഷവും മത്സ്യത്തൊഴിലാളികൾ ആയിരുന്നു. അതിനാൽ സ്വഭാവികമായും അവർ മിൻ പിടിക്കുവാൻ പോയി. നല്ല കഴിവുകൾ ഉണ്ടായിരുന്നിട്ടും ആ രാത്രിയിൽ അവർക്കു ഒന്നും കിട്ടിയില്ല.

അവർ തീരത്തു നിൽക്കുമ്പോൾ കർത്താവ് ശിഷ്യന്മാരോടു, **"കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ"** എന്നു ചോദിച്ചു. **"ഇല്ല"** എന്നു അവർ ഉത്തരം പറഞ്ഞു. **"പടകിന്റെ വലത്തു ഭാഗത്തു വല വീശുവിൻ എന്നാൽ നിങ്ങൾക്കു കിട്ടും"** എന്നു യേശു അവരോടു പറഞ്ഞു. മൂന്നു പോയിന്റിലൂടെ ഈ ഭാഗം ഞാൻ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു.

**1. കർത്താവ്, പത്രൊസിനെ തന്റെ വിളി ഓർമ്മിപ്പിച്ചു:** കർത്താവ് പത്രൊസിനെ തന്റെ ആദ്യ വിളിയെ ഓർമ്മപ്പെടുത്തി. ലൂക്കൊസ് അഞ്ചിൽ അവർ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. പിന്നെ കർത്താവ് പത്രോസിന്റെ പടകിൽ കയറി അവനോടു പടകു കരയിൽ നിന്നു അല്പം നീക്കുവാൻ ആവശ്യപ്പെട്ടു. ആ പടകിൽ നിന്നു കൊണ്ടു കർത്താവ് പുരുഷാകരത്തെ ഉപദേശിച്ചു. പ്രസംഗിച്ചു തീർന്നപ്പോൾ കർത്താവ് പത്രോസിനോടു ആഴത്തിലേക്കു നീക്കി മിൻ പിടുത്തത്തിനു വല ഇറക്കുവാൻ ആവശ്യപ്പെട്ടു. ആ സമയം അവർക്കു പെരുത്ത മീൻകൂട്ടം വലയിൽ അകപ്പെട്ടു വല കീറാറായി. അതുപോലെ കർത്താവ് യോഹന്നാൻ 21 ൽ യേശു പടകിന്റെ വലതു ഭാഗത്തു വല ഇറക്കുവാൻ ആവശ്യപ്പെട്ടു. വീണ്ടും വലക്കു താങ്ങാവുന്നതിൽ അധികം മീൻ കിട്ടി. കർത്താവ് പത്രോസിനെ തന്റെ വിളിയെ ഓർമ്മപ്പെടുത്തുന്നു.

പ്രീയപ്പെട്ട സഹോദരാ, സഹോദരീ! ദൈവം നിങ്ങൾക്കു ഒരു വിളി നൽകിയിട്ടുണ്ട്. നിങ്ങളിൽ ചിലർ ആ വിളി മറന്നു പോയിരിക്കാം. മറ്റു ചിലർ ഈ വിളിയെ അവഗണിച്ചിരിക്കാം. ഈ സന്ദേശത്തിലൂടെ പരിശുദ്ധാത്മാവ് നിങ്ങളുടെ വിളിയെ, നിങ്ങളുടെ ഉത്തരവാദിത്വത്തെ, ദൈവം നിങ്ങളിൽ ഭരമേല്പിച്ച ദൗത്യത്തെ ഓർമ്മപ്പെടുത്തുന്നു. നിങ്ങളെ വിളിച്ചവൻ മാറ്റമില്ലാത്തവൻ ആകുന്നു. അവന്റെ ഉദ്ദേശവും പദ്ധതിയും സന്ദേശവും ശക്തിയും മാറ്റമില്ലാതെ അതുപോലെ നിലനിൽക്കുന്നു. എന്നിരുന്നാലും നമ്മൾ ഉപയോഗിക്കുന്ന ശൈലികളിൽ മാറ്റം വന്നേക്കാം. ഒരു കാലത്ത് ഇരുമ്പ് കാഹളം പോലെയുള്ള ഉച്ചഭാഷണികൾ പ്രസംഗിക്കുവാനായി ഉപയോഗിച്ചു. ഇന്നു നാം വിവിധ മാധ്യമ പ്ലാറ്റ് ഫോമുകൾ ഉപയോഗിക്കുന്നു. ആയുധങ്ങൾ മാറിയേക്കാം എന്നാൽ നമ്മുടെ വിളി നിലനിൽക്കുന്നു.

യേശുകർത്താവ് യോഹന്നാൻ 21 ൽ പത്രോസിനെ ഓർമ്മപ്പെടുത്തിയതു പോലെ ഞാൻ നിങ്ങളോടു ചോദിക്കുകയാണ്. പ്രീയ ദൈവ പൈതലേ **നിങ്ങൾ നിങ്ങളുടെ വിളി മറന്നു പോയോ?** ഇന്ന് ദൈവം തന്റെ വചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**2. പത്രോസിന്റെ പരാജയത്തിന്റെ കാരണം:** പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു. ഒരു പ്രാവശ്യമല്ല മൂന്നു പ്രവാശ്യം ആണകളാലും ശാപവാക്കുകളാലും യേശുവിനെ തള്ളിപ്പറഞ്ഞു. യേശു **"യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ"** എന്ന ചോദ്യം മൂന്നു പ്രവാശ്യം ആവർത്തിച്ച് പത്രോസിന്റെ മുന്നു പ്രാവശ്യത്തെ തള്ളിപ്പറയൽ ഓർമ്മപ്പെടുത്തി.

പ്രീയപ്പെട്ട സഹോദരി സഹോദരന്മാരേ! എന്തു കൊണ്ടാണ് ജനങ്ങൾക്കു വീഴ്ച സംഭവിക്കുന്നത്? അനേകർ സാത്താനെ,

അല്ലെങ്കിൽ സാഹചര്യങ്ങളെ പഴിചാരും. എന്നാൽ പലപ്പോഴും നാം തന്നെയാണ് നമ്മുടെ വീഴ്ചകൾക്കു കാരണം.

**പത്രോസിന്റെ വീഴ്ചയുടെ കാരണം എന്താകുന്നു?**

പത്രോസ് എഴുതപ്പെട്ട വചനം വിശ്വസിച്ചില്ല. യേശു മുന്നറിപ്പ് നൽകി **"... ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും എന്നു എഴുതിയിരിക്കുന്നവല്ലോ"**(മത്തായി. 26:31). എന്നാൽ പത്രോസ് ധൈര്യപൂർവ്വം പ്രഖ്യാപിച്ചു: **"നിന്നോടു കൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല"** (മത്തായി.26:35). അവൻ എഴുതപ്പെട്ട വചനത്തിൽ വിശ്വസിച്ചില്ല. ഇന്നും അനവധി ആളുകൾ എഴുതപ്പെട്ട വചനത്തിൽ വിശ്വസിക്കുന്നില്ല. വേദപുസ്തകം ജ്ഞാനത്തിന്റെ മായമില്ലാത്ത പാൽ ആകുന്നു (1 പത്രോസ് 2:2-3). **നിങ്ങൾ ആത്മീകമായി വളരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കർത്താവിനെ കൂടുതലായി സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ വേദപുസ്തകം ജാഗ്രതയോടെ പഠിക്കണം.** ദിനം തോറും തിരുവചനത്തിലെ രണ്ട് അദ്ധ്യായങ്ങൾ വായിക്കുന്നതിലൂടെയാണ് എനിക്കു കർത്താവിനോടുള്ള സ്നേഹവും തിരുവചനത്തിൽ നിന്നുള്ള ബലവും ജ്ഞാനവും വർദ്ധിച്ചതെന്നത് എന്റെ സാക്ഷ്യമാകുന്നു.

പത്രോസ് കർത്താവിന്റെ പ്രവചന വചനം വിശ്വസിച്ചില്ല. മത്തായി 26:34 ൽ യേശു അവനോടു പറഞ്ഞു: **"ഈ രാത്രിയിൽ കോഴി കൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും"** ഇന്ന് പ്രവചനവരങ്ങൾ നിഷേധിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. മറ്റു ചിലർ എഴുതപ്പെട്ട വചനത്തെക്കാൾ അധികം പ്രവചനത്തിനു അമിത പ്രാധാന്യം നൽകുന്നു. **യേശു സത്യ പ്രവാചകൻ ആകുന്നു എന്നത് നാം ഓർക്കേണ്ടതാണ്. അവൻ പറയുന്നതെല്ലാം ജീവിതത്തിൽ സംഭവിക്കും.**

**പത്രോസിന്റെ അമിതമായ ആത്മവിശ്വാസം:** മൂന്നു വിധ ആത്മവിശ്വാസങ്ങൾ ഉണ്ട്: **ആത്മവിശ്വാസം, അമിത ആത്മവിശ്വാസം, ക്രിസ്തു കേന്ദ്രീകൃതമായ ആത്മവിശ്വാസം.** പത്രോസിന്റെ വാക്കുകൾ - എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല - കർത്താവിൽ ആശ്രയിക്കുന്നതിനു പകരം അവനിലുള്ള അമിത ആത്മവിശ്വാസമാണ് ഇതു വ്യക്തമാക്കുന്നത്.

**അവൻ മറ്റുള്ളവരുമായി തന്നെ താരതമ്യപ്പെടുത്തുന്നു** (മത്തായി.26:33). മറ്റുള്ളവർ തള്ളിപ്പറയുമായിരിക്കും എന്നാൽ ഞാൻ തള്ളിപ്പറകയില്ല. അനവധി തവണ മറ്റുള്ളവരെ കുറിച്ചുള്ള നമ്മുടെ കണക്കുകൂട്ടലുകൾ തെറ്റായിരിക്കും. പൗലൊസിനു പോലും ഇപ്രകാരമുള്ള തെറ്റു പറ്റിയിട്ടുണ്ട്. പൗലൊസ് തന്റെ മിഷനറിയാത്രയിൽ മർക്കൊസിനെ കൂടെ കൂട്ടുവാൻ തയ്യാറായില്ല കാരണം ഒരിക്കൽ മർക്കൊസ് അവരെ ഉപേക്ഷിച്ചു പോയതാണ്. (പ്രവൃ.15:38-39). എന്നാൽ പിന്നീട് പൗലൊസ് മർക്കൊസിന്റെ വില തിരിച്ചറിഞ്ഞു. (കൊലൊ. 4:10, 2.തിമൊ. 4:11)

**3. കർത്താവ് പത്രോസിനെ ധൈര്യപ്പെടുത്തുന്നു:** ലൂക്കൊസ് 22:31-32 ൽ കർത്താവ് പറഞ്ഞു, **"ശീമോനേ, ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പു പോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കു വേണ്ടി അപേക്ഷിച്ചു: എന്നാൽ ഒരു സമയം തിരിഞ്ഞു വന്ന ശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊൾക."** പത്രോസിന്റെ വീഴ്ചയെക്കുറിച്ചു കർത്താവ് മുൻകൂട്ടിയറിഞ്ഞ് അവന്റെ പുനഃസ്ഥാപനത്തിനായി പ്രാർത്ഥിച്ചു.

പ്രീയ സ്നേഹിതരെ, നമ്മുടെ ജീവിതത്തെ മുഴുവനായി അറിയുന്നതു കർത്താവ് മാത്രമാണ്. നമ്മുടെ ആരംഭവും നമ്മുടെ അവസാനവും അതിനിടയിലുള്ളതു മുഴവനും കർത്താവിനറിയാം. കർത്താവ് പത്രോസിനു അവന്റെ വീഴ്ചയുടെ കാരണങ്ങളെ വെളിപ്പെടുത്തുന്നതിനൊപ്പം അവനെ യഥാസ്ഥാനപ്പെടുത്തുമെന്നതിനുള്ള ഉറപ്പും നൽകുന്നു.

പ്രലോഭനവും വീഴ്ചയും പലപ്പോഴും സാത്താനിൽ നിന്നു വരുന്നു. **എന്നാൽ ദൈവം അനുവദിക്കാതെ സാത്താനു നമ്മെ തൊടുവാൻ കഴികയില്ല.** 2കൊരിന്ത്യർ 12:7 ൽ പൗലൊസ് തനിക്കു ജഡത്തിൽ ഒരു ശൂലം ഉള്ളതിനെക്കുറിച്ചു പറയുന്നു, നിഗളിച്ചു പോകാതിരിക്കുവാൻ പൗലൊസിനെ കുത്തുവാൻ സാത്താന്റെ ദൂതനെ ദൈവം അനുവദിച്ചിരിക്കുന്നു. അതു വേദനയായാലും, പ്രലോഭനമായാലും പരീക്ഷകളായാലും അതെല്ലാം ദൈവത്തിന്റെ ലക്ഷ്യത്തിനായി ദൈവം അനുവദിക്കുന്നു.

എന്നാൽ ഇതാ ഇവിടെ ഉറപ്പുണ്ട്:

- **പത്രോസിന്റെ വീഴ്ചയെ കുറിച്ചു കർത്താവ് പ്രവചിച്ചു**
- **അതു സംഭവിക്കുന്നതിനു മുമ്പ് കർത്താവ് അവനു വേണ്ടി പ്രാർത്ഥിച്ചു.**
- **പത്രോസ് യഥാസ്ഥാപനമെടുമെന്നും മറ്റുള്ളവരെ ധൈര്യപ്പെടുത്തുമെന്നും യേശു ഉറപ്പ് നൽകി.**

നീ വീഴുന്നതിനു മുമ്പ് കർത്താവ് നിന്നെ **യഥാസ്ഥാനപ്പെടുത്തും** മറ്റുളളവരെ ധൈര്യപ്പെടുത്തുവാൻ നിന്നെ ഉപയോഗിക്കും.

പ്രീയപ്പെട്ട സഹോദരീ സഹോദരന്മാരേ! ദൈവം എല്ലായ്പോഴും നാം വീഴുന്നതിനു മുമ്പെ തിരുവചനത്തിലൂടെ, മൂപ്പന്മാരിലൂടെ, ദൈവദാസന്മാരീലൂടെ, മാതാപിതാക്കളിലൂടെ, സ്നേഹിതരിലൂടെ, സാഹചര്യത്തിലൂടെ നമുക്കു മുന്നറിയിപ്പ് നൽകുന്നു. അവന്റെ മുന്നറിയിപ്പിനെ നാം അവഗണിച്ചാൽ നാം നാശത്തിലേക്കു പോകും. **നമ്മുടെ ഉള്ളിലെ പാപപ്രകൃതി ബാഹ്യപ്രലോഭനവുമായി ചേരുമ്പോഴാണ് പാപത്തെ ഗർഭം ധരിക്കുന്നത്.** (യാക്കോ.1:14-15).

പത്രോസിനു കർത്താവ് നൽകുന്ന ഉറപ്പ് എന്താകുന്നു? **"... എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക."** (ലൂക്കോസ്22:32). നിങ്ങൾ വീണു പോയാലും **കർത്താവ് നിങ്ങളെ പുനഃസ്ഥാപിക്കും, നിങ്ങളെ സൗഖ്യമാക്കും. മറ്റുള്ളവരെ ധൈര്യപ്പെടുത്തുവാൻ നിങ്ങളെ ഉപയോഗിക്കും.** മർക്കൊ. 14:28 ൽ യേശു അവർക്കു നൽകിയ വാഗ്ദത്തം **"എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുമ്പെ ഗലീലക്കു പോകും"**

**ഉപസംഹാരം:** പ്രീയ സ്നേഹിതരേ! കർത്താവിന്റെ ചോദ്യം ഇന്നും നിലനിൽക്കുന്നു **''ഇവയിൽ അധികമായി നി എന്നെ സ്നേഹിക്കുന്നുവോ?"**

മൂന്നു സത്യങ്ങൾ നാം ഓർക്കണം:

- **ദൈവം നമ്മുടെ വിളിയെ ഓർമ്മപ്പെടുത്തുന്നു.**
- **നമ്മുടെ വീഴ്ചക്കുള്ള കാരണങ്ങൾ ദൈവം നമ്മെ പഠിപ്പിക്കുന്നു.**
- **നാം പുനഃസ്ഥാപിക്കപ്പെട്ടതിനു ശേഷം മറ്റുള്ളവരെ ധൈര്യപ്പെടുത്തുന്നവരാകുമെന്നു ദൈവം നമുക്കു ഉറപ്പു നൽകുന്നു.**

ഈ സന്ദേശം നമ്മുടെ ഹൃദയങ്ങളിൽ നിലനിൽക്കുമാറാകട്ടെ.

**സുവിശേഷക സൂസി പ്രഭാകരദാസ്**
(2025 ലെ തമിഴ്നാട് സംസ്ഥാന ക്യാമ്പിൽ നൽകിയ സന്ദേശം)

# ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ്



## തമിഴ്നാട് വാർഷീക സമ്മേളനം

**ഡാനീഷ്പേട്**







വർഷങ്ങളായി ഡാനീഷ്പേട്ടിലെ ബഥേലിൽ നടത്തുന്ന FMPB യുടെ വാർഷീക സമ്മേളനം ആയിരകണക്കിനാളുകളുടെ ജീവിതങ്ങളെ സ്പർശിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒരു നാഴികകല്ലാകുന്നു. ആയിരക്കണക്കിനു യൗവ്വനക്കാർ, കൗമാരക്കാർ, യുവദമ്പതികൾ, കുടുംബങ്ങൾ ഇവിടെ ഒത്തു കൂടി ധൈര്യപൂർവ്വം കർത്താവിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിക്കുകയും FMPB എന്ന മുന്നേറ്റ പ്രസ്ഥാനത്തെ സഹായിക്കുന്നതിനും ഉറച്ച തീരുമാനം എടുക്കുന്നു. ഇവിടെ നടത്തുന്ന സായഹ്ന യോഗവും ധ്യാനങ്ങളും ചരിത്രപരമായും തന്ത്രപരമായും എല്ലായ്പോഴും പ്രാധാന്യതയുള്ളതാണ്.

2025 മെയ് 15 മുതൽ 18 വരെ ഡാനീഷ്പേട്ടിലെ ബഥേലിൽ നടത്തിയ തമിഴ്നാട് സംസ്ഥാന സമ്മേളനത്തിൽ ദൈവം ചെയ്ത അത്ഭുതകരമായ കാര്യങ്ങൾക്കായ് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ഈ സമ്മേളനത്തിൽ 2875 പേർ പങ്കെടുത്തു (1675 മുതിർന്നവരും 352 യൗവ്വനക്കാരും 546 കൗമാരക്കാരും 301 കുട്ടികളും സംബന്ധിച്ചു). ഈ സമ്മേളനം ഏറെ അനുഗ്രഹകരമായിരുന്നു. ദൈവത്തിന്റെ ആത്മാവിന്റെ വ്യാപാരം പ്രകടമായിരുന്നു. രാത്രികാലങ്ങളിൽ സമൃദ്ധമായ മഴ നൽകി ദൈവം കടന്നു വന്നവരെ ആശീർവദിച്ചു. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറാർ എന്നിവർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

ബഥേൽ എന്നത് ഒരു എബ്രായ പദമാണ് അതിന്റെ അർത്ഥം "ദൈവത്തിന്റെ ഭവനം" എന്നാകുന്നു. കിഴക്കൻ മലനിരകളുടെ അതിരായ സെർവരായൻ കുന്നുകളുടെ താഴ്വരയോടു ചേർന്നു കിടക്കുന്നതാണ് ബഥേൽ ക്യാമ്പസ്.





പച്ചപ്പു നിറഞ്ഞ പുൽമേടുകൾ, ഉയർന്നു നിൽക്കുന്ന മരങ്ങൾ, ഇടതൂർന്ന വനം, ശക്തമായ മലനിരകൾ എന്നിങ്ങനെയുള്ള മനോഹരമായ കാഴ്ചകളാൽ അഭിമാനിക്കുന്ന സെർവരായൻ കുന്നുകൾ പ്രകൃതിയുടെ സമൃദ്ധമായ സൗന്ദര്യം സമ്മാനിക്കുന്നു. ഈ മനോഹര സ്ഥലത്തിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ബഥേലിൽ കാണുന്ന ഏറ്റവും മനോഹര പക്ഷികളിൽ ഒന്നായ മയിലിന്റെ സൗന്ദര്യത്തിൽ ഞാനും എന്റെ ഭാര്യയും മയങ്ങിപ്പോയി. ദൈവത്തിന്റെ സൃഷ്ടിയുടെ ഭംഗിയായ മയിലുകളെ കണ്ട് ആസ്വദിക്കുന്നതിനും ദൈവസാന്നിധ്യം അനുഭവിക്കുന്നതിനും ബഥേലിലേക്കു വരുവാൻ FMPB കുടുംബത്തിലുള്ള എല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു.

ഈ സമ്മേളനത്തിൽ 400 ലധികം ആളുകൾ തങ്ങളുടെ ജീവിതങ്ങളെ ദൈവത്തിനായി സമർപ്പിച്ചു. ഇതു ദൈവത്തിന്റെ പ്രവർത്തിയാകുന്നു. ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നത് ആശ്ചര്യകരമല്ലേ? ദൈവീക ശുശ്രൂഷയിലെ പങ്കാളിത്വത്തിലും സമർപ്പണത്തിലും കൗമാരക്കാരിൽ നിന്നുണ്ടായ വലിയ പ്രതികരണമാണ് ഈ സമ്മേളനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. അനേക യൗവ്വനക്കാരും കൗമാര പ്രായക്കാരും മിഷനറിമാരായി പോകുവാൻ തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു. ഇവരുടെ മധ്യെ അനുധാവന പ്രവർത്തനം നടത്തുന്നതാണ്. ഈ സമ്മേളനത്തിന്റെ ക്രമീകരണങ്ങൾ ചെയ്ത സമ്മേളനത്തിന്റെ കൺവീനറായി പ്രവർത്തിച്ച ശ്രീ. ദേവരാജിനെ അഭിനന്ദിക്കുന്നു. അദ്ദേഹത്തോടു ചേർന്നു പ്രവർത്തിച്ച റവ. ദാനിയേൽ തോമസ്, ശ്രീ. ദാനിയേൽ അരുൾമണി, ശ്രീ. ആൻഡ്രൂ, ശ്രീ. സോളമൻ ജ്ഞാനശേഖരൻ എന്നിവരുടെ പ്രവർത്തനവും അഭിനന്ദനം അർഹിക്കുന്നു.

- വരുംനാളുകളിൽ യുവജനങ്ങളുടെയും കൗമാരക്കാരുടെയും യുവദമ്പതികളുടെയും മധ്യെയുള്ള പ്രവർത്തനത്തിനു കൂടുതൽ ശ്രദ്ധചെലുത്തുവാൻ ഞങ്ങൾ തീരുമാനിച്ചു. എങ്കിൽ മാത്രമേ FMPB ക്കു ഊർജ്ജസ്വലമാകുവാനും ഉത്തരേന്ത്യൻ മിഷൻ വയലിലേക്കു പോകുവാൻ ധൈര്യശാലികളായ മിഷനറിമാരെ വളർത്തിയെടുക്കുവാനും കഴികയുള്ളു.
- വരുന്ന പൊങ്കൽ അവിധി ദിനങ്ങളിലോ അല്ലെങ്കിൽ മറ്റു സൗകര്യപ്രദമായ ദിനങ്ങളിലോ വലിയ രീതിയിൽ ഒരു യുവജന സമ്മേളനം നടത്തുന്നതിനെ കുറിച്ചു ചിന്തിക്കുന്നു. ഈ മുന്നേറ്റ പ്രസ്ഥാനത്തിന്റെ വളർച്ചക്കു ഇതു അനിവാര്യമാകുന്നു. വിവിധ പട്ടണങ്ങളിൽ പ്രവർത്തിക്കുന്നതിനു സന്നദ്ധ പ്രവർത്തകരായ യുവാക്കളെ ആവശ്യമുണ്ട്. തമിഴ്നാട്ടിലെ നാലു റീജിയനിലും പ്രവർത്തിക്കുന്നതിനു യുവ ഡയറക്ടറന്മാരെ ആവശ്യമുണ്ട്.
- ബഥേലിലെ താമസ സൗകര്യം മെച്ചപ്പെടുത്തേണ്ടതാവശ്യമാണെന്ന് ബോധ്യമായി. അടുത്ത 12 മാസത്തിനുള്ളിൽ ബഥേൽ പ്രസ്ഥാനത്തോടു ചേർന്നു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.
- ഈ സമ്മേളനത്തിൽ പങ്കെടുത്തവരുടെ കണക്കെടുത്ത് ഒരോ ജില്ലയിൽ നിന്നും

കേന്ദ്രത്തിൽ നിന്നും ഉള്ളവരുടെ പങ്കാളിത്തം വിലയിരുത്തും. ഇത് നമുക്കു ചില അടിസ്ഥാന വിവരങ്ങൾ നൽകും. ഓരോ കേന്ദ്രത്തിലും കൂടുതൽ നേതാക്കന്മാരെ എങ്ങനെ ലഭിക്കുമെന്നതിനുള്ള മാർഗ്ഗവും കാട്ടിത്തരും.







- ഈ സമ്മേളനത്തിൽ പങ്കെടുത്ത ഓരോ വ്യക്തിയെയും കുടുംബത്തെയും അനുധാവനം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.
- ബഥേൽ അഗ്രിക്കൾച്ചറൽ ഫെലോഷിപ്പിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകാൽ അതിന്റെ ഡയറക്ടർ ശ്രീ. എൽ എബനേസറിനോടും ശ്രീ. ശമുവേൽ നിർമ്മലിനോടും ഈ സമ്മേളനം നടത്തുന്നതിനു ക്യാമ്പസ് അനുവദിച്ചു നൽകിയ അവരുടെ ഔദാര്യ മനസ്സിനുള്ള നന്ദിയറിക്കുന്നു. ഈ സംരംഭം മുന്നോട്ടു നയിക്കുന്നതിനു ഞങ്ങൾ ബഥേൽ നേതൃത്വ ടീമുമായി ചേർന്നു പ്രവർത്തിക്കും.
- ശ്രീമതി. സൂസി പ്രഭാകരൻ, ശ്രീ. നവനീഥർ, റവ. വിജയ് പി ഐസക്, റവ. ജോൺ ബർലിൻ, റവ. ഇമ്മാനുവേൽ രജ്ജിത്സിങ് എന്നിവർ സമ്മേളനത്തിൽ വചന ശുശ്രൂഷ നിർവഹിച്ചു. അവരോടുള്ള നന്ദിയറിക്കുന്നു. ക്രമീകരണങ്ങൾ ചെയ്യുന്നതിനും ആലോചനകൾ നൽകുന്നതിനും അനേക സന്നദ്ധ പ്രവർത്തകർ മുന്നോട്ടു വന്നു. അവർ ശ്രേഷ്ഠമായ വിധം പ്രവർത്തിച്ചു. ഇത്തരം സമർപ്പിതരായ സന്നദ്ധ പ്രവർത്തകരെ ലഭിച്ചത് FMPB യുടെ ഭാഗ്യമാണ്. ഇവർ FMPB എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ സമ്പത്താണ്. ഇവർ ഓരോരുത്തരോടുമുള്ള ആത്മാർത്ഥമായ കൃജ്ഞത അറിയിക്കുന്നു.
- ദൈവം അനുവദിച്ചാൽ 2026 ൽ ഡാനീഷ്പേട്ട് കോൺഫറൻസിനോടു ചേർന്നു എക്സിക്യൂട്ടിവ് കമ്മറ്റി ക്രമീകരിക്കുന്നതാണ്. അങ്ങനെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾക്കും ഈ സമ്മേളനം അനുഭവമാക്കുന്നതിനും എപ്രകാരം ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കാമെന്ന ധാരണ ലഭിക്കുന്നതിനും ഇടയാകും.
- അടുത്ത വർഷം FMPB യുടെ അമേരിക്ക, ഇന്ത്യൻ പ്രവാസികൾ എന്നിവിടങ്ങളിലുള്ള പ്രാർത്ഥനക്കൂട്ടയംഗങ്ങളെ കൂടെ ക്ഷണിക്കും. നമുക്കൊരുമിച്ച് കർത്താവിന്റെ വിശ്വസ്തത ആഘോഷിക്കാം.

ഇതു ദൈവത്തിന്റെ മുന്നേറ്റ പ്രസ്ഥാനമാകുന്നു. ഡാനീഷ്പേട്ടിലെ വാർഷീക സമ്മേളനം ഈ പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന ശ്രദ്ധേയമായ ഒരു സമ്മേളനമാകുന്നു. വിശാലമായ തോതിൽ നമുക്കും ഇതിൽ പങ്കാളികളാകാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ജോൺ ശമുവേൽ**, പ്രസിഡണ്ട് – FMPB

# തമിഴ്നാട് വാർഷീക സംസ്ഥാന സമ്മേളനം 2025



## ഇവയിൽ അധികമായി

**യോഹ. 21:15**

മെയ് 14 മുതൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദൈവജനം കൂടിവന്ന സെർവരായൻ മലനിരയുടെ അടിവാരത്തിലുള്ള ബഥേൽ ക്യാമ്പസിൽ "നേശിപ്പായ, നേശിപ്പായ?" (നീ എന്നെ സ്നേഹിക്കുന്നുവോ, സ്നേഹിക്കുന്നുവോ?) ഈ മനോഹരമായ തമിഴ് ഗാനം അലയടിച്ചു കൊണ്ടിരുന്നു. കഴിഞ്ഞ വർഷങ്ങളിലെ പോലെ റെഡ്ഹല്ലിലെ ഹോണററി മൊബലൈസേഷൻ സെക്രട്ടറി ശ്രീ. രജ്ജിത് പാണ്ഡ്യന്റെ നേതൃത്വത്തിലുള്ള സന്നദ്ധ പ്രവർത്തകർ വന്നു ചേർന്നവരെ ഹാർദ്ദവമായി സ്വാഗതം ചെയ്ത് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് താമസ സൗകര്യങ്ങൾ ക്രമീകരിച്ചു നൽകി.



സംസ്ഥാന ക്യാമ്പിന്റെ ആരംഭദിനമായ മെയ് 15 ന് ആവേശത്തോടെ ക്യാമ്പിൽ പങ്കെടുത്തവരാൽ ഹാൾ നിറഞ്ഞു. രാവിലെ 9.30 ന് തിരുനെൽവേലിയിലെ സീനിയർ നേതാവ് ശ്രീ. സെൽവരാജിന്റെ പ്രാർത്ഥനയോടെ ക്യാമ്പ് ആരംഭിച്ചു. സീനിയർ മിഷനറി ശ്രീ. എ യിസ്രായേലിന്റെ നേതൃത്വത്തിൽ ശ്രീ. സേവ്യർ, ശ്രീ. പ്രേം, ശ്രീ. സിമ്പ്സൺ എന്നിവർ ഗാനശുശ്രൂഷ നയിച്ചു. ശ്രീ. ശ്യാം സുന്ദർ സംഗീത ഉപകരണം വായിച്ചു. വൈസ് പ്രസിഡണ്ട് ശ്രീ. ജെ സാം പൊന്നയ്യ ക്യാമ്പിൽ സംബന്ധിച്ച അതിഥികളെ സ്വാഗതം ചെയ്തു.

പ്രസിഡണ്ട് ശ്രീ. ജി ജോൺ ശമുവേൽ പ്രത്യേക സന്ദേശം നൽകി. റവ. എസ് രവികുമാർ ഈ വർഷത്തെ ചിന്താവിഷയം ശക്തമായ രീതിയിൽ അവതരിപ്പിച്ചു. ബഥേലിന്റെ മാനേജിംഗ് ഡയറക്ടർ എല്ലാവരെയും സ്വാഗതം ചെയ്തു ആശംസകൾ അറിയിച്ചു.



ഈ വർഷത്തെ ക്യാമ്പ് ഗാനങ്ങൾ അടങ്ങുന്ന പെൻഡ്രൈവ് കമ്യൂണിക്കേഷൻ സെക്രട്ടറി ശ്രീമതി മേഴ്സി സെൽവിൻ അവതരിപ്പിക്കുകയും പ്രസിഡണ്ട് പ്രാർത്ഥനാപൂർവ്വം അത് സമർപ്പിച്ചു. സീനിയർ മിഷനറി റവ. സ്റ്റീഫൻ ജോയ്സൺ ഇംഗ്ലീഷിലും തമിഴിലും എഴുതിയ "Mirror of God" എന്ന പുസ്തകം പരിചയപ്പെടുത്തുകയും പ്രാർത്ഥനയോടെ പ്രകാശനം

ചെയ്തു. അതുകൂടാതെ സെയൽ വീരർ (Men of action) എന്ന ചെറിയ പാട്ടു പുസ്തകത്തിന്റെ സമർപ്പണ പ്രാർത്ഥനക്കു ട്രഷറർ ശ്രീ. എൽ നെൽസൺ നേതൃത്വം നൽകി.



യുവജന വിഭാഗം പുതുതായി പ്രസിദ്ധീകരിച്ച ഗാനത്തിന്റെ നൃത്ത സംവിധാനം അവതരപ്പിച്ചു. നിത്യതയിൽ പ്രവേശിച്ച മിഷനറിമാർക്കു ആദരാഞ്ജലികൾ അർപ്പിച്ചതിനെ തുടർന്നു ജനറൽ സെക്രട്ടറി റവ. വിജയ് പ്രസന്ന ഐസക് പ്രാർത്ഥിച്ചു. സജീവ സേവനത്തിൽ നിന്നു വിരമിച്ച മിഷനറിമാർക്കു മൊമന്റോ നൽകി ആദരിച്ചു. ഈ വർഷം ഗുജറാത്ത്, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഹരിയാന എന്നിവിടങ്ങളിൽ നിന്നു വന്ന മിഷനറി കുടുംബങ്ങളും വിശ്വാസികളും അവരുടെ സാംസ്കാരിക വസ്ത്രങ്ങൾ അണിഞ്ഞു ഊർജ്ജസ്വലരായി പരേഡ് നടത്തി.

ആദ്യ ദിവസത്തെ സന്ദേശം നൽകിയത് സുവിശേഷകൻ സൂസി പ്രഭാകരദാസ് ആണ്. ഉച്ചഭക്ഷണത്തിനു ശേഷം യുവജനങ്ങൾക്കും കൗമാരക്കാർക്കും കുട്ടികൾക്കുമായി പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു. ഈ വർഷത്തെ ക്യാമ്പിൽ 2874 പേർ പങ്കെടുത്തവരിൽ 1675 മുതിർന്നവരും 352 യുവജനങ്ങളും 546 കൗമാര പ്രായക്കാരും 301 കുട്ടികളും ഉണ്ട്. സന്ധ്യായോഗത്തിൽ തലോട ബാല ഭവനത്തിൽ വന്ന കുട്ടികൾ സംസ്കാരിക നൃത്തം അവതരിപ്പിക്കുകയും അവരുടെ സാക്ഷ്യങ്ങൾ പങ്കുവെച്ചു ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. പ്രസിഡണ്ട് സന്ധ്യ സന്ദേശം നൽകി. ചെന്നൈ, അണ്ണ നഗറിലെ ഹോണററി മൊബലൈസേഷൻ സെക്രട്ടറി ശ്രീ. എ പി കനകരാജ്, തീരുമാനങ്ങൾ എടുത്തവർക്കു വേണ്ട ആലോചനകൾ നൽകി അവരെ ബലപ്പെടുത്തി.

**മെയ് 16 ഉപവാസ പ്രാർത്ഥന ദിനം:** രാവിലെ ആറു മുതൽ വൈകിട്ട് 5 മണിവരെ ഉപവസിച്ചു പ്രാർത്ഥിച്ചു. രാവിലെ ജനറൽ സെക്രട്ടറി റവ. വിജയ് പി ഐസക് ദൈവവചന ശുശ്രൂഷ നിർവഹിച്ചു. കുട്ടികൾ ഉൾപ്പടെ പങ്കെടുത്ത എല്ലാവരും ഉപവസിച്ചു ദേശത്തിന്റെയും ശുശ്രൂഷയുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു. വാർളി, കുക്ന, മാദ്വാട്, ഓട് രജപുട്, ബരേല എന്നീ സമൂദായത്തിലെ മിഷനറിമാരും വിശ്വാസികളും അവതരിപ്പിച്ച സംസ്കാരിക നൃത്തവും അവരുടെ അനുഭവ സാക്ഷ്യവും സദസ്സിൽ ആഴമായ സ്വാധീനം ഉളവാക്കി. ഉത്തർപ്രദേശിൽ 20 ദിവസം ജയിൽവാസം അനുഭവിച്ചു പുറത്തുവന്ന മിഷനറി റവ. സമരേന്ദ്രസിങിന്റെ സാക്ഷ്യം തുടർന്നു പ്രാർത്ഥിക്കുന്നതിനു അനേകരെ ഉത്തേജിപ്പിച്ചു. അന്നു രാത്രി സീനിയർ മിഷനറി ശ്രീ. വൈ നവനീഥർ അവതരിപ്പിച്ച ലൈറ്റ് ആന്റ് സൗണ്ട് പ്രോഗ്രാം ശക്തമായ സ്വാധീനം ക്യാമ്പിൽ സംബന്ധിച്ചവരിൽ ചെലുത്തി.



**മെയ് 17 - സമർപ്പണ ദിനം:** മൂന്നാം ദിവസം രാവിലെ മുൻ ജനറൽ സെക്രട്ടറി റവ. ജോൺ ബർലിൻ ദൈവവചനം പങ്കുവെച്ചു. തീരുമാനങ്ങൾ എടുക്കുന്ന അവസരത്തിൽ റവ. എസ് ഇമ്മാനുവേൽ രഞ്ജിത് സിങ് നൽകിയ ആഹ്വാനത്തിൽ അനേകർ കർത്താവിന്റെ വേലക്കായി തങ്ങളെ സമർപ്പിച്ചു. ഈ സാമ്പത്തിക വർഷം ഉത്തരേന്ത്യയിൽ 12,554 ഇടങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിന



ായി 28,04,250 രൂപ നൽകാമെന്നു വാഗ്ദാനം ലഭിച്ചു. ഇതിനു പുറമെ 2,43,020 രൂപയും ഒരു സ്വർണ്ണമോതിരവും സ്തോത്രകാഴ്ചയായി ലഭിച്ചു. ജില്ല തലത്തിൽ നേതാക്കന്മാരും സ്പോൺസറന്മാരും അംഗങ്ങളും കൂടിചേർന്നു അടുത്ത തലത്തിലുള്ള ശുശ്രൂഷയെ കുറിച്ചു ആലോചിച്ചു. അനേകർ തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളുടെ സാക്ഷ്യവും ഈ യോഗത്തിൽ എടുത്ത തീരുമാനവും എഴുതി അറിയിച്ചു.

സന്ധ്യയിൽ സുവിശേഷകൻ സൂസി പ്രഭാകരദാസ് ദൈവവചനം പങ്കുവെച്ചതു അനേകരുടെ ജീവിതത്തിലെ വഴിത്തിരിവിനു കാരണമായി.

**മെയ് 18 സമാപനം:** ക്യാമ്പിന്റെ സമാപന ദിവസം രാവിലെ 4.30 ന് തിരുവത്താഴ ശുശ്രൂഷ നടത്തി. സൂസി പ്രഭാകരൻ വചനശുശ്രൂഷ നിർവഹിച്ചു. തിരുവത്താഴ ശുശ്രൂഷയിൽ 78,801 രൂപ സ്തോത്രകാഴ്ചയായി ലഭിച്ചു. വിശ്വാസികൾ പരസ്പരം തങ്ങളുടെ സ്നേഹം പങ്കുവെച്ചു. പ്രഭാത ഭക്ഷണത്തോടെ ക്യാമ്പ് സമംഗളം സമാപിച്ചു.

## യുവജനയോഗത്തിന്റെ അനുഗ്രഹം

25 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

58 പേർ തങ്ങളുടെ സമർപ്പണത്തെ പുതുക്കി.

83 പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിക്കുന്നതിനു തീരുമാനിച്ചു.

30 പേർ മിഷനറിമാരായി പോകുവാൻ പ്രതിഷ്ഠിച്ചു.

1,26.900 രൂപയുടെ വാഗ്ദാനവും 21,625 രൂപയും ഒരു സ്വർണ്ണ മോതിരവും സ്തോത്രകാഴ്ചയായും ലഭിച്ചു.



## കൗമാരക്കാരുടെ യോഗത്തിന്റെ അനുഗ്രഹം

31 പുതിയ പ്രാർത്ഥനക്കൂട്ടം രൂപീകരിക്കും

33 പേർ പൂർണ്ണസമയ ശുശ്രൂഷക്കായി സമർപ്പിച്ചു.

14,762 രൂപ സ്തോത്രകാഴ്ചയായി ലഭിച്ചു.

## കുട്ടികളുടെ യോഗത്തിന്റെ അനുഗ്രഹം

മിഷനറിമാർക്കായി പ്രാർത്ഥിക്കുന്നതിനു 20 പേർ തീരുമാനിച്ചു.

48 പേർ സുവിശേഷ വേലക്കായി സമർപ്പിച്ചു.

10,056 രൂപ സ്തോത്രകാഴ്ചയായി ലഭിച്ചു.




ഈ ക്യാമ്പ് അനുഗ്രഹകരമാക്കുന്നതിന് കഠിനാദ്ധ്വാനം ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. എല്ലാവരോടുമുള്ള ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**റവ. എസ് ദാനിയേൽ തോമസ്**
ഡിവിഷണൽ സെക്രട്ടറി, മൊബലൈസേഷൻ - തമിഴ്നാട്, പോണ്ടിച്ചേരി

# രാംഗഡ്
## മിഷൻ വയൽ




കേന്ദ്ര ഭരണ പ്രദേശമായ ജമ്മു കാശ്മീരിലെ ഒരു നഗരമാണ് **ജമ്മു**. താവി നദിയുടെ തീരത്തു സ്ഥിതിചെയ്യുന്ന ജമ്മുവിന്റെ വടക്ക് ഹിമാലയത്താലും തെക്ക് വടക്കൻ സമതലങ്ങളാലും ചുറ്റപ്പെട്ടു കിടക്കുന്നു. ശിവാലിക് കുന്നുകളിലെ താഴ്ന്നതും സമമല്ലാത്തതുമായ പർവ്വത നിരകളിലാണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. വടക്കും, തെക്കും തെക്കുകിഴക്കും ഭാഗത്ത് സിവാലിക് പർവ്വത നിരകളും വടക്ക് പടിഞ്ഞാറ് ത്രികുട പർവ്വത നിരകളുമാണ് ഇതിന്റെ അതിർത്തികൾ.

തനതായ പ്രകൃതി സൗന്ദര്യവും ചരിത്ര



പ്രാധാന്യതയും ജമ്മുവിനെ ജനപ്രീയ വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നു. ക്ഷേത്രങ്ങളുടെ നഗരം എന്നറിയപ്പെട്ടുന്ന ജമ്മുവിൽ പുരാതനമായ അമ്പലങ്ങളും ആരാധനാലയങ്ങളും ഉണ്ട്, അതിൽ പ്രതിവർഷം ലക്ഷകണക്കിനു തീർത്ഥാടകർ കടന്നു വരുന്ന പ്രസിദ്ധമായ വൈഷ്ണോ ദേവി ക്ഷേത്രവും ഉൾപ്പെടുന്നു.

ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഔദ്യോഗിക ഭാഷ ഡോഗ്രിയാണ്. അതേസമയം കാശ്മീരി, ഉറുദു, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളും ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുണ്ട്. പ്രധാന മതം ഹിന്ദുമതമാകുന്നു. ഗണ്യമായ മുസ്ലിം ജനങ്ങളും ഇവിടെ പാർക്കുന്നു.

ജമ്മുവിൽ ഈർപ്പമുള്ള ഉപ ഉഷ്ണ മേഖല കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വേനൽകാലത്ത് ചൂട് 46°C വരെ ഉയരും. ശൈത്യകാലത്തു താപനില ഇടയ്ക്കിടെ 4°C ആയി താഴും. പ്രാദേശിക മില്ലുകളിൽ സംസ്കരിച്ചെടുക്കുന്ന പ്രീമിയം ബസുമതി അരി ഉത്പാദിപ്പിക്കുന്നതിൽ പ്രസിദ്ധമാണ് ജമ്മുവിനു സമീപത്തുള്ള RS പുര പ്രദേശം. ബാരി ബ്രാഹ്മണ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പരവതാനി, ഇലക്ട്രോണിക്സ് സാധനങ്ങൾ തുടങ്ങിയ വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന നിരവധി നിർമ്മാണ യൂണിറ്റുകൾ ഉണ്ട്.

## രാംഗഡ്

ജമ്മു കാശ്മീരിലെ സാമ്പ ജില്ലിയിലെ ഒരു പട്ടണമാകുന്നു രാംഗഡ്. ഇന്ത്യയുടെയും പാകിസ്ഥാന്റെയും അതിർത്തിയിലുള്ള പ്രദേശമാകയാൽ തന്ത്രപരവും സാസ്കാരികവുമായ പ്രാധാന്യതയുണ്ട്. ഇവിടുത്തെ ഏറ്റവും വലിയ വംശിയ ഗ്രൂപ്പായ ഡോഗ്രാസ് ജനസംഖ്യയുടെ ഏകദേശം 47% വരും. ഇവരെ കൂടാതെ ബ്രാഹ്മണർ, രജപുത്രർ, താക്കാർ, ജാട്, ഖാത്രി, മേഘ്, ചമാർ എന്നി ജന വിഭാഗങ്ങളും ഇവിടെ പാർക്കുന്നു.

സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും ചരിത്രപരമായ ക്ഷേത്രങ്ങൾക്കും രാംഗഡ് പ്രസിദ്ധമാണ്. പ്രത്യേകാൽ ബാമുചക് അമ്പലം എന്നറിയപ്പെടുന്ന ബാബു ചക് അമ്പലം ഇവിടെയാണ്. അന്താരാഷ്ട്ര അതിർത്തിക്കടുത്തുള്ള ബാമുചക് എന്ന വീദൂര ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം മഹാരാജാ പ്രതാപ് സിങിന്റെ ഭരണകാലത്ത് മഹാജനായിരുന്ന ബാമു ഷാ ആണ് നിർമ്മിച്ചത്. രാമായണം, മഹാഭാരത്, പുരാണങ്ങൾ എന്നിവയിൽ നിന്നുള്ള ചുവർചിത്രങ്ങളും പെയിന്റിങ്ങുകളും ക്ഷേത്രത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

## രാംഗഡിൽ FMPB യുടെ ശുശ്രൂഷ

2020 സെപ്റ്റംബർ ഒന്നിന് ഭഗത് ജന വിഭാഗത്തെ കേന്ദ്രീകരിച്ച് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് രാംഗഡിൽ പ്രവർത്തനം ആരംഭിച്ചു.

സംസ്കൃത പദമായ ഭക്തയിൽ നിന്നും ഉരുതിരിഞ്ഞ പേരാണ് ഭഗത്. അതിന്റെ അർത്ഥം "ഭക്തൻ" അല്ലെങ്കിൽ "ശുശ്രൂഷിക്കുന്നവൻ" എന്നാകുന്നു. ചരിത്രപരമായി ഭഗത് ജാതിസമൂഹം ജമ്മു മേഖലയിൽ നിന്നാണ് ഉരുവായത്. ഈ സമൂഹം പുരോഗമന പഞ്ചാബി ബ്രാഹ്മണ സമൂഹത്തിന്റെ പൈതൃകത്തിൽ ഉൾപ്പെട്ടതായി കണക്കാക്കുന്നു. അവരുടെ ഭക്തിയും ദൈവത്തോടുള്ള സേവനവും കാരണം അവരെ പലപ്പോഴും ഛോട്ടാ പണ്ഡിറ്റ് എന്നു വിളിക്കുന്നു. പരമ്പരാഗതമായി ബ്രാഹ്മണർ താഴ്ന്ന ജാതിയല്ലാത്തതിനാൽ ഭഗത് സമൂഹവും ബ്രാഹ്മണ പദവി ഉള്ളവരായി സ്വയം ഗണിക്കുന്നു.

## ഭഗത് ജാതിക്കൂട്ടം

1947 ൽ ഇന്ത്യ സ്വാതന്ത്രമായതിനെ തുടർന്നു ജമ്മു കാശ്മീരിലുണ്ടായ രാഷ്ട്രീയ അശാന്തി കാരണം നിരവധി ഭഗത് കുടുംബങ്ങൾ പഞ്ചാബിലേക്കും ഉത്തർപ്രദേശത്തിലേക്കും കുടിയേറി. സംവരണ സമ്പ്രദായത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഇവർ ജുലാഹ അല്ലെങ്കിൽ കബീർ പന്തി തുടങ്ങിയ പേരുകളിൽ പട്ടിക ജാതിക്കാരായി അല്ലെങ്കിൽ പിന്നോക്ക വിഭാഗക്കാരായി സ്വയം പരിഗണിച്ചു. ഇവർ വിശുദ്ധ കബീറിന്റെ ഉപദേശങ്ങൾ പിന്തുടരുന്നു.

പരമ്പരാഗതമായി ഇവർ പട്ടിക ജാതിയോ പിന്നോക്ക വിഭാഗമോ അല്ലെങ്കിലും ഇവരെ ഇപ്പോൾ ഈ വിഭാഗങ്ങളിൽ തരംതിരിച്ചിരിക്കുന്നു. ഭഗത് ജനങ്ങൾ വ്യത്യസ്തമായ തൊഴിലുകളിൽ ഏർപ്പെടുന്നു.

കൃഷി, തോട്ടകൃഷി, കരകൗശല & കൈത്തറി, കന്നുകാലി വളർത്തൽ, ട്യൂറിസം, സർക്കാർ ജോലികൾ, വിദ്യാഭ്യാസം & ആരോഗ്യ പരിപാലന സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ ഇവർ ജോലി ചെയ്യുന്നു.

70% സാക്ഷരത നിരക്കുള്ള ഇവരുടെ ഇടയിലെ സുവിശേഷ പ്രവർത്തനം വിവിധ തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നു.

## സുവിശേഷ രംഗം നേരിടുന്ന വെല്ലുവിളികൾ

- സമൂഹം തിരസ്കരിക്കുമെന്ന ഭയവും കുടുംബത്തിലെ സമ്മർദ്ദവും

- മക്കളുടെ വിവാഹസാധ്യതയെ കുറിച്ചുള്ള ആശങ്കകൾ
- സാമ്പത്തീക അരക്ഷിതാവസ്ഥയും തൊഴിലില്ലായ്മയും
- ആഴമായി വേരുന്നീയ അന്ധ വിശ്വാസങ്ങൾ അവയിൽ ചിലത് ഇവയാകുന്നു:
- ആഭിചാര ക്രീയയിലുള്ള വിശ്വാസം

ആരെങ്കിലും മരിച്ചാൽ കോഴി, പക്ഷി, പാമ്പ് എന്നിവയുടെ കാൽപാടുകൾ നീരിക്ഷിക്കുന്നതിനായി തറയിൽ മാവ് വിതറും. മരിച്ചു പോയ ആത്മാവ് ആ രൂപം പ്രാപിക്കുമെന്നു അവർ വിശ്വസിക്കുന്നു.

രോഗമോ നിർഭാഗ്യമോ സംഭവിച്ചാൽ അതിനു കാരണം മരിച്ചു പോയവരുടെ ആത്മാവാണെന്നു കരുതുന്നു.

അവർ സുവിശേഷത്തോടു ശക്തമായി എതിർത്തു നിൽക്കുന്നു. എല്ലാ ഗ്രാമത്തിലും സുവിശേഷ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനു ചെറു സംഘങ്ങളെ രൂപീകരിച്ചിട്ടുണ്ട്. അവർ മിഷനറിമാരെ തുരത്തിയോടിക്കുന്നു. എന്നിരുന്നാലും ദൈവകൃപയാൽ സംഘർഷഭരിതമായ അന്താരാഷ്ട്ര അതിർത്തിക്കു സമീപം പ്രവർത്തിക്കുമ്പോഴും നമ്മുടെ മിഷനറിമാർ സുരക്ഷിതരായിരിക്കുന്നു. ഇവിടെ പ്രവർത്തിക്കുന്നതിനു പ്രാദേശിക സുവിശേഷകർ ആരുമില്ല. മൂന്നു സന്നദ്ധ സുവിശേഷകർ നമ്മുടെ പ്രവർത്തനത്തെ സഹായിക്കുന്നു. ഇതുവരെ വളരെ കുറച്ചു പേർ മാത്രമേ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടുള്ളു.

**പ്രാർത്ഥന വിഷയങ്ങൾ:**

**1.** രാംഗഡിലെ എല്ലാ ഗ്രാമത്തിലും സുവിശേഷം പ്രഘോഷിക്കുന്നതിനു തുറന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**2.** അന്ധവിശ്വാസവും ആത്മീക അന്ധതയും ഈ ജനസമൂഹത്തിൽ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

**3.** ഇവിടെ നേരിടുന്ന എല്ലാ വെല്ലുവിളികളും സുവിശേഷ പ്രഘോഷണത്തിന്റെ ചവിട്ടു പടികളായി മാറേണ്ടതിനായി പ്രാർത്ഥിക്കുക.

**4.** ഭഗത് ജനവിഭാഗങ്ങൾ ക്രിസ്തുവിന്റെ ഉത്തമ ഭക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**5.** വിശ്വാസികൾ മാതൃകയുള്ള ജീവിതം നയിച്ച് സമൂഹത്തിൽ ശക്തമായ സ്വാധീനം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**6.** സുവിശേഷത്തെ എതിർക്കുന്നവർ ക്രിസ്തുവിന്റെ സാക്ഷികളാകേണ്ടതിനായി പ്രാർത്ഥിക്കുക.

**7.** ക്രിസ്തീയ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നവർ ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക.

**8.** സഭാമൂപ്പന്മാരും പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങളും സ്ത്രീസമാജത്തിലെ അംഗങ്ങളും വേദപഠനക്കൂട്ടത്തിലുള്ളവരും സുവിശേഷവേലയിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**9.** 2025 ലെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക.

**10.**. രാംഗർഗിൽ പ്രവർത്തിക്കുന്ന മിഷനറിമാരായ ശ്രീ. ജോൺ എസുങ്ങിനെയും ശ്രീമതി ലിബെനി ജാമിയെയും കർത്താവ് ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ മക്കളായ കലേബിനെയും എയ്ഞ്ചലിനെയും കർത്താവ് അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

സമാഹരണം:

**ശ്രീമതി. മേഴ്സി സെൽവിൻ**

# ബസ്തി ദിനം




സുവിശേഷം ശ്രവിക്കാത്ത ഉത്തരേന്ത്യയിൽ സുവിശേഷം അറിയിക്കുന്നതിനു റവ. ഹിൽക്കിയായും കുടുംബവും തങ്ങളെത്തന്നെ സമർപ്പിച്ചു. 1971 ജൂലൈ 23 ന് അവർ ഉത്തർപ്രദേശിലേക്കു കടന്നു വന്നതോടെ FMPB ഉത്തരേന്ത്യൻ ശുശ്രൂഷക്കു ആരംഭമിട്ടു. ഈ ദിനം സംഘടന ബസ്തി ദിനമായി ആഘോഷിക്കുന്നു. പ്രാരംഭത്തിൽ ഓപ്പറേഷൻ മൊബലൈസേഷനോടും സിലോൺ ഇന്ത്യ ജനറൽ മിഷനോടും ചേർന്നു ലഘുലേഖ വിതരണം, ഗ്രാമ സുവിശേഷീകരണം, ജീപ്പ് ടീം പ്രവർത്തനം എന്നിങ്ങനെ സുവിശേഷ വേല ചെയ്തു. പിന്നീട് ബസ്തി മിഷനറിമാരെ പരിശീലിപ്പിക്കുന്ന കേന്ദ്രമായി തീർന്നു. 1986 മുതൽ 1993 വരെ റവ. വിക്ടർ പാക്കിയരാജും കുടുംബവും പ്രത്യേകിച്ചു ബംഗാറിൽ വിബിഎസ് ശുശ്രൂഷ ആരംഭിക്കുകയും ശ്രീമതി സരിത, ഡോ. റാംസുറത് തുടങ്ങിയ ഭാവി മിഷനറിമാർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു കൊണ്ട് പ്രവർത്തനം ശക്തിപ്പെടുത്തി. അവർ ബംഗാറിൽ ഒരു ദൈവാലയം പണിയുകയും പ്രവർത്തനം ഭൂബത്ത് ജോത്തിലേക്കു വ്യാപിപ്പിക്കുകയും ചെയ്തു. റവ. ജോൺ സ്റ്റീഫൻ, ശ്രീ. ഓംപ്രകാശ്, ശ്രീ. പുംസോൺചിൻ തുടങ്ങിയ മിഷനറിമാർ പ്രവർത്തനം ബസ്തിക്കു വെളിയിലേക്കു കൂടുതലായി വ്യാപിപ്പിച്ചു.

2023 നവംബർ മുതൽ രണ്ടാം തല നേതൃത്വം വികസിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സഭാമൂപ്പന്മാരെയും യുവജനങ്ങളെയും തിരഞ്ഞെടുത്തു TAFTEE യുടെ പരിശീലനത്തിനു വിധേയരാക്കുന്നു. യുവജനങ്ങൾ ആരാധനക്കു നേതൃത്വം നൽകുന്നു. വിബിഎസ് സംഘടിപ്പിക്കുന്നതിനു ടീം രൂപീകരിച്ചു. ബൈബിൾ പരിജ്ഞാനം വളർത്തുന്നതിനായി ബൈബിൾ ക്വിസ് മത്സരം നടത്തുന്നു. ദേശീയ വിഷയങ്ങൾക്കായും മദ്യത്തിനും മയക്കു മരുന്നിനും അടിമകളായി കഷ്ടപ്പെടുന്നവരുടെ വിടുതലിനുമായി പ്രത്യേക പ്രാർത്ഥനകൾ സംഘടിപ്പിക്കുന്നു.

വിശ്വാസികൾ സജീവമായി സുവിശേഷ വേല ചെയ്തു കുടുംബാംഗങ്ങളെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുന്നു. സജീവ സേവനത്തിൽ നിന്നും വിരമിച്ച സുവിശേഷകരായ ശ്രീ. ബൂലൈറാം, റവ. പിറ്റർ ഹരിറാം എന്നിവരുടെ കുടുംബങ്ങൾ ശുശ്രൂഷയെ സഹായിക്കുന്നതു തുടരുന്നു. സഭാ ജനങ്ങൾ പരസ്പരം കൈത്താങ്ങലുകൾ നൽകുകയും ദൈവാലയ പുനരുദ്ധാരണത്തിനു സംഭാവനകൾ നൽകുകയും ചെയ്യുന്നു.

**സ്തോത്രത്തിനായ്:**

● 2023 മാർച്ച് മുതൽ ഉത്തർപ്രദേശിലുള്ള മിഷനറിമാർക്കു ഒരുമിച്ചു കൂടി പ്രാർത്ഥിക്കുന്നതിനോ ആലോചിക്കുന്നതിനോ സാധിക്കുന്നില്ല. രാഷ്ട്രീയ സാഹചര്യവും ഒരുമിച്ചു കൂടുന്നതിനു സൗകര്യപ്രദമായ സ്ഥലം ലഭിക്കാത്തതും ഇതിനു കാരണമാകുന്നു. എന്നാൽ ചില മാസങ്ങൾക്കു മുമ്പ് പുരുഷന്മാരായ മിഷനറിമാരും സുവിശേഷകരും ഒരുമിച്ചു കൂടി രണ്ടു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ● കുരിയാൽ, ബടൈബാൻ എന്നി ആരാധനക്കൂട്ടത്തിൽ ദേശത്തിന്റെ

സമാധാനത്തിനായി പ്രാർത്ഥന നടത്തി. ● പടിയപാർ ഗ്രാമത്തിലെ അംഗിത, ദൈസാദ് ഗ്രാമത്തിലെ രേഖ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ● കുരിയാർ ഗ്രാമത്തിലെ അർജുന്റെ രക്തത്തിലെ പഞ്ചസാരയുടെ അളവ് 650 ആയി. സമയത്തു ലഭിച്ച ചികിത്സയും പ്രാർത്ഥനയും മൂലം ദൈവകൃപയാൽ അവൻ ആരോഗ്യം വീണ്ടെടുത്തു.

**പ്രാർത്ഥനക്കായ്:**

● ബസ്തി സ്വയംപര്യാപ്തവും മാതൃകാപരവുമായ ഒരു മിഷൻ വയലായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. ● ഉത്തരേന്ത്യയുടെ ആത്മീക വളർച്ചക്കായും നേതൃത്വ വികസനത്തിനായും സുവിശേഷീകരണ പ്രവർത്തനം ഫലകരമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ● ബൽപഹാടിയായിലെ പ്രമീള ക്ഷയ രോഗത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. ● സരിതയുടെ ഭർത്താവായ ശംഭുനാഥ് മദ്യാസക്തിയിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ● TAFTEE പരിശീലനം നല്ലവണ്ണം പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**– റവ. മൊങ്വായ് ഫോം**

# രക്ത പുഷ്പങ്ങൾ



**ദേശീയ ഡോക്ടർ ദിനം 2025 –** ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ നട്ടെല്ലായ ഡോക്ടറന്മാർ അനേകരുടെ ജീവൻ രക്ഷിക്കുന്നതിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചിരിക്കുന്നു. അവരുടെ ത്യാഗം, സമർപ്പണം, കാരുണ്യം, വൈദഗ്ദ്യം എന്നിവയെ ആദരിച്ചു കൊണ്ട് **ജൂലൈ 1 ദേശീയ ഡോക്ടർ ദിന**മായി ആചരിക്കുന്നു. വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യ പരിപാലനത്തിനായി ഇവരുടെ അക്ഷീണ പ്രയത്നത്തെ അംഗികരിക്കുന്നതിനും സ്മരിക്കുന്നതിനും ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജീവൻ – മരണ സാഹചര്യങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് വലിയ സമ്മർദ്ദത്തിൽ കീഴിൽ ദീർഘ മണിക്കൂറുകൾ  പിൻമാറാതെ സഹാനുഭൂതിയോടു കൂടെ പ്രവർത്തിക്കുന്നു. ഈ അവസരത്തിൽ വൈദ്യശാസ്ത്ര രംഗത്തു പ്രവർത്തിക്കുന്ന എല്ലാവരോടും പ്രത്യേകാൽ മിഷനറിമാരുടെയും വിശ്വാസികളുടെയും ആത്മീകവും ശാരീരികവുമായ ആരോഗ്യത്തിനു വേണ്ടി സമർപ്പണത്തോടെ മിഷൻ വയലുകളിൽ പ്രവർത്തിക്കുന്നവരോടുമുള്ള കൃതജ്ഞത **FMPB** അറിയിക്കുന്നു. ആശുപത്രികളിലായാലും മെഡിക്കൽ ക്യാമ്പുകളിലായാലും അവരുടെ കരുണാദ്രമായ സേവനം എണ്ണമറ്റ ജീവിതങ്ങളിൽ പ്രത്യാശ പകരുന്നു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ രക്ത പുഷ്പങ്ങൾ അവരുടെ മഹിമയേറിയ ശുശ്രൂഷയെ സൂചിപ്പിക്കുന്നു.

**പ്രാർത്ഥിക്കുക:** 1. മെഡിക്കൽ വിദ്യാർത്ഥികൾ വൈദഗ്ദ്യത്തോടൊപ്പം സേവന മനസ്സും പഠിക്കേണ്ടതിനായി... 2.. എല്ലാ ഡോക്ടറന്മാരുടെയും സമഗ്ര ക്ഷേമത്തിനായി... 3. രോഗ നിർണ്ണയം നടത്തി തക്ക ചികിത്സകൾ നൽകുന്നതിനുള്ള ദിവ്യ നടത്തിപ്പ് ലഭിക്കേണ്ടതിനായി... 4. ധാരാളം മെഡിക്കൽ മിഷനറിമാർ എഴുന്നേൽക്കേണ്ടതിനായി... 5. നമ്മുടെ ജാർഖണ്ഡ് ആശുപത്രിയിലേക്കു ശിശു രോഗ വിദഗ്ദനെയും അനസ്തേഷ്യോളജിസ്റ്റിനെയും ഫാർമസിസ്റ്റിനെയും ലഭിക്കേണ്ടതിനായി...




## ജൂലൈ
**ചൊവ്വ**

### ജന്മദിനാശംസകൾ

ഏലിയാക്കിം ജന,
ദീപിക ഏലിയാക്കിം ജന,
ഹരമോഹൻ പ്രഭുദാസ്,
ജുബരാജ് ഭരതൻ, ഹെൻറി കെ,
സഞ്ജയ കുമാർ ബീറോ,
പ്രിൻസസ് റോസിത എസ്,
ജോതി നിർമ്മല ബായി പുഷ്പരാജ്,
മനോജ് കുമാർ പാനി, ജഗദീശ്വരി നേതാലം,
അരുൺ ഘാന്ത, ദിനേശ് കുമാർ,
ഉർബാസി ഡിഗൽ

## ജമ്മു

### നൗഷേര

**ഷൈക് സുബാനി & എമി ബാക്യ**

ആഴ്ചകൾ നീണ്ടു നിന്ന ഇന്ത്യ – പാകിസ്ഥാൻ സംഘർഷ സമയത്തു അതിർത്തികളിലുള്ള നമ്മുടെ വിശ്വാസികൾക്കു ദൈവീക പരിപാലനം ലഭിച്ചു. പാകിസ്ഥാൻ നുഴഞ്ഞു കയറ്റക്കാരിൽ നിന്നുണ്ടായ അപ്രതീക്ഷിത വെടിവെയ്പിൽ നിന്നും രാത്രി കാവലിനായി നിയോഗിച്ച ബിങ്കി ദേവിയുടെ ഭർത്താവിനെ ദൈവം അത്ഭുതകരമായി രക്ഷിച്ചു. കഠിനമായ എതിർപ്പുകളുള്ള കാന്യ ഗ്രാമത്തിൽ നിന്നു ചില സ്നേഹിതരെ ലഭിച്ചു.

കഴിഞ്ഞ മാസങ്ങളിൽ പട്ടാളക്കാരുമായി സംഘർഷമുണ്ടായിരുന്ന ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ കറവയുള്ള പശു ചത്തു പോയതിൽ ദുഃഖിക്കുന്ന പിങ്കി ദേവിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കലാറാം, പ്രദീപ്, ഖുശി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും പല്യായാന ഗ്രാമത്തിലെ മുകേഷ് കുമാർ മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ ഭാര്യയെ ഉപദ്രവിക്കുന്ന സോനുവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നൗഷേര ഗ്രാമത്തിൽ നിലവിലുള്ള അന്ധവിശ്വാസവും ഗുരു ആരാധനയും എന്നന്നേക്കുമായി ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

**റിയാസി : ഡേവിഡ് അയ്യനാർ & മാൻപ്രീത് കൗർ**

യുദ്ധാന്തരീക്ഷം നിലനിൽക്കുന്ന അതിർത്തി ഗ്രാമങ്ങളിലുള്ള വിശ്വാസികളെയും സുവിശേഷ പ്രവർത്തകരെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു. പൂനി, അർണാസ്, കെരാൽ, തിരിന്ധ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മലാദ്, തലവാര എന്നീ ഗ്രാമങ്ങളിലുള്ള ഗുജ്ജാർ ജനവിഭാഗം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാറിടത്തിൽ കാൻസർ ബാധിച്ച മിഷനറിയുടെ മാതാവ് എസ്ഥേറിന്റെയും മൈഗ്രേയിൻ തലവേദനയാലും തൈറോയ്ഡിനാലും നട്ടെല്ലു സംബന്ധമായ പ്രശ്നങ്ങളാലും കഷ്ടപ്പെടുന്ന മിഷനറി മാൻപ്രീതിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റീയാസി മിഷൻ വയലിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിക്കുന്നതിനു താൽപര്യം കാണിക്കുന്ന ശക്തി ദേവിയുടെ കുടുംബത്തിന്റെ സാമ്പത്തീക ബുദ്ധിമുട്ട് പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.




## ജൂലൈ

**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

പ്രഭ കമാലി ഗോഡ്‌വിൻ
വസാവ ഹൻസ തോമസ്ബായി,
ജർണ പരിച്ച ബിപിൻ

### ഉധംപൂർ

**അരുൺ ഘാന്ത & റേണു**

സുവിശേഷീകരണ പ്രവർത്തനം, സത്സാംഗ് പ്രോഗ്രാം, വ്യക്തിഗത സുവിശേഷവേല എന്നിവയിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ദനോരി ഗ്രാമത്തിലെ ബാൽബിൽ കുമാർ വിടുതൽ പ്രാപിച്ചു. ഇപ്പോൾ അവൻ മുഴു കുടുംബവുമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. രജപുത് സമുദായത്തിൽ നിന്നും ജോഗിന്ദർ സിങ്ങും കുടുംബവും ഭഗത് വിഭാഗത്തിൽ നിന്നും വിദുത് കുമാറും കുടുംബവും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ആഭിചാര ദോഷത്താലും പൈശാചിക ബന്ധനത്താലും കഷ്ടപ്പെടുന്ന സെർബാദ് ഗ്രാമത്തിലെ സജ്ജൈ സിങ്, ദനോരി ഗ്രാമത്തിലെ ബാൻസു ദേവി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. നാല് അക്രൈസ്തവ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ പങ്കെടുത്ത കുട്ടികൾ യേശുവിന്റെ സ്നേഹം രുചിച്ചറിയേണതിനായി പ്രാർത്ഥിക്കുക. ഉദൈപൂർ മേഖലയിൽ പൈശാചിക സ്വാധീനത്താൽ അന്ധതയിൽ കഴിയുന്ന ജനങ്ങൾ യേശുവിന്റെ രക്തത്താൽ മോചിതരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ

### തണെധാർ

**ജപറോസൺ ബി & ഗായത്രി സി**

നാഗരാൻ സഭയിലെ ആരാധന യോഗത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു നേതൃത്വം നൽകുവാൻ ആവേശത്തോടെ ദാവൻ തയ്യാറായി. രണ്ടു വർഷത്തിലധികം പിന്മാറ്റത്തിലായിരുന്ന ലോകേഷ് വിശ്വാസത്തിലേക്കു തിരികെ വന്നു..

ക്രിസ്തീയ യുവാക്കൾ സാക്ഷ്യമുള്ള മാതൃകാ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിങ്കാൽ, നക്രാൻ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള സ്വതന്ത്ര ദൈവവേലക്കാർ നിമിത്തമുള്ള ബുദ്ധിമുട്ടുകൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ സമർപ്പണമുള്ള സ്വദേശ സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റിക്കോങ്പിയോ

**എ ശങ്കർ & ദുർഗ ദേവി**

പുഹാവ് റീജിയനിൽ ദൈവ കൃപയാൽ പുതിയ ആരാധന ക്കൂട്ടം ആരംഭിച്ചു. സ്കൂളിൽ നിന്നും മടങ്ങിവരുന്ന വഴിയിൽ നമ്മുടെ മിഷനറിയുടെ ആറു വയസ്സുള്ള മകൾ ആഴമുള്ള കുഴിയിൽ വീണെങ്കിലും കരുണാസമ്പന്നനായ ദൈവം അവളുടെ ജീവൻ രക്ഷിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

സഭാ ആരാധനയിൽ പുതുതായി സംബന്ധിക്കുന്നവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയത്തിൽ നീർവീക്കമുള്ള വിശ്വാസി സൻഗയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജൂലൈ
**വ്യാഴം**

### ജന്മദിനാശംസകൾ

കരുണാകരൻ കെ,
പ്രിൻസസ് നഗോമി വിക്ടർ

### രാംപൂർ

**ദൗതപായോ ഗുയിതെ & ഫ്ളോറൻസ് ലമുവങ്**

അനേകരോടു സുവിശേഷം പങ്കുവെച്ചു. കുറച്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഭവനത്തിലേക്കു മടങ്ങിപ്പോകുന്ന വഴിയിൽ പാമ്പിനെ ചവിട്ടിയ സൃഷ്ടി പാമ്പിന്റെ ദംശനമേൽക്കാതെ രക്ഷപെട്ടു. ഉൾഗ്രാമത്തിൽ താമസിക്കുന്ന രുൺജ ദേവിക്കു തന്റെ രോഗത്തിനു ആശുപത്രിയിൽ പോയി ചികിത്സിക്കുവാൻ പ്രയാസമാണ്. ദൈവം പ്രാർത്ഥന കേട്ടു അവളെ സൗഖ്യമാക്കി. കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി ആറു പുതിയ സ്നേഹിതരെ ലഭിച്ചു. ബേബി സൗര്യ രാത്രിയിൽ ദുസ്വപ്നങ്ങൾ കണ്ടു ഭയപ്പെടുന്നു. പ്രാർത്ഥന യോഗത്തിൽ കടന്നുവന്നു പ്രാർത്ഥിച്ചപ്പോൾ സകല ഭയത്തിൽ നിന്നും കർത്താവ് വിടുവിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നും ദൗജോപായെയും അയാളുടെ മകൻ ശമുവേലിനെയും അപകടത്തിൽ നിന്നും നിസാര പരുക്കുകളോടെ ദൈവം വിടുവിച്ചു.

പുതുതായി രക്ഷയിലേക്കു വന്നവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ രണ്ടു വർഷമായി പക്ഷഘാതത്താൽ കഷ്ടപ്പെടുന്ന സജൈജയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഷേർസിങ്, അജയ് എന്നിവർ പ്രമേഹ രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിവയറ്റിൽ കാൻസർ ബാധിച്ച ശാഷിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശ്യാം സുന്ദറിനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവരുടെ മുമ്പിലുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

### നെർവ : ഇമ്മാനുവേൽ എസ് & സംഗീത ജസിന്ത

സുവിശേഷം ശ്രവിച്ചവർക്കായി ദൈവത്തെ സ്തുതിക്കാം. ഇവിടുത്തെ ശുശ്രൂഷക്കായി FMPB മോട്ടർ സൈക്കിൾ നൽകി. പ്രതികൂലതയുടെ നടുവിൽ ചെയ്യുന്ന നെർവ മിഷൻ വയിലിലെ ശുശ്രൂഷകരെ ദൈവം പരിപാലിക്കേണ്ടതിനും ശുശ്രൂഷയെ അനുഗ്രഹിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

പീഡന ഭയത്തിൽ നിന്നും നെർവ മിഷൻ വയലിലെ വിശ്വാസികൾ മുക്തരായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന അനിൽ, മോഹൻലാൽ എന്നീ കുടുംബങ്ങൾ എതിർപ്പുകളെ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബരാനു, ബങ്കാൾ, അതുൾ എന്നീ ആരാധനക്കൂട്ടത്തിന്റെ ഉണർവ്വിനും യഥാസ്ഥാപനത്തിനുമായി പ്രാർത്ഥിക്കുക. മിഷനറിമാർക്കു പ്രവേശനം നിഷേധിച്ച ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ നാളുകളിൽ ദൈവീക പരിജ്ഞാനവും വിവേകവും പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക.

**4**

## ജൂലൈ

**വെള്ളി**

## ജന്മദിനാശംസകൾ

ലൗഡ്സി ഡെെൽസ് അരുൾമണി,
സത്യ പ്രകാശ്,
അമോജിത ബിനിത് പ്രസാദ്

## പഞ്ചാബ്

### ബുധ്ലാട

**പ്രതാപ് രഹാങ് & രശ്മി പ്രാവ**

ദഹലിയ, ദന്തോലി, ദാൽവാടി, മന്തിപേട, ബലോത് ബസ്തി എന്നീ റീജിയനുകളിൽ ദൈവകൃപയാൽ സത്സാംഗ് പ്രോഗ്രാം നടത്തി. പിരോക് കാലൻ, ഹരിഗർ ബസ്തി എന്നീ ഗ്രാമങ്ങളിൽ തടസ്സമില്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ക്രെൽ, ഹരിഗർ എന്നീ ഗ്രാമങ്ങളിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും മാൻപ്രീത് കൗർ വിടുതൽ പ്രാപിച്ചു.

നമ്മുടെ സന്നദ്ധ പ്രവർത്തകനായ ജാസ്പാൾ സിങ്ങിന്റെ മാതാവ് ഹൃദയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂത്രാശയത്തിലുണ്ടായ നീർവീക്കത്താൽ ഭാരപ്പെടുന്ന ആരാധനയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥന. കാലിലുണ്ടാകുന്ന വേദന നിമിത്തം നമ്മുടെ പ്രാദേശിക സുവിശേഷകൻ രാംസിങ്ങിന്റെ ഭാര്യ കരംജിത്തിനു നടക്കുവാൻ കഴിയുന്നില്ല. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൈഗ്രെയിൻ തലവേദനയാൽ കഷ്ടപ്പെടുന്ന മിഷനറി രശ്മിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### അമൃത്സർ

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത**

രണ്ടു ഗ്രാമങ്ങളിലുള്ള ചില വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. നിർമ്മ കൗർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. മാനസിക രോഗത്തിൽ നിന്നും നമ്മുടെ സഭാ മൂപ്പൻ ബോഹാർ സിങ് വിടുതൽ പ്രാപിച്ചു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷത്തിൽ അതിർത്തി മേഖലയിൽ പാർക്കുന്ന നമ്മുടെ വിശ്വാസികളെ ദൈവം കൃപയാൽ പരിപാലിച്ചു. സ്കൂളിലേക്കു പോകുന്ന വേളയിൽ നമ്മുടെ വിശ്വാസിയുടെ മകൾക്കു മിന്നലേറ്റു ബോധം മറഞ്ഞു. ദൈവീക പരിപാലനത്താൽ അവൾ ജീവനിലേക്കു തിരികെ വന്നു. പുതിയ സ്നേഹിതർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

മാനസിക പ്രശ്നങ്ങളാൽ കഷ്ടപ്പെടുന്ന നമ്മുടെ വിശ്വാസി രജിന്ദർ സിങ്ങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ സ്നേഹിതരായ അരോമയും കുടുംബവും വലിയ കടഭാരത്താൽ വലയുന്നു. അവർ അതിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ലൗവ്ലി, ബിന്ദു, ആശിഷ്, തോമ, റാണി എന്നിവർ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ഖാഷ ഗ്രാമത്തിൽ ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യസക്തരായ ഭോല സിങ്, രോഷൻ സിങ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഖാസ, ഭാൽ, കാലൻ, ഗാന്ധിനഗർ, ചിന്ന എന്നീ ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം നടത്തുന്നതിനു പദ്ധതിയിട്ടിരിക്കുന്നു. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




## ജൂലൈ
**ശനി**

### ജന്മദിനാശംസകൾ

പുഷ്പാഞ്ജലി ധ്രുബരാജ്,
നില ഹസ്ദ മുർമ്മു,
മേദങ്കി ശ്രീനിവാസ റാവു,
ദേവി റാണി ജയ്ബീർ സിങ്,
സുബില വിനു, ശിവശങ്കർ,
ദിഗുമാർത്തി പ്രശാന്തി,
കിരൺ ദേവി അഖിലേഷ്,
പ്രമീള സിങ് ലിമ്മ, ഹന്ന സിങ്

### മാലൗട്
**സ്റ്റീഫൻ ആർ & ശിവഗാമി ടി**

അനേകർ സുവിശേഷം ശ്രവിച്ചു. ഫരീദ് കോട്ടിൽ റീജിണൽ തലത്തിൽ നടത്തിയ നേതൃത്വ പരിശീലന ക്യാമ്പിൽ പത്തു യുവജനങ്ങൾ പങ്കെടുത്തു. കുട്ടികളുടെ യോഗവും സ്ത്രീകളുടെ പരിശീലനവും വിജയകരമായി നടത്തി. രാജസ്ഥാനിൽ ജോലിക്കു പോയ നമ്മുടെ വിശ്വാസികൾ സാമ്പത്തീകമായി അനുഗ്രഹിക്കപ്പെട്ടു. അവർ ദൈവാലയത്തിനു ഉച്ചഭാഷണി സംഭാവനയായി നൽകി.

ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷ പ്രഘോഷണത്തിലൂടെ സുവശേഷം ശ്രവിച്ചവർ അനുതപിച്ച് പാപം ഏറ്റു പറഞ്ഞ് യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഹിമ പുർജ്, സേഖ കലൻ, ബാരു, സാഹിബ്ചന്ദ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സന്ദീപും ജാസ്പ്രീതും വിടുതൽ പ്രാപിച്ചു. അഞ്ചു സ്ഥലത്തു നടത്തിയ വിബിഎസിൽ പങ്കെടുത്ത കുട്ടികളുടെ ജീവിതം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. കൊത്തബായി ഗ്രാമത്തിൽ ആഭീചാര ക്രീയയിൽ ഏർപ്പെട്ടിരിക്കുന്ന 33 വ്യക്തികളെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊത്തബായി ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

### ബർണാല : ബിദാൻ ഹസ്ത & പൻസുരി മോഹ്ലിൻ

രണ്ടിടത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും യോഗം, സത്സാംഗ് പ്രോഗ്രാം എന്നിവ അനുഗ്രഹകരമായി നടത്തി. 20 വയസ്സുള്ള ബസ്തി തപ്തി മാന്ദി എന്ന യൗവ്വനക്കാരൻ മാനസിക രോഗത്തിൽ നിന്നും മുക്തനായി. ഗുരുതരമായ പരുക്കും ഒടിവും സംഭവിച്ച മോന രവിയെ പ്രാർത്ഥനയുടെ ഫലമായി ദൈവം വിടുവിച്ചു.

വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ സുനിത റാണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രമേഹ രോഗം നിമിത്തം മോനയുടെ അമ്മായിയമ്മ നിര്യാതയായി. കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഒരു കുടുംബത്തിലെ നാലു പേർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. അടിക്കടി രോഗിയാകുന്ന രേണുവിന്റെ മകൾ രാച്ചനയെ കർത്താവ് പരിപൂർണ്ണമായി സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തസ്റീം, റീത്തു, സുമൻ, ബേബി, അഭിഷേക്, കാരൻ, സണ്ണി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ നാലു മാസമായ പൈതലിനെ ബാലാരിഷ്ടതയിൽ നിന്നും കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 6 ജൂലൈ ഞായർ

### ജന്മദിനാശംസകൾ

മേബൽ ഫ്ളോറൻസ് ശമുവേൽ,
തെങ്കം സംഗീത സുനിൽ കുമാർ,
ശലോമി ഹസ്ത

### മാൻസ

**ദെബർത്തോ വിശ്വാസ് & മന്നസിങ്**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഈ മിഷൻ വയലിൽ നടത്തിയ വ്യത്യസ്തമായ ശുശ്രൂഷയിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. ചാനെ വാലെ, ദിൻഗട് എന്നീ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഏഴു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട പാലക്കി ഗ്രാമത്തിലെ ഉകിൽ സിങിനെയും കുടുംബത്തെയും ദൈവം പ്രാർത്ഥന കേട്ടു വിടുവിച്ചു.

ഈ സാമ്പത്തീക വർഷം വലിയൊരു സമൂഹത്തോടു സുവിശേഷം പങ്കുവെക്കുക എന്ന ദർശനം യാഥാർത്ഥ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസ് നടത്തുന്നതിനായി പ്രയോജനകരമാകുമാറ് ക്രമീകരിച്ച വിബിഎസ് അദ്ധ്യാപക പരിശീലനത്തിൽ പങ്കെടുത്തുവരുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഈ ശുശ്രൂഷയിലൂടെ അനേക കുട്ടികൾ അനുഗ്രഹിക്കപ്പെടേണതിനായി പ്രാർത്ഥിക്കുക. റീങ്കു സിങ് മദ്യാപാനത്തിൽ നിന്നും മുക്തനാകേണ്ടതിനും കുടുംബം യേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. കുടിയേറ്റ തൊഴിലാളികളായി അന്യ ദേശത്തു പോയതിനാൽ ദീർഘകാലമായി ആരാധനയിൽ സംബന്ധിക്കാതിരിക്കുന്നവർ വിശ്വാസത്തിൽ ക്ഷീണിച്ചു പോകാതെ ദൈവമുമ്പാകെ വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### കിച്ച

**ബിഭാമ പാനി & ബിത്തിക നായ്ക്**

സമീപത്തുള്ള ഗുരുദ്വാരയുടെ എതിർപ്പിനെ കുറിച്ചുള്ള ഭീതിയുടെ മദ്ധ്യെ നമ്മുടെ വിശ്വാസികൾ വിശ്വാസത്തിൽ വളരുന്നു. ദീപക്കിന്റെ മകൾ പ്രമേഹ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. ക്ഷയരോഗത്തിൽ നിന്നും ജസ്വിന്ദർ വിടുതൽ പ്രാപിച്ചു. സഞ്ചന ഗ്രാമത്തിലെ സഞ്ചു പക്ഷാഘാതത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. പ്രതികൂല സാഹചര്യത്തിന്റെ മദ്ധ്യത്തിൽ സമൂഹത്തെ ഭയപ്പെടാതെ അമനും കുടുംബവും തങ്ങളുടെ ഭവനം പ്രാർത്ഥന യോഗം നടത്തുന്നതിനായി തുറന്നു നൽകി.

വിശ്വാസികൾ ഇവിടെ നിലനിൽക്കുന്ന എതിർപ്പു നിമിത്തം തങ്ങളുടെ ഭവനത്തിൽ ആരാധന നടത്തുന്നതിനു ഭയപ്പെടുന്നു. ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ ഒരു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കെർബാൽ സിങും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടെലി ഗ്രാമത്തിലെ ജനങ്ങൾ യേശുവിന്റെ സ്നേഹം അറിയേണ്ടതിനായി പ്രാർത്ഥിക്കുക. ലക്വിന്ദർ കൗറിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.




**ജൂലൈ**

**തിങ്കൾ**

## ജന്മദിനാശംസകൾ

ജയിൻ ഇരൈപിച്ചൈ,
ചിത്തരഞ്ജൻ താണ്ടി, ദീപാർത്ഥന,
ദീപിക റാണി പാനി

### മാൽധാന്ചൗർ

**ശിശു പാൽ & അനിൽ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചതിലൂടെ കുറച്ചു പേർ സുവിശേഷം ശ്രവിച്ചു. ഇവരിൽ ചിലർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. പൈശാചിക ബന്ധനത്തിൽ നിന്നു സന്ധീപും സുമറും വിടുതൽ പ്രാപിച്ചു.

പിരുമധാര ഗ്രാമത്തിൽ വെള്ളിയാഴ്ച തോറും നടത്തുന്ന സത്സാംഗ് യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. . പ്രതാപ്പൂർ, ധാനൗരി എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിക്കേണതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ദീപോ, സുമിത്രോ, സുമൻ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായും അജയ്, ഗീത, പ്രതാപ് സിങ്, സൂരജ്, രാജ്കുർ, ഷാർദ, ഇന്ദർപാൽ എന്നിവരുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കുക.

## ഹരിയാന

### തോഷാം

**അജയ് ബർദെ & ഷ്യാതുൾ**

സ്ത്രീകളുടെ പ്രാർത്ഥന യോഗത്തിലും, കുട്ടികളുടെ വേദപഠന ക്ലാസ്സിലും സത്സാംഗ് പ്രോഗ്രമിലും വിശ്വാസികളുടെ കുടുംബ സംഗമത്തിലും അനേക വിശ്വാസികൾ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. ദേവാസ് നഗറിലുള്ള നമ്മുടെ വിശ്വാസി മുകേഷിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മുകേഷിന്റെ 18 വയസ്സുള്ള മകൻ രോഹിത്ത് മാനസാന്തരപ്പെട്ടു ദൈവപൈതലായി മാതാപിതാക്കളെ അനുസരിച്ചു ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ സാക്ഷ്യ ജീവിതത്തിലൂടെ അനേകർ കർത്താവായ യേശുവിന്റെ സ്നേഹം അറിയേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ രണ്ടു മാസമായി വേർപിരിഞ്ഞു ജീവിക്കുന്ന സണ്ണിയുടെ ഭാര്യയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക രേഖ**

ഗുംഹാർ, രജപുത്ത്, നായിക്, റൈസിക്കിയാർ, ധനക് എന്നീ ജാതിക്കൂട്ടങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വാല്മീകി സമുദായത്തിലുള്ള മംഗത്രയുടെ അനുശോചന യോഗത്തിൽ ഹരിയാന, രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നു വന്ന ബന്ധുക്കൾ സുവിശേഷം ശ്രവിച്ചു.

ദാബാവാലി റീജിയനിൽ വിശ്വാസികളുടെയും സ്ത്രീകളുടെയും സഭാമൂപ്പന്മാരുടെയും പരിശീലന യോഗവും ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ യോഗവും ഫലപ്രദമായി നടത്തി. യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ തയ്യാറെടുക്കുന്നവരുടെ മുമ്പിലുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിലുണ്ടായ ട്യൂമർ നിമിത്തം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന സുഖ്ദേവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മിഷനറി ദീപിക രേഖ രോഗങ്ങളിൽ നിന്നും സൗഖ്യമുള്ളവളായി ആരോഗ്യത്തോടിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജൂലൈ**

**ചൊവ്വ**

## ജന്മദിനാശംസകൾ

ബ്രൈറ്റ് ജയകുമാർ. സി,
ബിദുഷ് കുമാർ നായക്,
പ്രഭാഷിണി പവൻ കുമാർ

## രാജസ്ഥാൻ

### തപുക്കാര

**ദാനിയേൽ മാർവൽരാജ് & ജപശീലി**

രഹസ്യ ക്രിസ്ത്യാനിയായ സുനിത തന്റെ സഹോദരി കവിതക്കു സർക്കാർ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥന കേട്ടു. ബാഹ്യ ഇടപെടലുകളില്ലാതെ അവൾക്കു സർക്കാർ ജോലി ലഭിച്ചു. രക്തസ്രാവം നിമിത്തം കഷ്ടപ്പെടുന്ന നമ്മുടെ പുതിയ സ്നേഹിതനായ മങ്കലയുടെ മകൾക്കു വിവിധ ചികിത്സകൾ നൽകിയെങ്കിലും പ്രയോജനപ്പെട്ടില്ല. ഒടുവിൽ പ്രാർത്ഥനയാൽ ദൈവം അവളെ സൗഖ്യമാക്കി. തിളച്ച വെള്ളം കൈയ്യിൽ വീണ് വിരലുകൾ പൊള്ളിയ നമ്മുടെ വിശ്വാസി സോനുവിന്റെ ഒരു വയസ്സുള്ള പൈതലിനെ ദൈവം പ്രാർത്ഥനയാൽ സൗഖ്യമാക്കി. രേഖ, അനിത എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു.

വിശ്വാസത്തിനെതിരെ നിലനിൽക്കുന്ന എതിർപ്പുകൾ നിമിത്തം ഭയന്നു കഴിയുന്ന വിശ്വാസികളെ കർത്താവ് ധൈര്യപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു എതിർപ്പു പ്രകടിപ്പിക്കുന്നവർ മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ മാസവും തൊണ്ടക്കു അണുബാധയുണ്ടാകുന്ന നമ്മുടെ വിശ്വാസി ഗുഡിയായുടെ ഏഴു വയസ്സുള്ള മകളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹൻസരാജ് കരൾ, വൃക്ക എന്നിവ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ഹനുമാൻഘട് : മുധവാത്ത് രാജു & ബുക്യ ധാൻസി ഭായ്**

നമ്മുടെ വിശ്വാസികൾ രാത്രിയിൽ ജോലി ചെയ്തിരുന്ന കമ്പനിയിൽ അനേകരുടെ ജീവൻ നഷ്ടപ്പെടുവാൻ ഇടയായ പൊട്ടിത്തെറിയിൽ നമ്മുടെ വിശ്വാസികളെ ദൈവം അത്ഭുതകരമാം വിധം സംരക്ഷിച്ചു. നമ്മുടെ വിശ്വാസിയുടെ സഹോദരപുത്രൻ വിവാഹത്തിന്റെ അവസാന നിമിഷത്തിൽ പിതാവിന്റെ മദ്യപാനം കാരണം വിവാഹത്തിൽ നിന്നും പിന്മാറി. ഞായറാഴ്ച ആരാധന മദ്ധ്യേ നൽകിയ ആലോചനയിൽ അവൻ വിവാഹത്തിനു തയ്യാറായി ജാതികളുടെ ഇടയിൽ ദൈവനാമം മഹത്വപ്പെട്ടു. ഈ മിഷൻ വയലിലെ എട്ടു യൗവ്വനക്കാർ ഒരു വർഷത്തെ വേദപഠന പദ്ധതി വിജയകരമായി പൂർത്തീകരിച്ചു.

മസ്തിഷ്കത്തിൽ കാൻസർ ബാധിച്ച നമ്മുടെ പുതിയ സ്നേഹിതൻ പൂജയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നങ്ങൾ നിമിത്തം വിശ്വാസത്തിൽ നിന്നു പിന്മാറി ലൗകീക ജീവിതം നയിക്കുന്ന കിഷൻ സിങിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങൾ പരിശ്രമിച്ചിട്ടും സർക്കാർ ജോലി ലഭിക്കാത്തതിനാൽ നിരാശയിലായിരിക്കുന്ന മാദൻ സിങിനായി പ്രാർത്ഥിക്കുക. ജോർജ്ജ്, അജയ്, നിർമ്മൽ എന്നിവർക്കു ഉപജീവന മാർഗ്ഗമായി ഒരു തൊഴിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

9

## ജൂലൈ

**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

### ഗംഗാനഗർ

**ബിനോത് സൊമ്രമേരി & മിറില;**
**ബോദാർ അമൃതബായ് &**
**സുവേര മാർത്തബഹൻ**

പൈശാചിക ബന്ധനത്തിൽ നിന്നും സന്ധീപ് കുമാർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിര ഭായിയുടെ മുട്ടിനു നടത്തിയ ശസ്ത്രക്രീയ വിജയകരമായിരുന്നു. ബജിന്ദറിന്റെ കുടുംബം പരസ്പരം അനുരജ്ഞനത്തിലായി സമാധാന ജീവിതം നയിക്കുന്നു.

സുവിശേഷം പ്രഘോഷിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തത്തിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന ശാന്തി ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദൈവം കരുണ ചെയ്തു ബാൽജിന്ദെർ കൗറിനു ഒരു പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുരേന്ദർ, ഹനുമാൻ എന്നിവർ ആരാധന യോഗത്തിൽ പതിവായി പങ്കെടുക്കുന്നു.

### ഉദൈപൂർ

**ആശിഷ് കുമാർ & സവിത ദേവി**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ സഭാമൂപ്പനായ രഞ്ജിത്തിന്റെ മകന്റെയും മകളുടെയും വിവാഹം ക്രിസ്തീയ രീതിയിൽ എതിർപ്പുകളില്ലാതെ നടത്തി. നമ്മുടെ സുവിശേഷകൻ മോഹന്റെ മകന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ജൂൺ മാസത്തിൽ അഞ്ചു സ്ഥലത്തു സംഘടിപ്പിച്ച വിബിഎസിൽ പങ്കെടുത്ത കുട്ടികൾ യേശുക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിലും വിശ്വാസത്തിലും വളരേണ്ടതിനായി പ്രാർത്ഥിക്കുക. ത്ലാവിയ വാട, പ്രാഗിയപാട എന്നീ അരാധനക്കൂട്ടങ്ങളിൽ ഉണ്ടായ പീഡനത്തെ തുടർന്നു പിന്മാറിപ്പോയ വിശ്വാസികൾ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ലീല, സോണിയ എന്നിവരുടെ ഉദരത്തിലുരുവാകുന്ന ശിശുക്കൾ നഷ്ടപ്പെട്ടു പോകുന്നു. ഇവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണതിനായി പ്രാർത്ഥിക്കുക.

### അജിത്ഘട്

**ജയ്ബീർ സിങ് & ദേവി റാണി**

സുവിശേഷീകരണ വേളയിൽ സന്ദർശിച്ച പുതിയ ഗ്രാമത്തിൽ ഒരു പുതിയ സ്നേഹിതനെ ലഭിച്ചു. ലളിതയുടെ ഒമ്പതു വയസ്സുകാരൻ മകൻ ഹിമൻഷു, പിതാവ് വഴക്ക് പറഞ്ഞ കോപത്തിൽ നട്ടുച്ചയ്ക്ക് ഭവനത്തിൽ നിന്ന് ഇറങ്ങിപ്പോയി. പ്രാർത്ഥനയോടു കൂടി ബന്ധുക്കൾ അവനെ തേടി നടന്നു. രാത്രിയിൽ സമീപത്തുള്ള റെയിൽവേ സ്റ്റേഷനിൽ അവനെ കണ്ടെത്തി.

ചേത്രം ഒരു ഉത്തമ വിശ്വാസിയാകുന്നു. അവൻ കടഭാരത്താൽ വലയുകയാണ്. കടങ്ങളിൽ നിന്നു മുക്തനാകത്തക്കവിധം അവനു ഒരു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി പൈശാചിക ബന്ധനത്തിലാകുന്ന പ്രേമിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന പ്രേമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




**ജൂലൈ**

**വ്യാഴം**

## ജന്മദിനാശംസകൾ

ദേവിക കൃപ കുളു,
ബനിത് ടോപ്പോ പൗലൊസ്
മല്ല വിദ്യാസാഗർ,
ജഗമോഹൻ സിങ്

# ഉത്തർപ്രദേശ്

### റാണിയ

**അനിൽ കുമാർ & കവിത**

പരാജോർ ദൈവാലയത്തിൽ നടത്തിയ സ്ത്രീകളുടെ പരിശീലന പ്രോഗ്രാമിൽ 45 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നരൻജൻപൂർ ഗ്രാമത്തിൽ സംഘടിപ്പിച്ച വിബിഎസിൽ 35 കുട്ടികൾ സംബന്ധിച്ചു. അടിക്കടി അബോധവാസ്ഥയിലാകുന്ന സോനു ഒടുവിൽ കൈകാലുകളിലെ ഞരമ്പു കോച്ചി വലിക്കുന്ന അവസ്ഥയിലാകും. പ്രാർത്ഥനയിലൂടെ അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും സംഗിത വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുര, കാന്ത്ര എന്നീ ഗ്രാമങ്ങളിലെ പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സത്യം മനസ്സിലാക്കുന്നതിനു തടസ്സമായി നിൽക്കുന്ന സ്വതന്ത്ര ദൈവവേലക്കാരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ മകൾ ത്വക്കിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### പൊക്കറായൻ

**ശാന്ത കുമാർ & ജിൻസി**

കിരിയാൻപൂർ ഗ്രാമത്തിൽ പുതുതായി ഒരു ദിനപരിപാലന കേന്ദ്രം ആരംഭിച്ചു. ഇവിടെ ക്രമീകരിച്ച ആത്മീക യോഗത്തിൽ നട്ട് സമുദായത്തിലുള്ള അനേക ആളുകൾ ദൈവവചനം ശ്രവിച്ചു. ഇവിടെ സംഘടിപ്പിച്ച വിബിഎസിൽ 115 കുട്ടികൾ പങ്കെടുത്തു. ഇഷ്ടിക കളത്തിൽ ജോലി ചെയ്യുന്ന ബീഹാരി ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നട് സമൂദായത്തിൽ ഉള്ള അങ്കജ്, ശിവം എന്നിവർക്കു തമഴിനാട്ടിലെ നസറേത്ത് പോളി ടെക്നിക്കിൽ തുടർ പഠനത്തിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പുതുതായി ആരംഭിച്ച ദിന പരിപാലന കേന്ദ്രത്തിലെ അദ്ധ്യാപകരായ അമൻ, കാജിൽ എന്നിവർക്കു ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാചകക്കാരായ സരസ്വതി, ഗീത എന്നിവരെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഏറിയ സമർപ്പണത്തോടെ കർത്താവിന്റെ വേല ചെയ്യുന്ന സഭാമൂപ്പൻ രാജ്കുമാറിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഊമയും ചെകിടയുമായ ഗായത്രിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൊക്കറായൻ ദൈവാലയ കൊമ്പൗണ്ടിൽ നിർമ്മിക്കുന്ന കമ്യൂണിറ്റി പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ രേഖകളും ശരിയായ വിധം തയ്യാറാക്കി. പൊക്കറായൻ വസ്തുവിന്റെ ആധാരം ലക്നൗ മഹായിടവകയിൽ നിന്നും ലഭിക്കേണതിനായി പ്രാർത്ഥിക്കുക.

## 11

## ജൂലൈ

**വെള്ളി**

### ജന്മദിനാശംസകൾ

പോൾ സമ്പത്ത്

### ബഹർത്താന

**രാജൻ എസ് & മലർ എസ്**

കൊടുങ്കാറ്റിൽ വീടിന്റെ മേൽക്കൂര നമ്മുടെ സ്വദേശ സുവിശേഷകന്റെയും മാതാവിന്റെ മേൽ വീണെങ്കിലും ദൈവം അവരെ പരിപാലിച്ചു. വിശ്വാസികളുടെ കുടുംബ സംഗമം അനുഗ്രഹകരമായി സംഘടിപ്പിച്ചു. അപസ്മാര രോഗത്തിൽ നിന്നും സിമ്പലിനെയും 15 വർഷമായി ശരീര വേദനയാൽ വലഞ്ഞ ബാബു റീമിനെയും കർത്താവ് സൗഖ്യമാക്കി. മദ്യാസക്തിയിൽ നിന്ന് യോഗേന്ദ്ര, സർവ്വേശ് എന്നിവരും പൈശാചിക ബന്ധനത്തിൽ നിന്ന് സനം, ഹികപാദിക് എന്നിവരും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനിപിന്റെ കുടുംബാംഗങ്ങളെ ദൈവം വലിയൊരപകടത്തിൽ നിന്നും പരിപാലിച്ചു. പാചകം ചെയ്യുന്ന വേളയിൽ പാചക എണ്ണയ്ക്കു പകരം ഡീസൽ ഒഴിച്ചു. വലിയ തീപിടുത്തം ഉണ്ടാകാമായിരുന്നിടത്ത് ദൈവം കാത്തു പരിപാലിച്ചു.

വൃക്ക സംബന്ധമായ രോഗം നിമിത്തം രണ്ടു ശസ്ത്രക്രിയയ്ക്കു വിധേയായ കുന്തിക്കു കാൻസർ രോഗമാണെന്നു തിരിച്ചറിഞ്ഞു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഖുഷ്ബു, പ്രീയ, സഞ്ചു, സംഗീത, ആർജി എന്നിവരുടെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക. വിവാഹ പ്രായത്തിലായ ക്രിസ്തീയ യൗവ്വനക്കാർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴുത്തിന്റെ ഭാഗത്തെ ഞരമ്പിൽ രക്തം കെട്ടിനിൽക്കുന്ന നീലൂവിന്റെയും കരളിൽ കാൻസർ ബാധിച്ച അവിനാശിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ അഞ്ചു വർഷമായി രക്തധമനിയിൽ ട്യൂമർ ബാധിച്ച ഹർഷബാബുവിനെ കർത്താവ് തന്റെ അടിപിണരാൽ സൗഖ്യമാക്കി.

### അസം

### ഗോഹ്പൂർ

**നാഥൻ കുമാർ & നിരുപമ ഘോഷല**

കുതും ഗ്രാമത്തിൽ രാത്രി യോഗങ്ങൾ നടത്തി. ഒരു പുതിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. നദീ തീരത്തുള്ള ബോർത്താമുലി ഗ്രാമത്തിൽ വിശ്വാസികളുടെ ക്യാമ്പ് നടത്തി. ഇവിടെ നടത്തിയ കുട്ടികളുടെ യോഗത്തിൽ 40 കുട്ടികൾ പങ്കെടുത്തു ദൈവവചനം ശ്രവിച്ചു. ചക്കാല സഭയിൽ സഭാമൂപ്പന്മാരുടെ പരിശീലനം ക്രമീകരിച്ചു. രാജബോരിയിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 24 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ജാമുഗിരിയിലെ ദൈവാലയ നിർമ്മാണം പുരോഗമിക്കുന്നു.

ഉടനെ നടത്തുവാൻ പോകുന്ന ജീസസ് ഫിലിം പ്രദർശനം, രാത്രി യോഗങ്ങൾ, വിശ്വാസികളുടെ ക്യാമ്പ് എന്നിവയിലൂടെ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിലെ പരീക്ഷയിൽ പരാജയപ്പെട്ട മഹാലക്ഷ്മി നിരാശപ്പെടാതെ പ്രാർത്ഥനയോടെ വീണ്ടും പരീക്ഷ എഴുതേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി സ്പോൺസറായ സരോദിനി ഡോളെയുടെ പൈതലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 12 ജൂലൈ
**ശനി**

### ജന്മദിനാശംസകൾ

,ജസിയ്യ ഹാരിസ്,
കുപ്പുസ്വാമി പി,
ബിദ്യുത് കുമാർ സിങ്

## ജാർഖണ്ഡ്

### അമടപാട

**വ്യാസു ബാബു & സൗന്ദര്യ**

ബാബുദേഹ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണത്തിന്റെ ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ കുടുംബ സംഗമം വിജയകരമായി നടത്തി. മഞ്ഞപിത്തിൽ നിന്ന് സ്റ്റീഫൻ മുർമ്മുവും ക്ഷയ രോഗത്തിൽ നിന്ന് നിർമ്മലും അഞ്ചാം പനിയിൽ നിന്ന് സിമോ മുർമ്മു, വിശ്വാസ് ബസ്ര എന്നിവരും അപസ്മാര രോഗത്തിൽ നിന്ന് ഗണേശ് ടുഡുവും ടൈഫോയ്ഡിൽ നിന്ന് പുർമിളയും പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു.

ഈ മേഖലയിൽ പടർന്നു പിടിക്കുന്ന മലേറിയ രോഗത്തിൽ നിന്നും ദൈവം ബസ്കോ ഗ്രാമത്തിലെ ജനങ്ങളെ സുരക്ഷിതമായി പരിപാലിച്ചു. സന്താൾ സമുദായത്തിൽ നിലനിൽക്കുന്ന ഡൈൻ എന്ന ദുരാത്മാവിനെ ചുറ്റിപറ്റിയുള്ള അന്ധവിശ്വാസങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താലുളവായ രോഗത്തിൽ നിന്നും സഭാമൂപ്പൻ പൗലൊസ് ഹൻസ്ത വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാരത്തിൽ നിന്നും റൂഷിലയും ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നും നിർമ്മല മാറാണ്ടിയും കാലാജാറിൽ നിന്നും ജോസഫ് മാറാണ്ടിയും കാൻസർ രോഗത്തിൽ നിന്നും മാജൻ ഹെമ്രവും ക്ഷയ രോഗത്തിൽ നിന്നും ബാബുറാം സൊറനും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അമലഗാച്ചി : ഗജൻ ചമ്പ്രമേരി & റോഷില മോച്ചഹരി

കഴിഞ്ഞ 12 വർഷമായി മക്കളില്ലാതെ ഭാരപ്പെട്ട സഭാമൂപ്പൻ ശമുവേലിന്റെ കുടുംബത്തിൽ ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. അയാളുടെ ഭാര്യ ആറു മാസം ഗർഭിണിയാണ്. നല്ല മഴ നൽകി ദൈവം അനുഗ്രഹിച്ചു. അനേക ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനകളും ആത്മീക യോഗങ്ങളും നടത്തി.

ഈ മിഷൻ വയലിൽ വിബിഎസ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശീലന പ്രോഗ്രാമിൽ 98 വ്യക്തികൾ പങ്കെടുത്തു. ഈ വിബിഎസിലൂടെ അനേക കുഞ്ഞുങ്ങളെ കർത്താവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീർളി ഗ്രാമത്തിലെ ചിലർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. അവർ ആ ഗ്രാമത്തിലുള്ള സ്വസമുദായത്തിൽ നിന്നും എതിർപ്പുകൾ നേരിടുന്നു. ഗ്രാമീണരെ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കണമെന്ന ആഗ്രഹത്തിൽ ആരംഭിച്ച വയോജന വിദ്യാഭ്യാസ പദ്ധതിയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. കുടിവെള്ളത്തിനു വേണ്ടി ദൂരസ്ഥലത്തേക്കു പോകേണിവരുന്ന ഗ്രാമീണർക്കു സർക്കാർ ജലം ലഭ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നോടി സഭാ മൂപ്പൻ ദിലീപ് പഹാടിയ രോഗസൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലയെ എതിർക്കുന്ന വിവിധ തരത്തിലുള്ള ഗുരു പ്രസ്ഥാനക്കാർ യേശുവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.




**ജൂലൈ**
**ഞായർ**

## ജന്മദിനാശംസകൾ

ബനിൽഡ ദയാസിങ്

### ദുംങ്ക ഹോസ്റ്റൽ

**പ്രൊദീപ് മുഷഹാരി & പ്രോപില്ല**

നമ്മുടെ ബാലഭവനത്തിലെ ഏഴു കുട്ടികൾ പത്താം ക്ലാസ്സിലെ പരീക്ഷ എഴുതി ഡിസ്റ്റിക്ഷനോടെ പാസ്സായി. കുട്ടികളുടെ ഇടയിലുള്ള വേദപഠന ക്ലാസ്സ് നല്ല രീതിയിൽ നടക്കുന്നു. മാകു ഹൻസ്താക് രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. കൗമാരക്കാരായ കുട്ടികൾക്കു കൗൺസിലിംഗ് നൽകി.

പത്താം ക്ലാസ്സിലെ പരീക്ഷ പാസ്സായവർക്കു തുടർ പഠനത്തിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 12 -ാം ക്ലാസ്സിലെ പരീക്ഷ വിജയിച്ചവർക്കു നല്ല കോളജിൽ പഠനത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മധ്യ വേനൽ അവധിക്കാലത്തു കുട്ടികൾ പഠിച്ച വേദവാക്യങ്ങൾ അവരുടെ ഹൃദയങ്ങളിൽ എഴുതേണ്ടതിനും അവരുടെ ദൈനംദിന ജീവിതത്തിൽ അതു പ്രകടമാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### രാംഗഡ്

**ലെത്ഖോലുൻ ബൈയ്തെ & ഹത്നെകിം**

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു രക്ഷിതഗണത്തിലായവർക്കായി ദൈവത്തിനു സ്തോത്രം. അനേക ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വലിയൊരു കൂട്ടം ആളുകൾ സുവിശേഷം ശ്രവിച്ചു. 12 ഗ്രാമങ്ങളിൽ നാടകത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. അപകടത്തിൽ പരുക്കു പറ്റിയ പ്രീയങ്ക മുർമ്മുവിനെ കർത്താവ് സൗഖ്യമാക്കി.

ജറാറി ഗ്രാമത്തിലെ ലുഖി ടുഡുവിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന സുരേഷ്, രാഹുൽ, രൂബിലാൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രൺബോഹർ ഗ്രാമത്തിലെ ഒരു കുടുംബം യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനു തയ്യാറെടുക്കുന്നു. ഇവർ വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര ദോഷത്താൽ കഷ്ടപ്പെടുന്ന മിർജടോള ഗ്രാമത്തിലെ ജിത്രാൽ ടുഡുവിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

### ആദ്യഫലം

ജാർഖണ്ഡിൽ ബട്ടോള മിഷൻ വയലിലുള്ള നമ്മുടെ സ്വദേശ സുവിശേഷകന്റെ മകൻ സുനിൽ മാറാണ്ടി M.Sc. B.Ed. പാസ്സായി രാജമഹാൾ ജൂനിയർ കോളജിൽ പ്രൊഫസറായി ആയി ജോലിയിൽ പ്രവേശിച്ചു. ദൈവത്തോടുള്ള നന്ദി സൂചകമായി തന്റെ ആദ്യ ശമ്പളമായ 70,000 രൂപ ബട്ടോളയിൽ നടത്തിയ വിശ്വാസികളുടെ സമ്മേളനത്തിന്റെ ചിലവിലേക്കു സംഭാവനയായി നൽകി. ഇതിനു പുറമെ സുവിശേഷകൻ ശമുവേൽ മാറാണ്ടിയുടെ മകൾ സുനിത മാറാണ്ടി മിഷനറിയായി FMPB യിൽ ചേർന്നു പരിശീലനം പൂർത്തീകരിച്ചു. അവൾ ഇപ്പോൾ കുടുംബമായി മദ്ധ്യപ്രദേശിൽ കർത്താവിന്റെ വേല ചെയ്യുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!




## ജൂലൈ
**തിങ്കൾ**

### ജന്മദിനാശംസകൾ

ബൻഹൂർ വൈ,
ജിക്കി എഡ്വേർഡ്

### രാജമഹാൾ കമ്യുണിറ്റി കോളജ്

**ജോൺസൺ രാജദുരൈ & വിനോദിനി**



ബരാമ്പി, ദമറുബിട്ട പട്ടുവാടെ, ഛോട്ട ജറ, പുസെറ, ദാപനി, ഗുട്ടിബടോ, സുന്ദർ പഹാടി, ദുല്ലെ, പൊക്കാറിയ, ചത്ര, അംജിറോ, ബിജിറിയ എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന വയോജന വിദ്യാഭ്യാസ പദ്ധതി 2000 സ്ത്രീ പുരുഷന്മാർക്കു പ്രയോജനപ്പെടുന്നു. 16 യൗവ്വനക്കാർ തങ്ങളുടെ ഉപജീവന മാർഗ്ഗമായി തയ്യൽ പഠിക്കുന്നു. കമ്യൂണിറ്റി കോളജിൽ ക്രമീകരിച്ച ഹൃസ്വകാല കമ്പ്യൂട്ടർ പഠന കോഴ്സിൽ 24 യൗവ്വനക്കാർ പങ്കെടുത്തു. മാൾട്ടോ ഭാഷയുടെ സാക്ഷരത, മാധ്യമ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക. മാൾട്ടോ യുവജനങ്ങളുടെ ഉപജീവന മാർഗ്ഗമായി കൃഷി, മൃഗപരിപാലനം, വൃക്ഷത്തൈ നടൽ, ഉദ്യാനങ്ങൾ തുടങ്ങിയ പുതിയ സംരംഭങ്ങൾക്കു തുടക്കം കുറിച്ചു.



കുട്ടികളുടെ സാക്ഷരത പദ്ധതിക്കായി മാരിക്കുട്ടി, ജാനിബിട്ട, ലീബ, ബാഗ, ബങ്കാടിയ എന്നീ ഗ്രാമങ്ങളിൽ നടത്തിയ പഠനം ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. മാൾട്ടോ ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ദ്വൈമാസിക "ഉജ് ആവേലി" (ജിവ വെളിച്ചം) ആ സമുദായത്തിന്റെ ആത്മീക അനുഗ്രഹത്തിനു കാരണമാകേണ്ടതിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെ ഗ്രാമത്തിൽ 30 വയസ്സിൽ താഴെയുള്ള എല്ലാവരും എഴുതുവാനും വായിക്കുവാനും പഠിക്കണം ഇതു ഞങ്ങളുടെ സ്വപ്നമാകുന്നു. തരിശായ ഭൂമി കൃഷി ചെയ്തു വരുമാനം ഉണ്ടാക്കുന്നതിനായി "എന്റെ തോട്ടം" വികസന പദ്ധതിക്കു ആരംഭമിട്ടു. പ്രകൃതി വിഭവങ്ങളുടെ വികസനത്തിനു സർക്കാരിന്റെ സഹായം ലഭ്യമാണ്. ഒരു മൃഗ ഡോക്ടറെ നിയോഗിക്കണം. പദ്ധതിക്കാവശ്യമായ പണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. CDC യിൽ 150 കുട്ടികൾ പുതുതായി ചേർന്നു ദേവഗൊഡ്ഡ ബാലഭവനത്തിൽ 100 കുട്ടികളും പുതുതായി ചേർന്നു. ഉപജീവന മാർഗ്ഗത്തിനായി കരകൗശല സാധനങ്ങളുടെ നിർമ്മാണം, ലഘു ഭക്ഷണ ശാല തുടങ്ങിയ ചെറുകിട സംരംഭങ്ങൾക്കായി പ്രാർത്ഥിക്കുക.

### വൈകല്യം ഭേദമായി

മദ്ധ്യപ്രദേശിൽ ഖർഗോൺ മിഷൻ വയലിലെ നയനഗർ ഗ്രാമത്തിലുള്ള വിശ്വാസി ജദഗീഷ് കഠിന ശോധന നേരിടേണ്ടിവന്നു. അയാളുടെ മകൾ കിരൺ പെട്ടെന്നു രോഗിയായി രണ്ടു കാലും തളർന്നു കിടപ്പിലായി. പല വിധ ചികിത്സകൾ ചെയ്തിട്ടും ഒന്നും ഫലപ്രദമായില്ല. അയൽക്കാരും ബന്ധുക്കളും അവൾക്കു വേണ്ടി ആഭിചാര ക്രീയകളും പൂജകളും നടത്തുവാൻ നിർബന്ധിച്ചു. ജഗദീഷ് ഉറച്ച നിലപാടെടുത്തു. "എന്റെ ദൈവത്തിനു അവളെ സൗഖ്യമാക്കുവാൻ കഴിയും. ഞാൻ ആഭിചാരകനെ തേടി പോകയില്ല". അവൻ മിഷനറിയെയും വിശ്വാസികളെയും തന്റെ ഭവനത്തിലേക്കു ക്ഷണിച്ചു ഉപവസിച്ചു പ്രാർത്ഥിച്ചു. കാരുണ്യവാനായ ദൈവം പ്രാർത്ഥന കേട്ടു, കിരണിനു പരിപൂർണ്ണ സൗഖ്യം നൽകി. അവൾ ഇപ്പോൾ എഴുന്നേറ്റു നടക്കുന്നു. ഹല്ലെലുയ്യ!

**15** **ജൂലൈ**
**ചൊവ്വ**

## ജന്മദിനാശംസകൾ

കരോളിൻ വില്യം, ജിത്തേന്ദ്ര ദിഗാൾ,
പദ്വി സോമാലിയ ബായി,
സുഗുണ അരുൾ ആശീർ,
വാൽവി നേതാജി ഡാഡു,
റൗത്ത് ആശ കോങ്കാണി സമ്പത്
കാജൽ കെ എം

### പതാർഗാമ

**കൃഷൻ കുമാർ & ശാന്തി ലാൽ**

കല്ദുമറിയ ഗ്രാമത്തിലെ അനിത ദേവി ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും ചിൽക്കാര ഗ്രാമത്തിലെ ദഹരത്ത് ദേവി മുഖത്തുണ്ടായ സ്ട്രോക്കിൽ നിന്നും മാദർഗഞ്ച് ഗ്രാമത്തിലെ സോമ ദേവി കരൾ, ശ്വാസകോശം സംബന്ധമായ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. സോമദേവി 20 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. റിങ്കി ദേവി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഹൃദയ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന 12 വയസ്സുള്ള റീനയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കാലിൽ പൊട്ടലുണ്ടായ രജ്ജിത് മെഹന്തോയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഴുത്തിൽ കാൻസർ ബാധിച്ച ചൗറ ഗ്രാമത്തിലെ ബല്ലു യാദവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിത്തി ദേവി പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. ജീവിത വിശുദ്ധിയില്ലാത്ത സമൂഹത്തിന്റെ മദ്ധ്യെ പാർക്കുന്ന ചിൽക്കാര, തരതിക്നെർ, ജാമ്നി, പന്ദാഹ, ഘാസിചാക്, മാദർഗഞ്ച്, ബാൽപാദ്ദ എന്നീ ആരാധനക്കൂട്ടത്തിലുള്ളവർ വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരത്തിലെ പ്രതിരോധ ശേഷി നഷ്ടപ്പെട്ടു പോകുന്ന കുസുഗട്ടി ഗ്രാമത്തിലെ പ്രീയങ്കയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസം നിമിത്തം പീഡനം അനുഭവിക്കുന്ന ഉദൈരവി ദാസും കുടുംബവും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സിന്ധൂര്യ : **ബഞ്ചമിൻ ജ്യോതി & പുഷ്പിത റാണി**

സുവിശേഷം ശ്രവിച്ചവർക്കായി ദൈവത്തെ സ്തുതിക്കാം. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. രണ്ടു പുതിയ കുടുംബങ്ങൾ ഞായറാഴ്ച ആരാധനയിൽ പുതുതായി സംബന്ധിക്കുവാൻ തുടങ്ങി. കോർദ സമൂദായത്തിൽ വിശ്വാസികളുടെ വിവാഹം ക്രിസ്തീയ രീതിയിൽ അനുഗ്രഹകരമായി നടത്തി. നമ്മുടെ വിശ്വാസികളുടെ ആത്മീകവും ഭൗതീകവുമായ വളർച്ചക്കായി പ്രാർത്ഥിക്കുക.

ചുനെയിലെ വസ്തു സംബന്ധമായ തർക്കം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധന യോഗത്തിൽ സംബന്ധിക്കുന്നവർ യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിന്ധുരീയ മിഷൻ വയലിൽ നല്ല സമർപ്പണമുള്ള രത്തിലാൽ സന്നദ്ധ സുവിശേഷകനായി നമ്മോടു ചേർന്നു പ്രവർത്തിക്കുന്നു. ഒരു വർഷത്തിലധികമായി ആരാധനയിൽ സംബന്ധിക്കുന്നവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

16

**ജൂലൈ**

**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

വിനോദിനി ജോൺസൺ,
ബർന്നബാസ് എ,
സുനന്ദ ബല്ലി
കൽപന ചൗദരി

### റാണെശ്വർ

**ശിയെഘോതാങ് സൗ**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു അനേകർ സുവിശേഷം ശ്രവിച്ചു. ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിജയകരമാവിധം വിബിഎസ് നടത്തി. ബാലഭവനത്തിലെ കുട്ടികൾ വേനൽക്കാല അവധി കഴിഞ്ഞു സുരക്ഷിതരായി മടങ്ങിവന്നു.

പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചവർ തങ്ങളുടെ പഴയ ജീവിത ശൈലിയിലേക്കു തിരികെ പോയതു ഖേദകരമാകുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന സൽട്ടോള ഗ്രാമത്തിലെ ഭാരത് സാമ്രോമിനെ കർത്താവ് വിടുവിച്ചു. ജോലി ചെയ്യുന്ന വേളയിൽ മിഷനിലുള്ളിൽ അകപ്പെട്ടു മൂന്നു വിരലുകൾ ചതഞ്ഞു പോയ കൃഷ്ണ മുർമ്മുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നും ലുക്കി മുർമ്മു സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനിലിയ ആരാധനക്കൂട്ടത്തിനു നേതൃത്വം നൽകുവാൻ അക്ഷരജ്ഞാനവും ദൈവഭയവുമുള്ള ഒരാൾ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന വിവിധ ഗ്രാമങ്ങളിലെ നേതാക്കളായ ദീന സൊറൻ, രാജേഷ് മുർമ്മു, ജാന്ത പുർക്ക എന്നിവർ യേശുക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗംഗുപാട ബാലിക ഹോസ്റ്റൽ

**ഈവ്‌ലിൻ പാക്കിയ; സാവിത്രി ഡി**

ബാലഭവനത്തിൽ പുതുതായി 327 കുട്ടികൾക്കു പ്രവേശനം നൽകി. ബാലഭവനത്തിലെ കുട്ടികളുടെ രക്ഷിതാക്കൾക്കായി യോഗം നടത്തി. എല്ലാ കുട്ടികളും പത്താം ക്ലാസ്സിലെ പരീക്ഷ ഫസ്റ്റ് ക്ലാസ്സോടെ പാസ്സായി. ക്ഷയ രോഗത്തിൽ നിന്നും പത്താം ക്ലാസ്സിൽ പഠിക്കുന്ന പ്രേമി സൗഖ്യം പ്രാപിച്ചു. 9,10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ കർത്താവിന്റെ വേലക്കായി സമർപ്പിച്ചവരും സണ്ടെസ്കൂൾ അദ്ധ്യാപകരും ചേർന്ന് പിക്നിക്കിനു പോയി. കേരളത്തിൽ നിന്നുള്ള റിട്ടയർ ചെയ്ത പ്രഥമ അദ്ധ്യാപകൻ സത്യദാസ് ബാലഭവനത്തിലെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികളെ കണക്കു പഠിപ്പിച്ചു.

നടന്നു കൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണവും പെയിന്റിംഗും വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 12 -ാം ക്ലാസ്സിലെ പഠനം പൂർത്തീകരിച്ച സിബി, കമാലി എന്നിവരുടെ തുടർ പഠനത്തിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ ധ്യാനത്തിൽ സുവിശേഷം ശ്രവിക്കുന്ന കുട്ടികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണതിനും അവർ ഭവനത്തിലേക്കു പോകുമ്പോൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഫംഗസ് ബാധയാൽ കഷ്ടപ്പെടുന്ന പെൺകുട്ടികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുതിർന്ന പെൺകുട്ടികൾ ജീവിതത്തിന്റെ എല്ലാ രംഗത്തും സ്വയം സുരക്ഷിതരായി വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**17** **ജൂലൈ**
**വ്യാഴം**

## പശ്ചിമ ബംഗാൾ

**സാംസി : ദീപാർത്ഥന & മിഥ്‌ലേശ്**

മൂന്നു റീജിയനിൽ നടത്തിയ നാടക ടീമിന്റെ പ്രവർത്തനത്തിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ ശ്യാം മിസെർ പ്രാർത്ഥനയുടെ ഫലമായി വിടുതൽ പ്രാപിച്ചു. സഭാമുപ്പന്മാരുടെയും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെയും രണ്ടു ദിവസത്തെ പരിശീലന പ്രോഗ്രാമിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

സ്ത്രീകളുടെ പ്രാർത്ഥന യോഗവും യുവജനങ്ങളുടെ വേദപഠനക്കൂട്ടവും തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ ക്യാമ്പ് അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. കാസിംപൂർ, ലോപാങ്, ഡോള എന്നീ പ്രദേശങ്ങളിൽ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനായി കഴിഞ്ഞ മൂന്നു വർഷമായി ശ്രമിക്കുന്നതു ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. ജിത്തൽപൂർ വാരി എന്നീ ഗ്രാമങ്ങളിൽ ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന സുവിശേഷീകരണ പ്രവർത്തനത്തിന്റെയും ഫിലിം പ്രദർശനത്തിന്റെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ബാലുർഘാട് : അജിത് പാണ്ഡ്യൻ; കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൽഫിൻ,**

വിശ്വാസത്തിലേക്കു കടന്നു വന്നവർക്കായി ദൈവത്തെ സ്തുതിക്കാം. ത്വക്കു സംബന്ധമായ രോഗത്താലും സന്ധി വേദനയാലും വലയുന്ന ജോഹാൻ മുർമ്മുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആരാധന യോഗം നടത്തുന്നതിനായി ഭവനം നൽകുവാൻ ഇവർ തയ്യാറാണ്. ബോൺഹാത്, ഹരിപൂർ, ദെദഗെട്ടോള, ജാദൈ എന്നീ ഗ്രാമങ്ങളിൽ വിബിഎസ് അനുഗ്രഹകരമായി നടത്തി. ചില ഗ്രാമങ്ങളിൽ എതിർപ്പുകളുണ്ടായിരുന്നെങ്കിലും കുട്ടികൾ വിബിഎസിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സുരുജ് ഹസ്ത, ജാമിൻ കിസ്കു, സെമോലി മുർമ്മു, ജുമ്രി മുർമ്മു, അമോൽ സൊറൻ, ചോരാൻ കിസ്കു എന്നിവർ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പാർത്ഥിക്കുക. തിരഞ്ഞെടുത്ത ഗ്രാമങ്ങളിൽ നടത്തുന്ന നാടകം, സത്സാംഗ് എന്നീവയിലുടെ അനേകർ യേശുക്രിസ്തുവിലൂള്ള സ്നേഹം തങ്ങളുടെ ജീവിതങ്ങളിൽ അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി ഫുൽമുനി ഹസ്താക് വ്യഭിചാര പാപത്തിൽ നിന്നും റിങ്കത ഹെമ്രം, സോകോൾ ഹെമ്രം എന്നിവർ മദ്യാസക്തിയിൽ നിന്നും ശുഷന്ത മാർദി, സ്വപ്ന മുർമ്മു എന്നിവർ മയക്കുമരുന്നിന്റെ ആസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധനയിൽ ധാരാളം കുട്ടികളും യൗവ്വനക്കാരും പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജൂലൈ
**വെള്ളി**

### ജന്മദിനാശംസകൾ

ബൻഹുർ എം, അമീർ കാന്ത ദിഗൾ,
അരുൾരാജ് എബനേസർ ഡി,
സാം പോൾ എ

### മാൽദ

**ഉദിപ്ത ബാഗ് & സുർജ്യകാന്തി**

ഈ നാട്ടിലെ ജനങ്ങൾക്കു അനുഗ്രഹമായി നല്ല മഴ ലഭിച്ചു. അഭിജിത്ത്, പ്രോഷൻജിത്ത് എന്നിവർ തങ്ങളുടെ രോഗങ്ങളിൽ നിന്ന് വിടുതൽ പ്രാപിച്ചു. പഞ്ചഗ്രാം ഗ്രാമത്തിലെ വിശ്വാസിയുടെ മരുമകൾക്കു ഇരട്ട കുട്ടികളെ നൽകി ദൈവം അനുഗ്രഹിച്ചു. കുറച്ചു ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു. മാൽഡ മേഖലയിലെ പ്രവർത്തനത്തിനു രണ്ടു പ്രാദേശിക പ്രവർത്തകരെ ലഭിച്ചു.

മാൽദ മിഷൻ വയലിലെ വിശ്വാസികളുടെയും പുതുതായി രക്ഷിക്കപ്പെട്ടവരുടെയും ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. സിതാൽപൂർ, സുധാനി എന്നീ പ്രദേശങ്ങളിൽ ആണ്ടുതോറും ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളും സഭാമൂപ്പന്മാരും സുവിശേഷീകരണ പ്രവർത്തനത്തിൽ ആത്മാർത്ഥമായി പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ഹുത്ത്കേല, ജാടകുന്തി എന്നീ പ്രദേശത്തുള്ള ജാതിക്കൂട്ടം യേശുവിലുള്ള രക്ഷാ പരിജ്ഞാനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**പക്കുവഹാട്: രാമകൃഷ്ണ അഗ്ഗിബദ & അഞ്ജലി ദേവി**

ചില ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. വിവാഹത്തിനു മുമ്പ് രാജൻ സൊറൻ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. നമ്മുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമാണ് ദൈവം വിടുതൽ അയച്ചത്. നമ്മുടെ സഭാമൂപ്പൻ ചുങ്കു ടുഡു ആടിനെ മോഷ്ഠിച്ചു എന്ന വ്യാജമായ ആരോപണം ഉയർത്തിയെങ്കിലും ദൈവം അവനെ കുറ്റവിമുക്തനാക്കി. ക്രിസ്തേശുവിലുള്ള വിശ്വാസം നിമിത്തം സുശീല ബഹ്റയെ സ്വഭവനത്തിൽ നിന്നും സഹോദരൻ ഇറക്കിവിട്ടു. മൂന്നു ദിവസം അവൾക്കു പുറത്തു താമസിക്കേണ്ടിവന്നു. യേശു കർത്താവ് സഹോദരന്റെ ഹൃദയത്തെ സ്പർശിച്ചു അവളെ ഭവനത്തിനുള്ളിൽ കയറുവാൻ അനുവദിച്ചു. സൽബോണ, നീംദങ്ക, സിൽത്താനി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ദാനമായി നൽകുവാൻ വിശ്വാസികൾ തയ്യാറായി. രണ്ടു സ്ഥലത്തു നടത്തിയ വിബിഎസിൽ 60 കുട്ടികൾ സംബന്ധിച്ചു.

ഗുജറാത്തിലുണ്ടായ ഒരപകടത്തിൽ സുനിൽ മുർമ്മു ദാരുണമായി കൊല്ലപ്പെട്ടു. അദ്ദേഹം ശേഷിപ്പിച്ച ഭാര്യയുടെയും നാലു പെൺമക്കളുടെയും ആശ്വാസത്തിനും ഭാവിക്കുമായി പ്രാർത്ഥിക്കുക. അനേക സ്ഥലങ്ങളിൽ നടത്തുന്ന സഭാകൂടിവരവിൽ ധാരാളം കുടുംബങ്ങൾ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച ഗ്രാമങ്ങളിലുള്ളവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജൂലൈ**
**ശനി**

## ഛത്തീസ്ഘട്ട്

### ചാമ്പ

**വിനോദ് കുമാർ സിങ് & പ്രവതി**

ഛത്തീസ്ഘട്ടിലുള്ള രാഷ്ട്രീയ സാഹചര്യത്തിൽ ക്രിസ്തീയ വിശ്വാസം ദുഷ്കരമാണെങ്കിലും അനേകരോടു സുവിശേഷം പങ്കുവെക്കുന്നു. കുറച്ചു പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നമ്മുടെ വിശ്വാസികൾ ഗ്രാമത്തലവന്റെ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചു. പ്രാദേശിക പഞ്ചായത്ത് നേതൃത്വത്തോടും എം എൽ എ യോടും ആരോഗ്യകരമായ ബന്ധം സ്ഥാപിക്കുവാൻ സാധിച്ചു. പത്തു വർഷം മാനസിക രോഗം നിമിത്തം സെല്ലിൽ അടച്ചിട്ടിരുന്ന കാൻസി റാമിനെ കർത്താവ് സൗഖ്യമാക്കി. അവൻ ഇപ്പോൾ സമൂഹവുമായി ഇടപഴകി ജീവിക്കുന്നു. അകൽത്താര ആരാധന യോഗത്തിൽ പുതിയ ആളുകൾ സംബന്ധിക്കുന്നു.

ഭവന ആരാധനകൾ നടത്തുന്നത് പ്രയാസകരമാകുന്ന സാഹചര്യത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു വാങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും അഗ്നി, എശ, റാണോ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാംഗ്ലൂരിൻ നിർമ്മാണ മേഖലയിലുണ്ടായ അപകടത്തിൽ നമ്മുടെ വിശ്വാസി ബദരിക്കയുടെ മകന്റെ ജീവൻ നഷ്ടപ്പെട്ടു. ആ കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നും പ്രകാശ് ലഹറയും ഫീർഭായിയും ക്ഷയരോഗത്തിൽ നിന്നു രാധികയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് അവരുടെ ബന്ധുക്കളോടു സുവിശേഷം പങ്കുവെച്ച് അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബലോദ ബസാർ

**രാമേശ്വർ ദയാൽ & മധുകല**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കുറച്ചു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ബലോദബസാർ മിഷൻ വയലിൽ ഒരു ഹാർമോണിയം സമ്മാനമായി ലഭിച്ചു. പത്തു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഒരാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നും കർത്താവ് ഞങ്ങളെ രക്ഷിച്ചു.

50 കുട്ടികൾ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ വളർന്നു. സേവക് കുടുംബം യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വലിയ തോതിൽ പീഡനം നേരിടുന്ന ബത്തലപൂർ, ഗാദേശ്പൂർ, ബിസ്രാംപുർ എന്നീ ഗ്രാമത്തിലുള്ള വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവവേലയെ എതിർക്കുന്ന രോച്ചു, മുൽചന്ദ്ര, ദുജറോം എന്നിവർ തങ്ങളുടെ ജീവിതങ്ങളിൽ യേശുക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഖാംകരിയ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സർക്കോർ ഗ്രാമത്തിലെ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 20 ജൂലൈ
ഞായർ

### ജന്മദിനാശംസകൾ

റെജിനി തോമസ്, തോട്ച്ചുയോ ഷിംറാജ്, അലക്സ് പ്രഭു, രമേശ് ബാബു കെ, ബാബുജി മുർമ്മു

## ഗുജറാത്ത്

### സൂറത്ത്

**മാധവറായ് (റിട്ട) & ജപതങ്കം**

ജാമനഗറിൽ ഒരു മുറി പണിയുന്നതിനു സന്തോഷത്തോടെ സംഭാവനകൾ നൽകിയവർക്കായി ദൈവത്തിനു സ്തോത്രം. അനിതബൻ, രൂപ ബൻ എന്നിവർ നിരപ്പ് പ്രാപിച്ചു. അവർ യേശുവിൽ വിശ്വാസം അർപ്പിച്ചു. മാതൃദിന ആരാധന നടത്തി. ലൊക്കെൻബായിയുടെ മകൻ മോനിഷിന്റെയും ഗൂലാബന്നിന്റെ മകൻ സില്ലുവിന്റെയും വിവാഹം മദ്ധ്യപ്രദേശിലും ഒറിസയിലും വെച്ചു നടത്തി. അവരുടെ മരുമക്കൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ആരിക് വെള്ളം ഒഴിക്കുന്ന വേളയിൽ താഴെ വീണെങ്കിലും നിസാര പരുക്കുകളോടെ രക്ഷപ്പെട്ടു. അലർജി രോഗത്താൽ വലഞ്ഞ കവിത ബന്നിനെ കർത്താവ് സൗഖ്യമാക്കി.

അന്വേഷക ക്യാമ്പിന്റെയും വിശ്വാസ പ്രഖ്യാപന യോഗത്തിന്റെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ഉഷ, സുഭാഷ്, രാജേഷ്, മമത, ഗീത, പുഷ്പ എന്നിവർ അനുതപിച്ച് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നല്ലൊരു വിശ്വാസിയായിരുന്ന ശിലേന്ദ്ര പെട്ടെന്നു ജോലിക്കു പോകുന്നതും സഭയിൽ വരുന്നതു നിറുത്തി. അവന്റെ ജീവിതത്തിൽ മാനസാന്തരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. അരുൺ സജ്ജൈ എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഷോബോയുടെ ഉദരത്തിലെ ട്യൂമർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി മാധവ റോയ് തൈറോയ്ഡ്, പ്രമേഹം എന്നീ രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉപ്പൂറ്റിക്കു കഠിനമായ വേദനയനുഭവപ്പെടുന്ന ജപതങ്കത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജാലോദ് : കുമാർ പോൾ & അമുധ; ആൽബർട്ട് സന്തോഷ്രാജ് & എയ്ഞ്ചൽ**

യുവജന യോഗം വിജയകരമായി സംഘടിപ്പിച്ചു. വിബിഎസിൽ പങ്കെടുത്ത കുട്ടികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകന്റെ മകൻ രാജു ബായിയുടെ വിവാഹം ക്രീസ്തീയ രീതിയിൽ അനുഗ്രഹകരമായി നടത്തി. അമ്പൽ ഭായിയുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

പത്തു മാസം പ്രായമായ ആശീഷ് എന്ന പൈതലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അമ്പാൽ ഭായ് പുതിയ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രിയയിലൂടെ ചൈത്ര ബൻ സൗഖ്യം പ്രാപിച്ചു. കോളജ് ഫീസ് കൊടുക്കുവാൻ ഭാരപ്പെടുന്ന ചിമ്മൻ ഭായിയുടെ സാമ്പത്തീക ആവശ്യങ്ങൾ ദൈവം നിറവേറ്റി കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജൂലൈ**
**തിങ്കൾ**

## ജന്മദിനാശംസകൾ

പൊൻമലർ ജ്ഞാനശാന്തി,
പോൾരാജ് ആർ

### കവന്ത്

**അഖിലേശ് കുമാർ & കിരൺദേവി**

നമ്മുടെ CDC യിലുള്ള കുട്ടികളെ വഡോദരയിലുള്ള വാട്ടർ പാർക്കിൽ ഒരു ദിവസത്തെ പഠന വിനോദ യാത്രയ്ക്കായി കൊണ്ടുപോകുന്നതിനു ദൈവം കൃപ നൽകി. ജാമനിയ ദൈവാലയത്തിൽ നടത്തിയ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിൽ 20 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നമ്മുടെ സ്വദേശ സുവിശേഷകൻ ക്രിസ്തീയ രീതിയിൽ നാലു വിവാഹങ്ങൾ നടത്തി. രണ്ടു വിവാഹം അക്രൈസ്തവരുടെ എതിർപ്പുകളുടെ മദ്ധ്യത്തിലാണ് നടത്തിയത്. പലുസുക്കുവ ഗ്രാമത്തിലെ ശങ്കർ 20 ദിവസം പനിയാൽ കഷ്ടപ്പെട്ടു. വിശ്വാസികളുടെ പ്രാർത്ഥനയാൽ പനി സൗഖ്യമായി.

ജാമനിയ, മഹുദബാരി എന്നീ ഗ്രാമങ്ങളിൽ വിബിഎസ് പ്രോഗ്രാം സംഘടിപ്പിച്ചു. ഇതിൽ സംബന്ധിച്ച കുട്ടികളുടെ ജീവിതത്തിൽ അതു ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ ജാർവി ഗ്രാമത്തിലെ യുവജനങ്ങൾ അതിൽ നിന്നും മുക്തരായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മത്ത്വാട് ഗ്രാമത്തിൽ ഇതുവരെ ഒരാളു പോലും 12 ക്ലാസ്സ് വരെ പഠിച്ചിട്ടില്ല കാരണം വിദ്യാഭ്യാസ സൗകര്യമില്ലായ്മയും ബാല്യ വിവാഹവും ആണ്. ഇവിടെ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ എന്ന പദ്ധതിയാരംഭിക്കേണതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ കുട്ടികൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ വലയുന്ന ലീലബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

**മാഷവാദ് : ഭരണീധരൻ എസ് & സെൽവറാണി വി**

അമ്പബാനി ഗ്രാമത്തിൽ വിബിഎസ് സംഘടിപ്പിച്ചു. സ്ത്രീജന യോഗത്തിൽ 25 സ്ത്രീകൾ പങ്കെടുത്ത് രണ്ടു ദിവസം ദൈവവചനം ശ്രവിച്ചു. രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. പത്തു ഗ്രാമങ്ങളിൽ പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ചു. ഗുരുതരമായ അപകടത്തിൽ ദൈവം നിമലഭായിയുടെ മകനെ അത്ഭുതകരമായി വിടുവിച്ചു. കിരൺ ദാദയുടെ മാതാവിനെ ആസ്മ രോഗത്തിൽ നിന്നും വിശ്വാസികൾ ഒരുമിച്ചു ചേർന്ന് പ്രാർത്ഥിച്ചപ്പോൾ കർത്താവ് സൗഖ്യമാക്കി.

സിക്കിൾ സെൽ രോഗത്താൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന ബിന്ദ ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദീർഘകാലമായി ഇടുപ്പു വേദനയാൽ ഭാരപ്പെടുന്ന സാവന്തി ഭായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു വീണ ഭായിയെ അനുവദിക്കാത്ത ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ മൂന്നു മാസത്തിലധികമായി കഷ്ടപ്പെടുന്ന കിലഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




**ജൂലൈ**

**ചൊവ്വ**

## ജന്മദിനാശംസകൾ

ധർമ്മരാജ് ആർ. ആർ,
എബനേസർ ശമുവേൽ

### നെർ

**മൂർത്തി ടി & ഭാരതി ആർ**

നാലു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. തോമസ്വാദി ഗ്രാമത്തിലെ ചില വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. കുസുമ്പ, സത്താര, നമ്പൂർ എന്നീ പ്രദേശങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനം സഫലമാകേണ്ടതിനായി പ്രാർത്ഥിക്കുക. പരിശീലനത്തിനു ചിത്രത്തോടു കൂടിയ പുസ്തകം തയ്യറാക്കി. ഓഡിയോ വേദപുസ്തകം ശ്രവിക്കുന്ന പദ്ധതി നല്ല രീതിയിൽ പോകുന്നു.

കൂട്ടായ്മ യോഗങ്ങളിൽ സംബന്ധിക്കുന്ന വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി സുവിശേഷം ശ്രവിച്ചവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ നടത്തിയ വിവിധ പരിശീലന പ്രോഗ്രാമിൽ പങ്കെടുത്തവരിലൂടെ ധാരാളം ആളുകൾ ക്രിസ്തുവിങ്കലേക്കു വരേണ്ടതിനായി പ്രാർത്ഥിക്കുക. കുടിയേറ്റ തൊഴിലാളികളായി പോകുന്നവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും ക്രിസ്തീയ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ജവഹർ

**വിജയ് ബാബു & ദേവ കൃപൈ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു അനേകർ സുവിശേഷം ശ്രവിച്ചു. ലൊഹെർമാൾ, കൊകേർപാദ എന്നീ ഗ്രാമങ്ങളിൽ സ്ത്രീകൾക്കായി പരിശീലന ക്ലാസ്സ് നടത്തി. മൂന്നു ഗ്രാമങ്ങളിൽ വിബിഎസ് പ്രോഗ്രാം നടത്തി. നമ്മുടെ വിശ്വാസി രാമാ ഭായി, ചെവന്തിബൻ എന്നിവരെ റോഡപകടത്തിൽ നിന്നും ദൈവം അത്ഭുതകരമായി രക്ഷിച്ചു. മൂന്നു വയസ്സുള്ള പെൺകുട്ടി കളിക്കുന്നതിനിടെ തീയിൽ വീണെങ്കിലും ദൈവം അവളെ പരിപാലിച്ചു. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ രണ്ടു കുടുംബം വിശ്വാസത്തിലേക്കു തിരികെ വന്നു. പത്തു ദിവസത്തിനു ശേഷം ഗിർജിബൻ നടക്കുവാൻ തുടങ്ങി. ലൊഹർമാൾ, കോകെർപാട, മധുവിഗിര എന്നീ മേഖലകളിൽ സ്തോത്ര ആരാധന സംഘടിപ്പിച്ചു.

വിശ്വാസത്തിൽ നിന്നു പിന്മാറിപ്പോയ കസ്തേരി, മുർദൊൾപാദ, ചോട്ടപാദ, വാദുപാദ, നവപാദ, ഭോപദാരി, കിർമീര, കർചൊന്ദ്, മധുവിഹിര എന്നീ ഗ്രാമങ്ങളിലുള്ളവർ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. തലമുറക്കു വേണ്ടി വർഷങ്ങളായി കാത്തിരിക്കുന്ന ശങ്കർ, ദിലീപ്, പ്രഭു, ജയേഷ്ഭായി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും സുവിശേഷകരും വിശ്വാസികളും സാക്ഷ്യമുള്ള ജീവിതം നയിച്ച് സ്വന്തക്കാരെയും സുഹൃത്തുക്കളെയും ക്രിസ്തുവിങ്കലേക്കു ആനയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന വിശ്വാസികളുടെ ക്യാമ്പ്, വിശ്വാസ പ്രഖ്യാപന സമ്മേളനം എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**23** **ജൂലൈ**

**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

**ഗാഡ്ചന്ദൂർ : പോൾ ആൽബർട്ട് & റാണി ജസിന്റ്**

പട്ടിഗുദ, സിദോമുഗുദ, കുൽസാങ്കെ ഗുദ. കോളാം ഗുദ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. എട്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച വിബിഎസ് പ്രോഗ്രാമിൽ 80 കുട്ടികൾ സംബന്ധിച്ചു. ചിത്രങ്ങളോടു കൂടിയ പുസ്തകം ഉപയോഗിച്ചുള്ള പരിശീലനം ഏഴു ഗ്രാമങ്ങളിൽ നടത്തി.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥന യോഗത്തിൽ പുതുതായി സംബന്ധിക്കുന്ന അഞ്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന ഏബ്രഹാം, മാല എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സോണി, പായൽ, പല്ലവി, പ്രീതി, ദശർസഹന എന്നിവരുടെ ജീവിതങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബോരാടി : ഓംപ്രകാശ് & സപ്ന**

ചില ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 238 വ്യക്തികൾ യേശുവിനെ അനുഗമിക്കുവാൻ തയ്യാറായി. ജണിയാൻജൻ, ഉമറദ, സാമരിയ എന്നീ ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗത്തിൽ 35 പേർ പങ്കെടുത്തു. നാലു സ്ഥലത്തു സംഘടിപ്പിച്ച കുട്ടികളുടെ യോഗത്തിൽ 83 കുട്ടികൾ സംബന്ധിച്ചു.

ദാപസിയപാദ ഗ്രാമത്തിലെ ആദി, ഉമർദ ഗ്രാമത്തിലെ തുഷാർ എന്നിവർ സിക്കിൾ സെൽ രോഗത്താൽ കഷ്ടപ്പെടുന്നു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗുർദുപാനി ഗ്രാമത്തിലെ റിങ്കുവിനു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പട്ടിയുടെ കടിയേറ്റ ഉമറാദ ഗ്രാമത്തിലെ പാരമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദാപാസിയ ഗ്രാമത്തിലെ കാരു ബായി, ബോറാഡി ഗ്രാമത്തിലെ യശോദ എന്നിവർക്കു കാഴ്ച ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും ആരോഗ്യത്തിനും സുരക്ഷിതത്വത്തിനുമായി പ്രാർത്ഥിക്കുക.

**നിനക്കു തുല്യൻ ആരുള്ളു?**

ഉത്തർപ്രദേശിലെ ബസ്പൂർ മിഷൻ വയലിലുള്ള സുൽത്താൻപൂർപട്ടി ഗ്രാമത്തിലെ 30 വയസ്സുള്ള അനിത സ്വന്ത ഭവനത്തിൽ അമ്പലം പണിതു പൂജകൾ നടത്തുക പതിവായിരുന്നു. പത്തു പ്രാവശ്യം അവളുടെ ഗർഭസ്ഥ ശിശു നഷ്ടപ്പെട്ടു പോയി. അവളുടെ ഗർഭപാത്രം ബലഹീനപ്പെട്ടതിനാൽ ഇനിയും അവൾ ഗർഭം ധരിക്കയില്ലെന്നു ഡോക്ടറന്മാർ വിധി പറഞ്ഞു. ആശയറ്റു തകർന്നിരുന്ന അനിതയെ നമ്മുടെ മിഷനറി കുടുംബം സന്ദർശിച്ചു സുവിശേഷം പങ്കുവെച്ചു അവൾക്കായി പ്രാർത്ഥിച്ചു. ദൈവകൃപയാൽ അനിത ശത്രുവിന്റെ ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. കഴിഞ്ഞ രണ്ടു വർഷമായി അവൾ വിശ്വസ്തതയോടെ ദൈവത്തെ ആരാധിക്കുന്നു. ദൈവം ഇന്നവൾക്കു ഒരു പെൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. അവൾ ആ പൈതലിനെ കർത്താവിന്റെ വേലക്കായി സമർപ്പിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!




**ജൂലൈ**

**വ്യാഴം**

**ജന്മദിനാശംസകൾ**

ആൽബർട്ട് ശമുവേൽ,
സതീഷ് റ്റി.

**ഇഗത്പുരി**

**നാഗരാജൻ എം & തിലകവതി ആർ**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാസിക് റെയിൽവെ സ്റ്റേഷനിൽ നിന്നും ജാലഗൗൺ ഗ്രാമത്തിലെ വിശാൽ വാഗിന്റെ ഭാര്യ ദുരൂഹ സാഹചര്യത്തിൽ കാണാതെ പോയി. പ്രാർത്ഥനയുടെ ഫലമായി രണ്ടാഴ്ചക്കു ശേഷം അവളെ സുരക്ഷിതയായി കണ്ടെത്തി. മുക്കനെവാടി ഗ്രാമത്തിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി ക്യാമ്പ് നടത്തി. നാലു ഗ്രാമങ്ങളിൽ കുട്ടികളുടെ യോഗം നടത്തി. എട്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ കരോളി ഗ്രാമത്തിലെ വിഷ്ണുവിനെ കർത്താവ് അത്ഭുതകമായി രക്ഷിച്ചു.

അപകടത്തിൽ അകപ്പെട്ടതിനെ തുടർന്നു മൂന്നു വർഷമായി കാലിൽ കഠിന വേദനയനുഭവിക്കുന്ന രോഹിത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ കഷ്ടപ്പെടുന്ന കോകില, ജയറാണി എന്നിവരുടെ വിടുതലിനായും മദ്യാസക്തിയിൽ തന്റെ ഭിന്ന ശേഷിക്കാരിയായ ഭാര്യ ഖുഷ്ബു ബന്നിനെ ഉപദ്രവിക്കുന്ന വകെർപാട ഗ്രാമത്തിലെ മൊഹിന്ദിയാറിന്റെ മാനസാന്തരത്തിനും അവളുടെ ആശ്വാസത്തിനുമായി പ്രാർത്ഥിക്കുക. ഒക്ടോബർ മാസം ക്രമീകരിച്ചിരിക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ വയലിൽ സമൃദ്ധിയായ വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**എട്ടപ്പള്ളി**

**ദുബജീ മുർമ്മു & വയലറ്റ് ഹൻസ്ദ**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസഗണത്തിലായി. പുറം വേദനയാൽ കഷ്ടപ്പെട്ട ശങ്കർ ഗൗദയെ കർത്താവ് സൗഖ്യമാക്കി. എട്ടപ്പള്ളി, ബോലെപള്ളി എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച കുട്ടികളുടെ ക്യാമ്പിൽ 35 കുട്ടികൾ സംബന്ധിച്ചു. ദോദുർ ഗ്രാമത്തിലെ തനിയ മട്ടാണി പ്രസവ വേദനയനുഭവപ്പെട്ടു ആമ്പുലൻസിനായി കാത്തിരുന്ന വേളയിൽ ഒരു പൈതലിനു ജന്മം നൽകി. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട ധർമ്മ പൊങ്ങാട്ടി, രാംജി മഹാ, രാജു അലം, ഇർപെബൗ കൽമാട്ടി എന്നീ കുടുംബങ്ങളിലുള്ളവരെ - പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നവരെ കർത്താവ് സൗഖ്യമാക്കി.

ധർമ്മ പൊങ്കത്തിയുടെ കാലിലുള്ള പരു സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. എർപെബോയ് കൽമാത്തിയുടെ ദീർഘകാലമായ ശരീര ബലഹീനത സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. പന്തെൻവാഹി ഗ്രാമത്തിലെ കൈലാസ് ഗവ്ദെ, അഡ്നെഗെ ഗ്രാമത്തിലെ രാകേഷ് എന്നിവർ പൈശാചിക ബന്ധനത്താൽ വലയുന്നു. ഇവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ആത്മീക വളർച്ച പ്രാപിച്ചു ദൈവവേലയെ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജൂലൈ
**വെള്ളി**

### ജന്മദിനാശംസകൾ

മരഗതമണി രൂബൻ,
മണിമാരൻ ഡി,
ആനന്ദൻ എം

### മോൾഗി

**രൂബൻ ടുഡു & രുക്മണി ഹെബ്രം**

കോൻജി പദെലപെദ ഗ്രാമത്തിലെ കവിത ഭായ് രണ്ടാഴ്ചയായി നടക്കുവാൻ കഴിയാതെ ബുദ്ധിമുട്ടി. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ പ്രാർത്ഥനയാൽ ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി. പക്ഷാഘാതത്താലും കാലു വേദനയാലും കഷ്ടപ്പെട്ട നർമ്മദ പ്രദേശത്തെ അസിലഭായ്, ഹർഷ ദാദ എന്നിവരെ കർത്താവ് വിടുവിച്ചു. രവി ദാദ തൻെറ ഭവനത്തിന്റെ പണി ദൈവകൃപയാൽ പൂർത്തീകരിച്ചു.

ഗർഭപാത്ര സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന മൊഗ്ര ഗ്രാമത്തിലെ ജാസ്മിഭായ്, കോൻജി വാദഫാളി ഗ്രാമത്തിലെ മണിഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സന്നദ്ധ സുവിശേഷകൻ നർസിങ് ദാദ ക്ഷയ രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ചാലീസ്ഗൗൺ : യേശു പ്രകാശ് ജെ & സുനന്ദ ബല്ലി**

ആഭിചാര ദോഷങ്ങളാൽ കഴിഞ്ഞ 14 വർഷങ്ങളായി ദുരിതം അനുഭവിക്കുന്ന പട്ടോദ ഗ്രാമത്തിലെ ലത പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിച്ചു. ആസ്മ രോഗത്തിൽ നിന്നും ഉഷ സൗഖ്യം പ്രാപിച്ചു. പത്തരാഡ് ഗ്രാമത്തിൽ നടത്തിയ വിബിഎസിൽ അനേക അക്രൈസ്തവ കുട്ടികൾ സംബന്ധിച്ചു.

രക്തസ്രാവത്താൽ കഷ്ടപ്പെടുന്ന പട്ടോട ഗ്രാമത്തിലെ അജാറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും ലൊഖാന്ദെ ഗ്രാമത്തിലെ മനോജിന്റെയും കാൻസർ രോഗിയായ കമലഭായിയുടെയും സ്റ്റെയർകെയ്സിൽ നിന്നും നിലംപതിച്ച് പരുക്കുപറ്റിയ രേഖയുടെയും വിടുതലിനായി പ്രാർത്ഥിക്കുക. നിത കൊത്താരെ പൈശാചിക ബന്ധനത്തിൽ ആത്മഹത്യ പ്രവണത കാണിക്കുന്നു. അവൾ പൈശാചിക ബന്ധനത്തിൽ നിന്നും ആത്മഹത്യ ചിന്തയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾ ദൈവഭക്തിയുള്ളവരായി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയ നിർമ്മാണത്തിനായി പ്രാർത്ഥിക്കുക.

### അക്കൽക്കുവ

**ജഗമോഹൻ സിങ് & സ്വാതി ശർമ്മ**

എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. കുറച്ചു പേർ സുവിശേഷം ശ്രവിച്ചു. ആറു ഗ്രാമങ്ങളിൽ മുഴു രാത്രി പ്രാർത്ഥനകളും ഉപവാസ പ്രാർത്ഥനകളും സംഘടിപ്പിച്ചു.

കാലുകളിൽ മരവിപ്പു അനുഭവിക്കുന്ന ഉഷ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ നീർവീക്കമനുഭവിക്കുന്ന സോനൽ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇവിടുത്തെ ശുശ്രൂഷയാൽ അനേക വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**26** **ജൂലൈ** **ശനി**

## ജന്മദിനാശംസകൾ

കിങ്സ്ലി ജീ,
സുഹി മലർ വിനു പി

## കർണ്ണാടക

### ഷീഗ്ഗൗൺ : നരേന്ദ്ര കുമാർ

പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട മുൻസിപ്പാലിറ്റി പ്രസിഡണ്ട് മഹരുദപ്പ, ദൈവലായത്തിൽ വന്നു, വിശ്വാസികൾ ചേർന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം സൗഖ്യമാക്കി. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട എല്ലമ്മ, രാം പ്രസാദ് എന്നിവരെ കർത്താവ് വിടുവിച്ചു. ആഭിചാര ദോഷം നിമിത്തം ഉറങ്ങുവാൻ കഴിയാതെ ഭാരപ്പെടുന്ന പാർവ്വതിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രഘോഷണത്തിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. നമ്മുടെ മിഷനറി നരേന്ദ്ര കുമാറിന്റെ വിവാഹം ജൂൺ 17 നടന്നു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തടസ്സമായി നിൽക്കുന്നത് ശ്മശാന സ്ഥലത്തിന്റെ അഭാവമാണ്. അതിനാൽ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനു അവർ ആശങ്കപ്പെടുന്നു. ശ്മശാന ഭൂമി അനുവദിച്ചു നൽകുന്നതിനുള്ള അധികാരം തഹസിൽദാർക്കാണ്. അദ്ദേഹം നമുക്കനുകൂലമായ തീരുമാനം എടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്നവർക്കായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിച്ച മുഹമ്മദ് നസിർ സുവിശേഷം ശ്രവിക്കുകയും സഭാ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു. സ്വസമൂദായത്തിൽ ഉള്ളവർ അവനെ ആരാധനക്കു വിടാതെ തടഞ്ഞു.

### മലൂർ

### കിഷന്ത് ലിമ്മ & പ്രമീള സിങ്

നമ്മുടെ സഭകളിൽ മിഷൻ സണ്ടെ ആചരിക്കുവാൻ സാധിച്ചു. FMPB യുടെ ശുശ്രൂഷയെക്കുറിച്ചു സംസാരിച്ചത് വിശ്വാസികൾക്കു ഉത്തേജനമായി തീർന്നു. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷകൾ എഴുതിയ കുട്ടികൾ നല്ല മാർക്കോടെ പരീക്ഷ പാസ്സായി. അവർക്കു തുടർ പഠനത്തിനു പ്രവേശനവും ലഭിച്ചു. രണ്ടു സഭകളിൽ നടത്തിയ കുട്ടികളുടെ വേദപഠന ക്ലാസ്സുകൾ വിജയകരമായി പൂർത്തീകരിച്ചു. കീർത്തനയുടെ വിവാഹം അനേക നാളുകളിലെ പ്രാർത്ഥനക്കൊടുവിൽ നടന്നു.

നമ്മുടെ വിശ്വാസികളുടെ മക്കൾക്കു ഉന്നത പഠനത്തിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ യുവജനങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു. ഈ പൈശാചിക പരിചയത്തിൽ നിന്നും അവർക്കു മോചനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാർഗ്ഗവി, ത്രിവേണി, സിന്ദുജ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന നയൻ, ശമുവേൽ എന്നിവർക്കു ദൈവീക ജ്ഞാനം ലഭിച്ചു പഠനത്തിൽ മികവു പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക.

27 **ജൂലൈ**
**ഞായർ**

### നിദാഗുണ്ടി
**മഞ്ജെജ നയിക് & ലാൽമണി രത്ന**

വിരലുകളിൽ വ്യണം ബാധിച്ച പാർവ്വതിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വസന്തിനു വിശ്വാസിയായ ജീവിത പങ്കാളിയെ നൽകി ദൈവം അനുഗ്രഹിച്ചു. നാനപ്പയുടെ വൃണം നിമിത്തം കാലിൽ നടത്തിയ ശസ്ത്രക്രീയ വിജയകരമായിരുന്നു. ആരധിക്കു രോഗസൗഖ്യം ലഭിച്ചു. വിബിഎസിൽ 80 കുട്ടികൾ സംബന്ധിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്ന ബാസവരാജയുടെ ഹോട്ടൽ വ്യാപാരം അഭിവൃദ്ധിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കർത്താവിന്റെ വേല ചെയ്യുന്നതിനു ഗീത താൽപര്യം കാണിക്കുന്നു. ഉഷയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. കുടുംബത്തിൽ പ്രശ്നമുണ്ടാക്കുന്ന സാഗർ ആരാധന യോഗത്തിൽ കടന്നു വന്നു ദൈവസ്നേഹം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഷീരഹട്ടി
**ആശപ്രപ്ത & ദീന കുമാരി**

രണ്ടു സ്ഥലത്തു നടത്തിയ വിബിഎസ് ധാരാളം കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഭിന്ന ശേഷിക്കാരായ അന്നപൂർണ്ണ കൂട്ടുകാരുടെ പരിഹാസവും നിന്ദയും കാരണം കോളജിൽ പോകുന്നത് നിർത്തി. ആലോചനകൾ നൽകി ബലപ്പെടുത്തിയതിനെ തുടർന്നു അവൾ കോളജിൽ പോയി പഠനം തുടരുന്നു. ഏതാനും ചിലർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു വർഷത്തെ വിവാഹ ജീവിതത്തിൽ നീലമ്മ ആദ്യമായി ഒരു കുഞ്ഞിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. മജ്ജുളയുടെ വിവാഹം തടസ്സങ്ങളില്ലാതെ നടത്തി. സാമ്പത്തിക ഞെരുക്കത്തിലൂടെ പോകുന്ന എല്ലമ്മ മകളുടെ പഠനം സംബന്ധിച്ചു ആകുലപ്പെട്ടു. ദൈവത്തിന്റെ കൃപയാൽ അവളുടെ മകളുടെ പഠനത്തിനു സ്പോൺസർഷിപ്പ് ലഭിച്ചു.

വൃക്ക സംബന്ധമായ രോഗത്താൽ ഗുരുതരാവസ്ഥയിലായ മൊൻജുവിന്റെ ജീവൻ രക്ഷിക്കുവാൻ കരൾ മാറ്റി വെക്കണം. ഈ ദുഷ്കര സാഹചര്യത്തിൽ ദൈവം ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക. മൈഗ്രെയിൻ തലവേദനയാൽ കഷ്ടപ്പെടുന്ന സാവത്രിക്കു നൽകിയ ചികിത്സകൾ ഒന്നും പ്രയോജനപ്പെട്ടില്ല. ഒടുവിൽ പ്രാർത്ഥനയിൽ അഭയം പ്രാപച്ചു. ദൈവം അവൾക്കു പരിപൂർണ്ണ സൗഖ്യം നൽകി. മദ്യത്തിന്റെയും ദുഷിച്ച പരിചയങ്ങളുടെയും അടിമയായ സുരേഷിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതനായ വെങ്കിടേഷ് യേശുവിൽ വിശ്വസിക്കുന്നു. അവൻ ബിസിനസ്സിൽ നഷ്ടം നേരിടുന്നു. അവന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ലക്ഷ്മിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആരാധനയിൽ സംബന്ധിക്കുന്ന ശോഭ എതിർപ്പ് നേരിടുന്നു. അവൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 28 ജൂലൈ
**തിങ്കൾ**

### ജന്മദിനാശംസകൾ

ജേക്കബ് പ്രദീപ്കുമാർ,
പോൾ ആൽബർട്ട്, ഏബ്രഹാം ഡി,
ഗോമ ഗോവിന്ദരാജ്

### ഖാനാപൂർ

**വിനയരാജ് എം & ശാന്ത**

പ്രസവം പ്രയാസകരമാണെന്നു തിരിച്ചറിഞ്ഞു ആശുപത്രിയൽ പ്രവേശിപ്പിച്ച യശോദ പ്രാർത്ഥനയെ തുടർന്നു ഡോക്ടറന്മാർക്കു ആശ്ചര്യ കരമാംവിധം ഒരു പൈതലിനു ജന്മം നൽകി. ലക്ഷ്മിയുടെ വിവാഹ ശുശ്രൂഷയെ കർത്താവ് ആശീർവദിച്ചു അവളുടെ ആവശ്യങ്ങളെല്ലാം ദൈവം നൽകി. 80 കുട്ടികൾ വിബിഎസിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നമ്മുടെ മിഷനറി കുടുംബമായ തങ്ക ലാലിനും നേമശവാഹിനും ഒരു പെൺ പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മൂലക്കൂരു രോഗം കാൻസറാണെന്നു കണ്ടെത്തി ശസ്ത്രക്രീയ ക്രമീകരിച്ച രുദ്രപ്പയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭർത്താവിൽ നിന്നും ഭർത്താവിന്റെ സഹോദരങ്ങളിൽ നിന്നും ഉപദ്രവം സഹിക്കുന്ന സൗന്ദര്യ പ്രാർത്ഥനക്കും ആലോചനക്കുമായി ദൈവാലയത്തിലേക്കു കടന്നു വന്നു. ദൈവം അവളെ ശക്തീകരിക്കേണ്ടതിനും സാഹചര്യങ്ങൾക്കു മാറ്റം വരുത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. കഠിനമായ പ്രമേഹ രോഗത്തിൽ നിന്നും ബാസപ്പ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഞ്ചായത്തിൽ നിന്നു ദൈവാലയം പണിയുന്നതിനു അനുവാദം ലഭിച്ച നൻഗാദിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്ര പ്രദേശ്

### കലക്കാദ

**റൗട്ട് സുഭാഷ്ഭായ് & തുമ്പാദ രാസിലബൻ**

മൂന്നു ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ വിബിഎസ് നടത്തി. 83 കുട്ടികൾ വിബിഎസിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. കോതപ്പള്ളി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പുരോഗമിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും വെങ്കിട്ട ലക്ഷ്മി വിടുതൽ പ്രാപിച്ചു. മിഷനറിമാരുടെയും സുവിശേഷകരുടെയും ആരോഗ്യത്തിനും സുരക്ഷിതത്വത്തിനുമായി പ്രാർത്ഥിക്കുക.

കോതപ്പള്ളി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ധനരാജ്, ലക്ഷ്മണൻ, പൗർണ്ണമി രാത്രിയിൽ മാത്രം ശരീര വേദനയാൽ കഷ്ടപ്പെടുന്ന അമാജി, അപസ്മാര രോഗിയായ ലക്ഷ്മണൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശർമ്മിള, പ്രവീൺ, രാജേഷ് എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന എല്ലമ്മക്കു കാൻസർ രോഗമുണ്ടെന്നു കണ്ടെത്തി. അവളുടെ സൗഖ്യത്തിനും മുഴുകുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**29** **ജൂലൈ**
**ചൊവ്വ**

## ജന്മദിനാശംസകൾ

സുശീല മാരാക്

**രോദ്ദാം**

**ദബരത്ത ലിമ & സോണിയ റാണി**

തിമപുരം, ആർ മാരുവപള്ളി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. തടങ്കിപള്ളി, ഗോവരാജപള്ളി എന്നീ ഗ്രാമങ്ങളിൽ രാത്രിയോഗങ്ങളിലൂടെ സുവിശേഷം പ്രഘോഷിച്ചു. നാലു സ്ഥലത്തു നടത്തിയ വിബിഎസിൽ 147 പേർ പങ്കെടുത്തു. രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സുബൈറൈഡു കുടുംബം ടൈഫോയ്ഡിൽ നിന്നും മാലമ്മ ത്വക്കു രോഗത്തിൽ നിന്നും നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു. ദൈവാലയം നിർമ്മിക്കുന്നതിനു ഗോവിന്ദപ്പ തന്റെ വസ്തു സൗജന്യമായി നൽകി.

പ്രസവത്തോടു അടുക്കുന്ന ദീപിക വളരെ ക്ഷീണിതയാണ്. ദൈവം അവളെ തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോയ്ഡിൽ നിന്നും ഹരികയും ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ ഇതര രോഗങ്ങളിൽ നിന്നും മേരി ഗ്രേസിയും കാലിലുണ്ടായ പൊട്ടലിൽ നിന്നു ഡേവിഡും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസിൽ പങ്കെടുത്ത കുട്ടികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ വയലുകളിൽ സമൃദ്ധമായി വിളവെടുപ്പ് നൽകിയനുഗ്രഹിച്ചു. നരസിമപ്പ, സജ്ജീവമ്മ, എലിസബത്തമ്മ എന്നീവരുടെ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സ്വദേശ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**സാദം : അനിൽ മഹാലി & ഡിഗുമാർത്തി പ്രശാന്തി**

അനേക ഗ്രാമങ്ങളിൽ അനുധാവന പ്രാർത്ഥന നടത്തി. സഭമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, മുഴു രാത്രി പ്രാർത്ഥന എന്നിവ നടത്തി. അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ജോഗിവാരിപള്ളി ഗ്രാമത്തിൽ വിശ്വാസികൾക്കായി നടത്തിയ പരിശീലന പ്രോഗ്രാം അനുഗ്രഹകരമായിരുന്നു. ഡാമലച്ചെരിവ് ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ദിനംതോറും എല്ലാ വിശ്വാസികളുമായി ചേർന്നു ഒരു മണിക്കൂർ മൊബൈൽ ഫോണിലൂടെ പ്രാർത്ഥിക്കുന്നു. നമ്മുടെ വിശ്വാസിയായ പ്രസാദ് നല്ല മാർക്കോടെ പത്താം ക്ലാസ്സ് പരീക്ഷ പാസ്സായി.

വിവാഹം കഴിഞ്ഞ് പത്തുവർഷമായിട്ടും മക്കൾ ജനിക്കാതിരുന്ന സ്വരൂപ റാണി, ലക്ഷ്മി എന്നിവർക്കു അത്ഭുതകരമാം വിധം മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. പിന്മാറ്റ ജീവിതം നയിക്കുന്നവർ അനുതപിച്ചു വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. MBA ബിരുദധാരിയായ ഹേമന്തരാജിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നരസിംഹ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. 18 വ്യക്തികൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. എന്നാൽ സാമൂഹ്യ ഭീതി നിമിത്തം അവർ വിശ്വാസ പ്രഖ്യാപനം നടത്തുന്നതിനു ഭയപ്പെടുന്നു.

30

**ജൂലൈ**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

കെരുബേൻ പോൾ ക്രിസ്റ്റ്യൻ,
ഭാരതി മൂർത്തി,
വിക്ടർ പോൾരാജ് വി

### കൊത്തചെരുവ്

**ദേശായ് ദിലീപ്ഭായ് & രാണ്ഡെ ലക്ഷ്മിബെൻ**

കോദപഗനിപള്ളി, പൊതുലഗുന്ത, നല്ലഗുട്ടപള്ളി ഉൾപ്പടെ അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അനേകർ സുവിശേഷം ശ്രവിച്ചു. സൈനഗറിൽ നടത്തിയ വിബിഎസിൽ 15 കുട്ടികൾ സംബന്ധിച്ചു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, ചൊവ്വാഴ്ച രാത്രി യോഗം എന്നിവ ക്രമീകൃതമാം വിധം നടത്തുന്നു.. കന്നുമുക്കാല, ഒബുദവേരപള്ളി, അപ്പാലോള്ള എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. രക്തത്തിന്റെ അളവ് കുറവാണെങ്കിലും പല്ലവിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. രാജുവിന്റെ അടിവയറ്റിലെ ശസ്ത്രക്രീയ വിജയകരമായിരുന്നു.

കീസമ്മയുടെ വസ്തു അന്യായമായി കൈക്കാലാക്കിയവർ അതു തിരികെ നൽകേണ്ടതിനായും അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. കാലു വേദനയുടെ മദ്ധ്യത്തിലും കഠിനാദ്ധ്വാനം ചെയ്തിട്ടും നവോമിക്കു കന്റെ ഉപജീവനത്തിനുള്ള പണം കണ്ടെത്തുവാൻ കഴിയുന്നില്ല. വിശ്വാസിയായ ലക്ഷ്മി അനേക വ്യക്തികളെ ക്രിസ്തുവിങ്കലേക്കു വഴി നടത്തുന്നു. പല ഗ്രാമങ്ങളിലും നിലനിൽക്കുന്ന എതിർപ്പുകൾ ജനങ്ങൾ വിശ്വാസത്തിലേക്കു കടന്നു വരുന്നതിനു തടസ്സമാകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### ഡെങ്കണികൊട്ടൈ

**ജപരാജ് എസ് (റിട്ട) & എസ്ഥേർ തങ്കം**

അന്തെവാനപ്പള്ളി ഗ്രാമത്തിലെ ശുശ്രൂഷക്കു ശേഷം ഭവനത്തിലേക്കു മടങ്ങിവരുന്ന വേളയിൽ മിഷനറി കാട്ടാനയുടെ ആക്രമണത്തിനു ഇരയായി. ദൈവം അത്ഭുതകരമായി പരിപാലിച്ചു. മൂന്നു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മരാക്കാത്ത ഗ്രാമത്തിൽ വേദപഠന ക്ലാസ്സ് ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു സ്ഥലത്തു സംഘടിപ്പിച്ച വിബിഎസിൽ പങ്കെടുത്ത 80 കുട്ടികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

പിതാവിനു ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഉണ്ടായിരുന്ന ജോലി അദ്ദേഹത്തിന്റെ മകനും നമ്മുടെ വിശ്വാസിയുമായ വേലു ജോണിനു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷിനും മൂർത്തിക്കും അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസ പ്രഖ്യാനപനത്തിനു തയ്യാറെടുക്കുന്ന അഞ്ചു പേർ ധൈര്യത്തോടെ വിശ്വാസം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. പ്രകാശിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസ്കർ നാദിയ, മെർവിൻ എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 31 ജൂലൈ
### വ്യാഴം

### ജന്മദിനാശംസകൾ

ദാനിയേൽ ഡേവിഡ് ആർ

**വേട്ടവാളം**

**ബ്രൈറ്റ് ജയകുമാർ & ബ്യൂല അന്ന**

ദൈവാലയത്തിന്റെ പ്രതിഷ്ഠ നടത്തി 18 വർഷത്തിനു ശേഷമാണ് പെരിയ ഓലൈപാടി ഗ്രാമത്തിൽ വിബിഎസ് നടത്തുന്നത്. 55 കുട്ടികൾ വിബിഎസിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഒരു വിശ്വാസി പോലുമില്ലാത്ത കലയെ സൊറത്തൂർ ഗ്രാമത്തിൽ വിബിഎസ് നടത്തിയപ്പോൾ 40 കുട്ടികൾ സംബന്ധിച്ചു. 200 ലഘുലേഖകൾ വിതരണം ചെയ്തു അതു സ്വീകരിച്ചവർ ജീവനുള്ള ദൈവത്തെ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. അന്നുക്കുമാലൈ, പുന്നൈയൂർ, ചിന്ന ഒലൈപാദി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അവിടങ്ങളിൽ പുതിയ സ്നേഹിതരെ ലഭിച്ചു.

മോട്ടർ സൈക്കിൾ മെക്കാനിക്കായ തങ്കപാണ്ഡ്യൻ മദ്യപാനിയായി ജീവിതത്തെ നശിപ്പിക്കുന്നു. അദ്ദേഹം മാനസാന്തരപ്പെട്ടു ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. കലൈയ സൊറത്തുർ ഗ്രാമത്തിലെ നാലു സഹോദരിമാരുള്ള കുടുംബത്തിലെ മനോ സാമ്പത്തികമായി കഷ്ടപ്പെടുന്നു. അവൾക്കു തുടർന്നു പഠിക്കുന്നതിനുള്ള സാമ്പത്തീകം ഇല്ല. മെഡിക്കൽ പഠനം നടത്തണമെന്നുള്ള അവളുടെ സ്വപ്നം സാക്ഷാത്കരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളോടു കൂടെ വിബിഎസിൽ പങ്കെടുത്ത ചരണിയ വിശ്വാസത്തിൽ വളരേണ്ടതിനും അവളുടെ ഭർത്താവ് യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സജീവ സേവനത്തിൽ നിന്നു വിരമിച്ച പട്ടാളക്കാരൻ സാഗരെ ഒരപകടത്തിൽ പെട്ടു. ചികിത്സയിലായിരിക്കുന്ന അദ്ദേഹത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ചു ബന്ധുമിത്രാദികളെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ചെങ്കം**

**യോശുവ കെ എസ്**

നമ്മുടെ സ്വദേശ സുവിശേഷകൻ വിൻസന്റ് സമ്പത്ത്കുമാർ അനുശോചന യോഗം ഭംഗിയായി നടത്തി. അനുശോചന യോഗത്തിൽ സുവിശേഷം പങ്കുവെച്ചു. പരേതനായ അബിദാവിന്റെ ബന്ധുക്കൾ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. കുപ്പനാന്തം, കരിയമംഗളം, പി എസ് താന്ദ, സാത്തനൂർ എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ആത്മീകമായി ഉത്സാഹമുള്ളവരായി വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

ഗോമതി, മാനിയ, ഗണേഷ്, വെങ്കിടേഷ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സീനു, ദേവരായൻ, ദമയന്തി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സെൽവൻ, മുരുകൻ എന്നീവരുടെ കുടുംബം ദാരിദ്ര്യത്തിൽ നിന്നും മുക്തരാകുന്നതിനു ഒരു വഴി കർത്താവ് തുറന്നു കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി ഇടപെടണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചലക്കു അവളുടെ വസ്തുവിന്റെ പ്രമാണങ്ങൾ സർക്കാരിൽ നിന്നു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കു പറ്റി പ്രയാസപ്പെടുന്ന വെണ്ണിലയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................ Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION : Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha............. Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:....... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**404**
**മിഷനറി ആൽബം**



# ശ്രീ. ഡെൻസിങ് & ശ്രീമതി. ജാസ്മിൻ കവിത കുടുംബം

തമിഴ്നാട്ടിലുള്ള തുത്തുക്കുടി ജില്ലയിലെ ഒരു കൊച്ചു ഗ്രാമമായ വെള്ളാളൻവിളൈയിൽ 1979 ഏപ്രിൽ ആറിന് ഡെൻസിങ് ജനിച്ചു. ദൈവഭക്തിയുള്ള മാതാപിതാക്കളായ ശ്രീ. രത്നരാജ്, ശ്രീമതി ഗ്രേസി എന്നിവർ അവനെ ദിനം തോറും പ്രാർത്ഥിക്കുന്ന ക്രിസ്തീയ അച്ചടക്കമുള്ളവനായി വളർത്തി. ബാല്യ പ്രായത്തിൽ തന്നെ ക്രിസ്തുവിനായി രക്തസാക്ഷികളായി തീർന്ന മിഷനറിമാരുടെ കഥകൾ അവനിൽ ആഴമായ സ്വാധീനം ചെലുത്തിയിരുന്നു. അവൻ അടിക്കടി പറയുമായിരുന്നു "ഒരുനാൾ ഞാനും കർത്താവിന്റെ രക്തസാക്ഷിയായി തീരും." എന്നിരുന്നാലും അവന്റെ മാതാവ് ബുദ്ധിപൂർവ്വം ഉപദേശം നൽകി, "ആദ്യം നീ രക്ഷയുടെ അനുഭവം പ്രാപിക്കണം. അപ്പോൾ മാത്രമേ നിനക്കു ക്രിസ്തുവിനായി രക്തസാക്ഷിയായി തീരുവാൻ കഴികയുള്ളു." ആ സമയം അവൻ രക്ഷിക്കപ്പെട്ടിരുന്നില്ല. അവൻ വളർന്നപ്പോൾ ദൈവത്തിങ്കൽ നിന്നു അകന്നു ലോക മോഹങ്ങളിൽ വീണ് പാപത്തിനു അടിമയായി തീർന്നു. ഇങ്ങനെയിരിക്കെ ഒരുനാൾ അവൻ ആഴമായ നിരാശയിൽ ദൈവസന്നിധിയിൽ കരഞ്ഞു. ആ നിമിഷത്തിൽ മത്തായി11:28 "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" ഈ വചനത്തിലൂടെ കർത്താവ് അവനോടു ശക്തമായി സംസാരിച്ചു. അപ്പോൾ തന്നെ കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ അവൻ പാപമോചനം പ്രാപിച്ചു. ദൈവവിളിയോടു അനുസരണമായി അവൻ കർത്താവിന്റെ വേല ചെയ്യുവാൻ തന്നെത്തന്നെ സമർപ്പിച്ചു. അവൻ രണ്ടു വർഷം കർണ്ണാടകയിലെ മിഷൻ വയലുകളിലൂടെ സഞ്ചരിച്ചു. അവിടെ അവൻ കർത്താവിന്റെ പരിവർത്തന ശക്തിക്കു സാക്ഷ്യം വഹിച്ചു. അതിനെ തുടർന്നു ദൈവവേലയുടെ തയ്യാറെടുപ്പിനായി അവൻ മൂന്നു വർഷം ദൈവശാസ്ത്ര പഠനത്തിനായി ബൈബിൾ കോളജിൽ ചേർന്നു. 2010 ൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിൽ (FMPB) ചേർന്നു.

ജഡ്ജിയായ ശ്രീ. മാരിയപ്പൻ ദേവ ആശീർവാദത്തിന്റെയും പ്രൊഫസറായ ശ്രീമതി ജയ തമിഴരസിയുടെയും മകളായി 1982 സെപ്റ്റംബർ 23 ന് ജാസ്മിൻ കവിത റാണി ജനിച്ചു. സംസാര വൈകല്യം കാരണം അവൾ പഠനത്തിൽ ഏറെ ബുദ്ധിമുട്ടി. സ്കൂൾ പഠനം ഉപേക്ഷിക്കുവാൻ അവളെ ഉപദേശിച്ചപ്പോൾ, താൻ കഴിവില്ലാത്തവൾ എന്നു തോന്നിയ അവൾ എട്ടാം ക്ലാസ്സിൽ പഠിക്കവെ ആത്മഹത്യക്കു ശ്രമിച്ചു. ആ സമയത്തു അവൾ ഒരു ശബ്ദം ശ്രവിച്ചു. "മകളെ ഞാൻ നിന്നെ സ്നേഹിക്കുന്നു, നീ വേദപുസ്തകം വായിക്കുക". നരകത്തെകുറിച്ചുള്ള ഒരു ദർശനം അവളുടെ വിശ്വാസത്തെ വർദ്ധിപ്പിച്ചു. യേശുവിനായി തന്റെ ജീവിതം സമർപ്പിച്ചു. ദൈവം അവളുടെ ജീവിതത്തെ സ്പോർട്സിലൂടെ മാറ്റിമറിച്ചു. അവൾ അത്ലറ്റിക്സിൽ മികവ് പുലർത്തി. ദേശീയ ഹോക്കി ടീമിലെ അംഗമായി. തമിഴ്നാട് സംസ്ഥാന ടീമിന്റെ ക്യാപ്റ്റൻ വരെയായി. തുടർന്നു അവൾ ദൈവ വിളിയോടു അനുസരണമുള്ളവളായി 2007 ൽ FMPB യിൽ ചേർന്നു അസമിലെ മിസിംങ് ജനവിഭാഗത്തിന്റെ ഇടയിൽ മിഷനറിയായി പ്രവർത്തിച്ചു.

2010 മെയ് 15 ലെ ഇവരുടെ വിവാഹ ശേഷം ഡെൻസിങ് ഝാൻസിയിൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു. തുടർന്നു ദൈവം അവരെ അസമിലെ മജുലി ദ്വീപിലേക്കു പുർണ്ണ സമയ മിഷനറിമാരായി അയച്ചു. ആറു വർഷക്കാലം അവർക്കു മക്കൾ ജനിച്ചില്ല. എന്നാൽ ദൈവം അവർക്കു ധാരാളം ആത്മീയ മക്കളെ നൽകി അനുഗ്രഹിച്ചു. പിന്നീട് ദൈവം അവർക്കു രണ്ടു പെൺമക്കളെ നൽകി അനുഗ്രഹിച്ചു. ലിസ മറില്ലിൻ 2015 ജൂലൈ ഏഴിനു ജനിച്ചു. ലീയ പ്രെയ്സ്ലിൻ 2017 ഒക്ടോബർ 12 നു ജനിച്ചു. അവരുടെ വിശ്വാസത്തിന്റെ ശോധനയായി ലിസക്കു രക്താർബുധം ബാധിച്ചു. പ്രാർത്ഥനയാലും ചികിത്സയാലും ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി. ഇന്ന് അവൾ ആരോഗ്യവതിയായി കർത്താവിന്റെ വിശ്വസ്തതയുടെയും പ്രാർത്ഥനയുടെ വല്ലഭത്വത്തിന്റെയും സാക്ഷിയായി ജീവിക്കുന്നു. ഈ കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക!

# Tender Notifications - Calendar 2026

**FRIENDS MISSIONARY PRAYER BAND** invites sealed tender for printing of two lakhs calendars approximately (Subject to revision) in various languages for the year 2026.

**Calendar Specifications**

| | | |
|---|---|---|
| **A.** | Size of calendar | 15" X 20" |
| **B.** | Paper Quality | 130 gsm real foreign art paper |
| **C.** | Colour | Four Colours with white background |
| **D.** | No of pages | 7 sheets Front and back |
| **E.** | Tin Mounting | 5 mm |

**Conditions:**

1. The printer should have minimum 10 years' experience in calendar colour printing of not less than 2 lakhs per year and possesing CPC MACHINE.
2. Time Frame: Printer should ensure the completion of work within 30 days from the date of awarding of the work order.
3. Packing should be made in 10 numbers of calendar in each bundle.
4. Earnest Money Deposit: Rs.1,00,000/-

**Tender Programme**

Supply of Tender document upto 29.07.2025 upto 5pm
Date of submission upto 04.08.2025, upto 5pm
Date of opening on 05.08.2025, 11am

Tender documents (free of cost) can be obtained in person or by post from the Secretary Communication, FMPB, 29, High School Road, Ambattur, Chennai - 53. After submitting documents proof for having 10 years of experience in calendar (colour) printing.

# Quotation for Diary

We invite quotation for supplying 3000 diaries (Revision in the number of copies, if any) for the year 2026.

| | |
|---|---|
| Size of the diary | 9 x 7 inches |
| Pages of the diary | 440 pages |

Please send your samples along with quotations in sealed envelope on or before 04.08.2025 to the Calendar Committee, FMPB, 29, High School Road, Ambattur, Chennai - 600053. Phone: 044-26570404

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***